# കർത്താവിന്റെ പീഡാനുഭവത്തിന്റെ കുരുത്തോല ഞായറാഴ്ച

1. ക്രിസ്തുനാഥൻ പെസഹാരഹസ്യം പൂർത്തീകരിക്കാൻ ജറുസലേമിൽ സാഘോഷം പ്രവേശിച്ച സംഭവമാണ് ഈ ദിനം തിരുസഭ അനുസ്മരിക്കുന്നത്. അതിനാൽ, കർത്താവിന്റെ ജറുസലെം പ്രവേശനത്തിന്റെ സ്മരണ, പ്രദക്ഷിണത്തോടെയോ പ്രധാന ദിവ്യബലിക്കുമുമ്പ് സാഘോഷപ്രവേശനത്തോടെയോ മറ്റുള്ള ദിവ്യബലിക്കുമുമ്പ് ലഘുപ്രവേശനത്തോടെയോ നടത്തുന്നു. പ്രദക്ഷിണമില്ലാത്തപക്ഷം, ധാരാളംപേർ പങ്കെടുക്കുന്ന മറ്റു ദിവ്യബലികൾക്കുമുമ്പ് സാഘോഷപ്രവേശനം ആവർത്തിക്കാവുന്നതാണ്.

പ്രദക്ഷിണമോ സാഘോഷപ്രവേശനമോ നടത്താത്തപ്പോൾ ഈ ഞായറാഴ്ചയിലെ ഏതെങ്കിലും സൗകര്യമുള്ള സമയത്തോ ശനിയാഴ്ച വൈകുന്നേരമോ കർത്താവിന്റെ ജറുസലേം പ്രവേശനത്തെക്കുറിച്ചുള്ള ദൈവവചനപ്രഘോഷണകർമം നടത്തുന്നത് അഭിലഷണീയമായിരിക്കും.

## കർത്താവിന്റെ ജറുസലേംപ്രവേശനസ്മരണ

### പ്രഥമരൂപം : പ്രദക്ഷിണം

2. അനുയുക്തമായ സമയത്ത് കുരിശുപള്ളിയിലോ ദേവാലയത്തിനു പുറത്തുള്ള വേറെ ഏതെങ്കിലും സൗകര്യപ്രദമായ സ്ഥലത്തോ വിശ്വാസികൾ ഒരുമിച്ചുകൂടുന്നു. ദേവാലയത്തിലേക്കുള്ള പ്രദക്ഷിണം ഇവിടെനിന്നാണ് പുറപ്പെടുന്നത്. വിശ്വാസികൾ അവരുടെ കൈകളിൽ കുരുത്തോല പിടിച്ചിരിക്കുന്നു.

3. പുരോഹിതനും ഡീക്കനും ദിവ്യബലിക്കുള്ളതുപോലെ ചെമപ്പുനിറത്തിലുള്ള തിരുവസ്ത്രങ്ങളണിഞ്ഞ് മറ്റു ശുശ്രൂഷകരോടുകൂടെ വിശ്വാസികൾ സമ്മേളിച്ചിരിക്കുന്ന സ്ഥലത്തുവരുന്നു. പുരോഹിതന് പൂജാവസ്ത്രത്തിനു പകരം മേലങ്കി ധരിക്കാവുന്നതാണ്. പ്രദക്ഷിണത്തിനുശേഷം അതു മാറ്റുന്നു.

4. ഈ സമയത്ത്  താഴെ കൊടുത്തിരിക്കുന്ന പ്രഭണിതമോ ഉചിതമായ മറ്റു ഗാനമോ ആലപിക്കുന്നു.

**പ്രഭണിതം** **മത്താ 21:9**

ഹോസാന, ഹോസാന
ദാവീദിൻ സുതനോസാന

കർത്താവിൻ തിരുനാമമതിൽ
വരുവോൻ അതീവധന്യനുമാം
ഇസ്രായേലിൻ നൃപനെന്നും
ഉന്നതവിണ്ണിൽ ഹോസാന (ഹോസാന)

5. അനന്തരം, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്ന് പുരോഹിതൻ പറഞ്ഞുകൊണ്ട് അദ്ദേഹവും വിശ്വാസികളും കുരിശടയാളം വരയ്ക്കുന്നു. അതിനുശേഷം, അദ്ദേഹം വിശ്വാസികളെ സാധാരണരീതിയിൽ അഭിവാദനം ചെയ്യുന്നു. തുടർന്ന് പുരോഹിതൻ വിശ്വാസികൾ സജീവമായും ബോധപൂർവകമായും തിരുകർമങ്ങളിൽ പങ്കെടുക്കാൻ ഈ വാക്കുകളാലോ തത്തുല്യമായ വാക്കുകളാലോ അവരെ ക്ഷണിച്ചുകൊണ്ട് ഹ്രസ്വമായ ആമുഖം പറയുന്നു.

പ്രിയസഹോദരരേ, തപസ്സുകാലാരംഭം മുതലുള്ള ദിവസങ്ങൾ തൊട്ട് തപശ്ചര്യയും പരസ്നേഹപ്രവൃത്തികളും വഴി, നമ്മൾ നമ്മുടെഹൃദയങ്ങളെ ഒരുക്കുകയായിരുന്നല്ലോ. ഇന്നാകട്ടെ, സാർവത്രികസഭയോടുചേർന്ന് നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യത്തിന് - അതായത്, അവിടത്തെ പീഡാസഹനവും ഉത്ഥാനവും - തുടക്കം കുറിക്കാനാണ് നാമിവിടെ ഒരുമിച്ചുകൂടിയിരിക്കുന്നത്. ഈ രഹസ്യം പൂർത്തീകരിക്കാനാണ് അവിടന്ന് തന്റെ നഗരമായ ജറുസലേമിലേക്കു പ്രവേശിച്ചത്. അതിനാൽ, തികഞ്ഞ വിശ്വാസത്തോടും ഭക്തിയോടുംകൂടെ അവിടത്തെ രക്ഷാകരമായ പ്രവേശനം അനുസ്മരിച്ച് കർത്താവിനെ അനുഗമിക്കാം. അങ്ങനെ, അവിടത്തെ കൃപവഴി കുരിശിൽ പങ്കുചേർന്ന് നമ്മളും അവിടത്തെ ഉത്ഥാനത്തിലും ജീവനിലും ഭാഗഭാക്കുകളാകാൻ ഇടയാകട്ടെ.

6. ഉദ്ബോധനത്തിനുശേഷം പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് താഴെകൊടുത്തിട്ടുള്ള ഏതെങ്കിലുമൊരു പ്രാർഥന ചൊല്ലുന്നു.

നമുക്കു പ്രാർഥിക്കാം

സർവശക്തനും നിത്യനുമായ ദൈവമേ, ഈ കുരുത്തോലകൾ അങ്ങേ അനുഗ്രഹത്താൽ ✠ വിശുദ്ധീകരിക്കണമേ. അങ്ങനെ, ആഹ്ലാദഭരിതരായി ക്രിസ്തുരാജനെ അനുഗമിക്കുന്ന ഞങ്ങൾ അവിടന്നുവഴി നിത്യജറുസലേമിൽ എത്തിച്ചേരാൻ ശക്തരാകട്ടെ. എന്നെന്നും...

R ആമേൻ.

**അഥവാ**

ദൈവമേ, അങ്ങിൽ പ്രത്യാശയർപ്പിക്കുന്നവരുടെ വിശ്വാസം വർധിപ്പിക്കുകയും കേണപേക്ഷിക്കുന്നവരുടെ പ്രാർഥനകൾ കനിവോടെ ശ്രവിക്കുകയും ചെയ്യണമേ. അങ്ങനെ, മഹത്ത്വപൂർണ്ണമായി വിജയംവരിച്ച ക്രിസ്തുനാഥന് ഇന്ന് കുരുത്തോലകൾ ഉയർത്തിപ്പിടിക്കുന്ന ഞങ്ങൾ, അവിടന്നിൽ സത്പ്രവൃത്തികളുടെ ഫലങ്ങൾ അങ്ങേക്കുവേണ്ടി പുറപ്പെടുവിക്കട്ടെ. എന്നെന്നും...

R ആമേൻ.

അദ്ദേഹം മൗനമായി കുരുത്തോലകളിൽ തീർഥം തളിക്കുന്നു.

7. അനന്തരം ഡീക്കനോ അദ്ദേഹത്തിന്റെ അഭാവത്തിൽ പുരോഹിതനോ ദിവ്യബലിയിലെ സാധാരണരീതിയിലെ കർത്താവിന്റെ ജറുസലേം പ്രവേശനത്തെക്കുറിച്ചുള്ള നാലു സുവിശേഷങ്ങളിലൊന്ന് പ്രഘോഷിക്കുന്നു. ഉചിതമെങ്കിൽ ധൂപം ഉപയോഗിക്കാവുന്നതാണ്.

*"കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ!"*

വർഷം എ:

✠ **മത്തായിയുടെ വിശുദ്ധ സുവിശേഷത്തിൽ നിന്നുള്ള വായന (21:1–11)**

അക്കാലത്ത്, യേശുവും ശിഷ്യന്മാരും ജെറുസലേമിനെ സമീപിക്കവേ, ഒലിവ് മലയ്ക്കരികേയുള്ള ബഥ്ഫാഗെയിലെത്തി. അപ്പോൾ യേശു തന്റെ രണ്ടു ശിഷ്യന്മാരെ ഇപ്രകാരം നിർദേശിച്ചയച്ചു: എതിരേ കാണുന്ന ഗ്രാമത്തിലേക്കു പോകുവിൻ. അവിടെ ഒരു കഴുതയെയും അടുത്ത് അതിന്റെ കുട്ടിയെയും കെട്ടിയിരിക്കുന്നത് ഉടനേ നിങ്ങൾ കാണും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരുക. ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും ചോദിച്ചാൽ, കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ടെന്നു പറയുക; അവൻ ഉടൻതന്നെ അവയെ വിട്ടുതരും. പ്രവാചകൻവഴി പറയപ്പെട്ട വചനം പൂർത്തിയാക്കാനാണ് ഇതുസംഭവിച്ചത്. സിയോൻപുത്രിയോടു പറയുക: ഇതാ, നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിന്റെ അടുത്തേക്കു വരുന്നു. ശിഷ്യന്മാർ പോയി യേശു കല്പിച്ചതുപോലെ ചെയ്തു. അവർ കഴുതയെയും കഴുതക്കുട്ടിയെയും കൊണ്ടുവന്ന് അവയുടെമേൽ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറി ഇരുന്നു. ജനക്കൂട്ടത്തിൽ വളരെപ്പേർ വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു, മറ്റുചിലരാകട്ടെ, വൃക്ഷങ്ങളിൽനിന്ന് ചില്ലകൾ മുറിച്ച് വഴിയിൽ നിരത്തി. യേശുവിന് മുമ്പിലും പിമ്പിലും നടന്നിരുന്ന ജനങ്ങൾ ആർത്തുവിളിച്ചു: ദാവീദിന്റെ പുത്രന് ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! ഉന്നതങ്ങളിൽ ഹോസാന! അവൻ ജറുസലേമിൽ പ്രവേശിച്ചപ്പോൾ നഗരംമുഴുവൻ ഇളകിവശായി, ആരാണിവൻ എന്നു ചോദിച്ചു. ജനക്കൂട്ടം പറഞ്ഞു: ഇവൻ ഗലീലിയിലെ നസ്രത്തിൽനിന്നുള്ള പ്രവാചകനായ യേശുവാണ്.

കർത്താവിന്റെ വചനം

വർഷം ബി:

**✠ മർക്കോസിന്റെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (11:1–10)**

അക്കാലത്ത് യേശുവും തന്റെ ശിഷ്യന്മാരും ജറുസലേമിനെ സമീപിക്കുകയായിരുന്നു. ഒലിവുമലയ്ക്ക് സമീപമുള്ള ബേത്ഫഗെ, ബഥാനിയാ എന്നീ സ്ഥലങ്ങൾക്കടുത്തെത്തിയപ്പോൾ അവൻ രണ്ടു ശിഷ്യന്മാരെ അയച്ചുകൊണ്ട് പറഞ്ഞു: എതിരേ കാണുന്ന ഗ്രാമത്തിലേക്കു ചെല്ലുവിൻ, അതിൽ പ്രവേശിക്കുമ്പോൾത്തന്നെ, ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുതകുട്ടിയെ കെട്ടിയിരിക്കുന്നതു കാണാം. അതിനെ അഴിച്ചുകൊണ്ടുവരുവിൻ. നിങ്ങളെന്തിനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് ആരെങ്കിലും ചോദിച്ചാൽ കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്; ഉടനെ തിരിച്ചയയ്ക്കുന്നതാണ് എന്ന് പറയുക. അവർ പോയി തെരുവിൽ ഒരു പടിവാതിക്കൽ ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കണ്ടു. അവർ അതിനെ അഴിക്കുമ്പോൾ അവിടെ നിന്നിരുന്നവർ അവരോടു ചോദിച്ചു: നിങ്ങളെന്തിനാണ് കഴുതക്കുട്ടിയെ അഴിക്കുന്നത്? യേശു പറഞ്ഞതുപോലെ ശിഷ്യന്മാർ മറുപടി പറഞ്ഞു. അതിനെ കൊണ്ടുപോകാൻ അവർ അനുവദിച്ചു. അവർ കഴുതക്കുട്ടിയെ യേശുവിന്റെ അടുത്തുകൊണ്ടുവന്ന്, അതിന്റെ പുറത്ത് തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറിയിരുന്നു. വളരെപ്പേർ തെരുവീഥിയിൽ തങ്ങളുടെ വസ്ത്രങ്ങൾവിരിച്ചു. മറ്റുള്ളവർ വയലിൽനിന്ന് പച്ചിലക്കൊമ്പുകൾ മുറിച്ചുനിരത്തി. അവന്റെ മുമ്പിലും പിമ്പിലും നടന്നിരുന്നവർ വിളിച്ചുപറഞ്ഞു: ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! നമ്മുടെ പിതാവായ ദാവീദിന്റെ സമാഗതമാകുന്ന രാജ്യം അനുഗ്രഹീതം! ഉന്നതങ്ങളിൽ ഹോസാന!

കർത്താവിന്റെ വചനം

അഥവാ

✠ **യോഹന്നാന്റെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (12:12-16)**

അക്കാലത്ത് തിരുനാളിനു വന്നുകൂടിയ ഒരു വലിയ ജനക്കൂട്ടം യേശു ജറുസലേമിലേക്കു വരുന്നെന്നു കേട്ട്, ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേല്ക്കാൻ പുറപ്പെട്ടു. അവർ വിളിച്ചു പറഞ്ഞു: ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ. യേശു ഒരു കഴുതക്കുട്ടിയെക്കണ്ട് അതിന്റെ പുറത്തു കയറിയിരുന്നു. സീയോൻപുത്രീ, ഭയപ്പെടേണ്ടാ; ഇതാ, നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. അവന്റെ ശിഷ്യന്മാർക്ക് ആദ്യം ഇതു മനസ്സിലായില്ല. എന്നാൽ, യേശു മഹത്ത്വംപ്രാപിച്ചപ്പോൾ അവനെപ്പറ്റി ഇക്കാര്യങ്ങൾ എഴുതപ്പെട്ടിരുന്നുവെന്നും അവനുവേണ്ടി ഇവയെല്ലാം ചെയ്തുവെന്നും അവർ അനുസ്മരിച്ചു.

കർത്താവിന്റെ വചനം

വർഷം സി:

✠ **ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (19:28-40)**

അക്കാലത്ത് യേശു ജറുസലേമിലേക്കുള്ള യാത്ര തുടർന്നു. ഒലിവുമലയ്ക്കരികേയുള്ള ബേത്ഫഗെ, ബഥാനിയ എന്നീ സ്ഥലങ്ങളെ സമീപിച്ചപ്പോൾ, അവൻ രണ്ടുശിഷ്യന്മാരെ ഇപ്രകാരം നിർദേശിച്ചയച്ചു: എതിരേ കാണുന്ന ഗ്രാമത്തിലേക്കു പോകുവിൻ. അവിടെ ചെല്ലുമ്പോൾ, ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണാം. അതിനെ അഴിച്ചു കൊണ്ടുവരുക. നിങ്ങൾ അതിനെ അഴിക്കുന്നതെന്തിനെന്ന് ആരെങ്കിലും ചോദിച്ചാൽ, കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട് എന്നു പറയുക. അയയ്ക്കപ്പെട്ടവർ പോയി, യേശു പറഞ്ഞതുപോലെ കണ്ടു. അവർ കഴുതക്കുട്ടിയെ അഴിക്കുമ്പോൾ അതിന്റെ

ഉടമസ്ഥർ അവരോട്, നിങ്ങൾ എന്തിനാണ് കഴുതക്കുട്ടിയെ അഴിക്കുന്നത് എന്നു ചോദിച്ചു. കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യമുണ്ട് എന്ന് അവർ പറഞ്ഞു. അവർ അതിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. തങ്ങളുടെ വസ്ത്രങ്ങൾ കഴുതക്കുട്ടിയുടെ പുറത്തുവിരിച്ച് അവർ യേശുവിനെ ഇരുത്തി. അവൻ കടന്നുപോകുമ്പോൾ അവർ വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു.

അവൻ പട്ടണത്തോടടുത്ത് ഒലിവുമലയുടെ ചരിവിനു സമീപത്തെത്തിയപ്പോൾ ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് തങ്ങൾ കണ്ട എല്ലാ അദ്ഭുതപ്രവൃത്തികളെയുംപറ്റി ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി. കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ, സ്വർഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ മഹത്ത്വം എന്ന് അവർ ആർത്തുവിളിച്ചു. ജനക്കൂട്ടത്തിൽ ഉണ്ടായിരുന്ന ചില ഫരിസേയർ അവനോടു പറഞ്ഞു: ഗുരോ, നിന്റെ ശിഷ്യന്മാരെ ശാസിക്കുക. അവൻ പ്രതിവചിച്ചു: ഇവർ മൗനം പാലിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു.

കർത്താവിന്റെ വചനം

8. സുവിശേഷത്തിനുശേഷം ഒരു ലഘുപ്രസംഗം നടത്താവുന്നതാണ്. തുടർന്ന്, പ്രദക്ഷിണം തുടങ്ങുന്നതിനുവേണ്ടി പുരോഹിതനോ ഡീക്കനോ അല്മായ ശുശ്രൂഷകനോ ഈ വാക്കുകളിലോ തത്തുല്യമായ വാക്കുകളിലോ ഉദ്ബോധിപ്പിക്കുന്നു:

പ്രിയ സഹോദരരേ, യേശുവിന് ആർപ്പുവിളിച്ച ജനതയെ അനുകരിച്ച് നമുക്കും സമാധാനത്തോടെ പുറപ്പെടാം.

**അഥവാ**

നമുക്ക് സമാധാനത്തോടെ പുറപ്പെടാം.

ഈ രീതിയിലാണെങ്കിൽ, എല്ലാവരും പ്രത്യുത്തരിക്കുന്നു:

ക്രിസ്തുവിന്റെ നാമത്തിൽ, ആമേൻ.

9. ദിവ്യബലി അർപ്പിക്കാനുള്ള ദേവാലയത്തിലേക്ക് സാധാരണരീതിയിൽ പ്രദക്ഷിണം നീങ്ങുന്നു. ധൂപമുണ്ടെങ്കിൽ ഏറ്റവും മുന്നിൽ കുന്തിരിക്കം പുകച്ചുകൊണ്ട് ധൂപവാഹകൻ. അതിനു പിന്നിലായി പ്രാദേശിക ആചാരമനുസരിച്ച് കുരുത്തോലകൊണ്ട് യഥോചിതമലങ്കരിച്ച കുരിശ് അൾത്താര ശുശ്രൂഷിയോ മറ്റൊരു ശുശ്രൂഷകനോ വഹിക്കുന്നു. അയാളുടെ ഇരുവശത്തുമായി കത്തിച്ച തിരിപിടിച്ചിരിക്കുന്ന രണ്ടു ദീപാവാഹകന്മാരും അവർക്കു പിന്നിൽ സുവിശേഷഗ്രന്ഥം വഹിച്ചുകൊണ്ട് ഡീക്കനും അയാൾക്കുപിന്നിൽ ശുശ്രൂഷകരോടുകൂടെ പുരോഹിതനും അവരുടെ പിന്നിൽ കുരുത്തോലപിടിച്ചുകൊണ്ട് എല്ലാ വിശ്വാസികളും അണിനിരക്കുന്നു.

പ്രദക്ഷിണം മുന്നോട്ടു നീങ്ങുന്നതോടെ ഗായകസംഘവും ജനങ്ങളും, താഴെ ക്കൊടുത്തിട്ടുള്ള, ക്രിസ്തുരാജന്റെ ബഹുമാനാർഥമുള്ള ഗാനങ്ങളോ ഉചിതമായ മറ്റു ഗാനങ്ങളോ ആലപിക്കുന്നു.

**പ്രഭണിതം 1**

ഒലിവുശാഖയും വഹിച്ചെബ്രായബാലകർ
സ്വരമുയർത്തി സ്വീകരിച്ചു നാഥനെ മുദാ
ഉടനെ ഉച്ചരിച്ചിതാർപ്പുവിളിയോടൊത്തഹോ!
ഉയരെ സ്വർഗമായതിൻ ഹോസാന

ജനതതി കുതുകമായ് കരമുയർത്തവേ
വഴിയിൽ നീളെ വസ്ത്രവും വിരിച്ചുമോടിയിൽ
മഹിതനീശസുതനു നിത്യം ഹോസാന, ഹോസാന.

ഉചിതമെങ്കിൽ താഴെ കൊടുത്തിരിക്കുന്ന 23-ാം സങ്കീർത്തനത്തിന്റെ ഓരോ പാദത്തിനുശേഷവും ഒന്നാം പ്രഭണിതം പല്ലവിയായി ആവർത്തിക്കാവുന്നതാണ്.

**സങ്കീർത്തനം 23**

ഭൂമിയും അതിങ്കലുള്ള സർവവസ്തുവും
ഭൂതലം, അതിൽ വസിച്ചിടുന്ന സർവരും
ദൈവമായ നാഥനൊക്കെ സ്വന്തമാകുന്നു
ആഴിമേൽ ഈ ഭൂതലത്തെയങ്ങു സ്ഥാപിച്ചു.

ദൈവമായ നാഥനൊക്കെ സ്വന്തമാകുന്നു
പുഴകൾ തന്നിൽ ആയതിനെയങ്ങുറപ്പിച്ചു.
(ജനതതി...)

രക്ഷകന്റെ മാമലയിൽ ആർ പ്രവേശിക്കും?
തന്റെ ദിവ്യസന്നിധിയിലാരു നിന്നിടും?
സ്വച്ഛമാം കരങ്ങളും മനസ്സുമുള്ളവൻ,
വ്യർഥമായി തൻ മനസ്സുമാറ്റിടാത്തവൻ.
സ്വച്ഛമാം കരങ്ങളും മനസ്സുമുള്ളവൻ,
കള്ളസത്യമേകുമങ്ങു ചൊല്ലിടാത്തവൻ.
(ജനതതി...)

അവനു തന്നിൽ നിന്നനുഗ്രഹം ലഭിക്കുമോ,
അവന് രക്ഷകങ്കൽ നിന്നു കൂലി കിട്ടുമോ,
മഹിതയാക്കോബിന്റെ ശക്തനായ ദൈവമേ,
അങ്ങയെ തിരഞ്ഞിടുന്ന തലമുറയിതാ
മഹിതയാക്കോബിന്റെ ശക്തനായ ദൈവമേ,
തവമുഖം തിരഞ്ഞിടുന്ന തലമുറയിതാ.
(ജനതതി...)

നല്കമാനമേകുവിൻ പടിപ്പുരകളേ
നിത്യമാം കവാടമേ, ഉയർന്നു നില്ക്കുവിൻ,
മഹിതരാജനീശനു പ്രവേശമേകുവിൻ
ആരു തൻ മഹോന്നതനീ രാജനെങ്കിലോ
മഹിതരാജനീശനു പ്രവേശമേകുവിൻ
ധീരശക്തയുദ്ധവീരനാം കർത്താവുതാൻ
(ജനതതി...)

നല്കമാനമേകുവിൻ പടിപ്പുരകളേ,
നിത്യമാം കവാടമേ, ഉയർന്നു നില്ക്കുവിൻ
മഹിതരാജനീശനു പ്രവേശമേകുവിൻ
ആരുതാൻ മഹോന്നതനീ രാജനെങ്കിലോ?
മഹിതരാജനീശനു പ്രവേശമേകുവിൻ
സൈന്യനാഥനും മഹത്ത്വപൂർണരാജനും.
(ജനതതി...)

### പ്രഭണിതം 2

വഴിയിൽ വസ്ത്രം വിരിച്ചെബ്രായബാലകർ
മിഴിവൊടങ്ങാർപ്പുവിളിച്ചു മോദാൽ
കർത്താവിൻ നാമത്തിൽ ആഗതൻ ധന്യനാം
ദാവീദിന്റെ പുത്രനു ഹോസാന,
ഉന്നതവീഥിയിലോസാന

ഈ പ്രഭണിതം താഴെ കൊടുത്തിരിക്കുന്ന സങ്കീർത്തനത്തിന്റെ ഓരോ പാദ ത്തിനുശേഷവും ആവർത്തിക്കാവുന്നതാണ്.

### സങ്കീർത്തനം 46

ഏവരും നല്കരഘോഷം മുഴക്കുവിൻ
ആർപ്പുവിൻ ദൈവത്തിൻ സന്നിധിയിൽ
ഹർഷാരവങ്ങളുയർത്തുവിൻ, എന്തെന്നാൽ
കർത്താവത്യുന്നതൻ ഭീതിദനും.

രാജനാണങ്ങ് ലോകമെല്ലാറ്റിനും
രാജ്യങ്ങൾ കാല്ക്കീഴമർത്തീടുന്നു;
സർവജനങ്ങളെ തൻ കീഴിലാക്കുന്നു.
ദാവീദിന്റെ നിത്യാവകാശമേകി.

ജയഘോഷംപൊങ്ങുന്നു സിംഹാസനസ്ഥിത-
നാകുന്ന നല്ലവനായ ദൈവം;
കാഹളനാദം മുഴങ്ങുന്നു ദൈവമ-
ങ്ങാരോഹണം ചെയ്തീടുന്നു വിണ്ണിൽ.

പാടുവിൻ നമ്മുടെ ദൈവത്തിനായ്, സ്തുതി -
ഗീതങ്ങൾ ഭക്തിസംവർധകമായ്
പാടുവിൻ നമ്മുടെ രാജാവിനായ്, സ്തുതി -
ഗീതങ്ങൾ സന്തുഷ്ടരായ്.

ദൈവം സമസ്തലോകത്തിനും രാജനാം
തന്നെ പുകഴ്ത്തുവിൻ കീർത്തനത്താൽ;
ദൈവം ജനങ്ങളെയെല്ലാം ഭരിക്കുന്നു
തൻ ദിവ്യസിംഹാസനത്തിൽ വാഴ്വൂ.

ജനത തൻ നേതാക്കളൊക്കെ അബ്രാഹമിൽ
ദൈവത്തിൻ പുണ്യജനവുമായി
ഒരുമിച്ചുകൂടുന്നു ഭൂപാലരൊക്കെയും
അവനവകാശപ്പെടുന്നവർ താൻ

അവിടന്നു സർവം അടക്കിവാഴുന്നൊരു
മഹിമപ്രഭാവനാം നാഥനത്രേ.

## ക്രിസ്തുരാജസ്തവം

ഗായകസംഘം :
ജയ ജയ രാജ ക്രിസ്തുവിഭോ,
ജയ ജയ രക്ഷകനീശ സുതാ
എല്ലാ സ്തുതിയും ബഹുമതിയും
മഹിമയുമങ്ങേക്കെന്നാളും

പിഞ്ചധരങ്ങൾ പാടി – നിൻ
മംഗളഗാനം പാടി;
ഹോസാന സ്തുതിഗീതം, ജഗ –
ദീശസുതന്നതിമോദം

എല്ലാവരും ആവർത്തിക്കുന്നു: ജയ ജയ...

ഗായകസംഘം :
ഇസ്രായേലിൻ നൃപനല്ലോ – നീ
ദാവീദിൻ തിരുസുതനും;
പ്രഭുനാമത്തിൽ വരുവോൻ, അതി –
ധന്യമഹോന്നതരാജൻ.

എല്ലാവരും ആവർത്തിക്കുന്നു: ജയ ജയ...

ഗായകസംഘം :
വാനവവൃന്ദം വാനിൽ – നിൻ
സ്തോത്രാലാപമുതിർപ്പൂ;
സൃഷ്ടികളൊത്തീ ഞങ്ങൾ –
ഇങ്ങേറ്റതു ചൊൽവൂ മോദാൽ

എല്ലാവരും ആവർത്തിക്കുന്നു: ജയ ജയ...

ഗായകസംഘം :
പച്ചച്ചില്ലകളേന്തി, എ-
ബ്രായർ ഏതിരേറ്റങ്ങെ;
സ്തുതിഗീതങ്ങളുമായി, സ-
മ്മേളിപ്പു തിരുമുമ്പിൽ

എല്ലാവരും ആവർത്തിക്കുന്നു: ജയ ജയ...

ഗായകസംഘം :
മൃത്യുവരിക്കാൻ പോയോ, ര-
ങ്ങേക്കവരേകി സ്തോത്രം.
ഭരണം ചെയ്യുമൊരങ്ങേ, സ്തുതി -
യാലിവർ വാഴ്ത്തുന്നെന്നും.

എല്ലാവരും ആവർത്തിക്കുന്നു: ജയ ജയ...

ഗായകസംഘം :
അന്നവർ സ്തുതിയെല്ലാം, അ-
ങ്ങേക്ക് പ്രിയംകരമായി;
ഞങ്ങളുടെ പ്രാർഥനയിപ്പോൾ, നീ
കൈക്കൊള്ളണമേ, നാഥാ!

എല്ലാവരും ആവർത്തിക്കുന്നു: ജയ ജയ...

ഗായകസംഘം :
എല്ലാ നന്മയിലും നീ - സ-
ന്തുഷ്ടിയെഴുന്നോനല്ലോച
ഉത്തമനാകിയ രാജൻ - സദ്
ഹൃദയാലുവുമാണല്ലോ.

എല്ലാവരും ആവർത്തിക്കുന്നു: ജയ ജയ...

10. പ്രദക്ഷിണം ദേവാലയത്തിൽ എത്തുന്നതോടെ കർത്താവിന്റെ ജറുസലേം പ്രവേശനത്തെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രഭണിതമോ മറ്റെതെങ്കിലും അനുയുക്തമായ ഗാനമോ പാടുന്നു:

R. കർത്താവ് വിശുദ്ധനഗരത്തിലേക്ക് പ്രവേശിക്കുമ്പോൾ ഹെബ്രായബാലകർ അവരുടെ കുരുത്തോലകൾവീശി:

* "അത്യുന്നതങ്ങളിൽ ഹോസാന" എന്ന് ആർത്തുവിളിച്ചുകൊണ്ട് ജീവന്റെ ഉത്ഥാനം പ്രഘോഷിച്ചു.

V. യേശു ജറുസലേമിലേക്കു വരുകയാണ് എന്ന് ജനങ്ങൾ കേട്ടപ്പോൾ അവർ അവനെ സ്വീകരിക്കാൻ പുറത്തേക്കുവന്നു. * അവർ അവരുടെ കുരുത്തോലകൾ വീശികൊണ്ട് "അത്യുന്നതങ്ങളിൽ ഹോസാന" എന്ന് ആർത്തുവിളിച്ചു.

**ഗാനരൂപത്തിൽ**

R വിശുദ്ധനഗരോപാന്തത്തിൽ
രക്ഷകനന്നു പ്രവേശിച്ചു
യഹൂദബാലകരപ്പോൾ
ഹർഷസമേതമണഞ്ഞു.
പ്രഖ്യാപിച്ചവരൊന്നായ്
ജീവനുയിർപ്പിനെ നന്നായ്.

ഒലിവിൻ ശാഖകളേന്തി
മധുരമനോജ്ഞം പാടി
ഹോസാന! ഹോസാന!
ഉന്നതവിണ്ണിൽ ഹോസാന!

V ക്രിസ്തുനാഥൻ ജെറൂസലേമിൽ
വരുമെന്നറിഞ്ഞ ജനത
ഓടിയണഞ്ഞതിമോദം
വരവേല്പീശനു നല്കി.

11. അൾത്താരയുടെ സമീപം എത്തിയശേഷം പുരോഹിതൻ അതിനെ വന്ദിക്കുകയും ഉചിതമെങ്കിൽ ധൂപിക്കുകയും ചെയ്യുന്നു. അനന്തരം ഇരിപ്പിടത്തിലേക്ക് പോകുന്നു. മേലങ്കിമാറ്റി പൂജാവസ്ത്രം ധരിക്കുന്നു. ദിവ്യബലിയുടെ സാധാരണരീതിയിലുള്ള പ്രാരംഭകർമങ്ങൾ ഉപേക്ഷിക്കുകയും ഉചിതമെങ്കിൽ കർത്താവേ കനിയേണമേ ചൊല്ലിക്കൊണ്ട് ദിവ്യബലിയുടെ സമിതിപ്രാർഥന നടത്തി ദിവ്യബലി സാധാരണരീതിയിൽ തുടരുകയും ചെയ്യുന്നു..

## ദ്വിതീയരൂപം : സാഘോഷപ്രവേശനം

12. മേൽ വിവരിച്ച രീതിയിൽ ദേവാലയത്തിനു പുറത്തുനിന്ന് പ്രദക്ഷിണം ആരംഭിക്കുക സാധ്യമല്ലെങ്കിൽ, പ്രധാന ദിവ്യബലിക്കുമുമ്പ് കർത്താവിന്റെ പ്രവേശനം ദേവാലയത്തിനുള്ളിൽ സാഘോഷപ്രവേശനത്തിലൂടെ നടത്തുന്നു.

13. വിശ്വാസികൾ കരങ്ങളിൽ കുരുത്തോലയുമായി ദേവാലയത്തിനു പുറത്ത് പ്രധാനകവാടത്തിന്റെ മുമ്പിലോ ദേവാലയത്തിനകത്തോ സമ്മേളിക്കുന്നു. പുരോഹിതനും ശുശ്രൂഷകരും വിശ്വാസികളിൽനിന്ന് ഏതാനും പ്രതിനിധികളോടുകൂടെ ദേവാലയത്തിലെ വിശുദ്ധവേദിക്കു പുറത്ത് എല്ലാവർക്കും കാണത്തക്ക ഒരു സ്ഥലത്തേക്കു പോകുന്നു.

14. പുരോഹിതൻ നിർദിഷ്ടസ്ഥാനത്തേക്കു നീങ്ങുമ്പോൾ ഹോസാന എന്ന പ്രഭണിതമോ യോജിച്ച മറ്റേതെങ്കിലും ഗാനമോ ആലപിക്കുന്നു. തുടർന്ന് 5 മുതൽ 7 വരെയുള്ള നമ്പറുകളിൽ കൊടുത്തിരിക്കുന്നപോലെ കുരുത്തോല വെഞ്ചരിപ്പും കർത്താവിന്റെ ജറുസലേംപ്രവേശനത്തെക്കുറിച്ചുള്ള സുവിശേഷപ്രഘോഷണവും നടത്തുന്നു. അതിനുശേഷം പുരോഹിതനും ശുശ്രൂഷകരും വിശ്വാസികളുടെ പ്രതിനിധികളുമായി കർത്താവ് വിശുദ്ധനഗരത്തിലേക്ക് എന്ന പ്രഭണിതമോ (നമ്പർ 10) മറ്റേതെങ്കിലും യോജിച്ച ഗാനമോ ആലപിച്ചുകൊണ്ട് സാഘോഷം വിശുദ്ധവേദിയിലേക്ക് പ്രദക്ഷിണമായി പോകുന്നു.

15. പുരോഹിതൻ അൾത്താരയിലെത്തുമ്പോൾ അതിനെ വന്ദിക്കുന്നു; അനന്തരം ഇരിപ്പിടത്തിൽചെന്ന് ദിവ്യബലിയുടെ പ്രാരംഭകർമങ്ങളും ഉചിതമെങ്കിൽ കർത്താവേ കനിയേണമേ യും ഉപേക്ഷിച്ചുകൊണ്ട് സമിതിപ്രാർഥന ചൊല്ലുകയും ദിവ്യബലി സാധാരണരീതിയിൽ തുടരുകയും ചെയ്യുന്നു.

### ത്രിതീയരൂപം : ലഘുപ്രവേശനം

16. ഈ ഞായറാഴ്ചയിലെ സാഘോഷ പ്രവേശനമില്ലാത്ത മറ്റു ദിവ്യബലികളിൽ നമ്മുടെ കർത്താവിന്റെ ജറുസലേം പ്രവേശനത്തിന്റെ ഓർമ ലഘുപ്രവേശനംവഴി നടത്തിയാൽ മതിയാകും.

17. പുരോഹിതൻ അൾത്താരയിലേക്കു വരുമ്പോൾ പ്രവേശകപ്രഭണിതം അതിന്റെ സങ്കീർത്തനത്തോടെ ആലപിക്കപ്പെടുന്നു (നമ്പർ 18) അല്ലെങ്കിൽ, അതേ ആശയം പ്രതിപാദിക്കുന്ന മറ്റെതെങ്കിലും ഗാനം പാടിയാലും മതി. അൾത്താരയിലെത്തി പുരോഹിതൻ അതിനെ വന്ദിച്ചശേഷം അദ്ധ്യക്ഷപീഠത്തിലേക്ക് പോകുന്നു. കുരിശുവരച്ചശേഷം അദ്ദേഹം ജനങ്ങളെ അഭിവാദനം ചെയ്യുന്നു. ദിവ്യബലി സാധാരണരീതിയാൽ തുടരുന്നു.

മറ്റു ദിവ്യബലികളിൽ പ്രവേശകപ്രഭണിതം ആലപിക്കുക സാധ്യമല്ലെങ്കിൽ പുരോഹിതൻ അൾത്താരയിൽ എത്തുമ്പോൾത്തന്നെ അതിനെ വന്ദിച്ചശേഷം ജനങ്ങളെ അഭിവാദ്യം ചെയ്യുന്നു. പ്രവേശകപ്രഭണിതം വായിക്കുകയും ദിവ്യബലി സാധാരണരീതിയിൽ തുടരുകയും ചെയ്യുന്നു.

18. **പ്രവേശകപ്രഭണിതം Cf യോഹ 12:1,12-13, സങ്കീ 23:9-10**

പെസഹാമഹോത്സവത്തിന് ആറു ദിവസം മുമ്പു കർത്താവ് ജറുസലേംനഗരിയിൽ പ്രവേശിച്ചപ്പോൾ ബാലകർ ചേർന്ന് അവിടത്തെ എതിരേറ്റു. കുരുത്തോലകൾ കരങ്ങളിൽ പിടിച്ചുകൊണ്ട് ഉയർന്നസ്വരത്തിൽ ആർപ്പുവിളിച്ചു: "ഉന്നതങ്ങളിൽ ഹോസാന; അങ്ങേ കാരുണ്യത്തിന്റെ സമൃദ്ധിയിൽ എഴുന്നള്ളുന്നവൻ അനുഗൃഹീതനാകുന്നു".

### ഗാനരൂപം

നല്കമാനമേകിടുവിൻ പടിപ്പുരകളേ
നിത്യമാം കവാടമേ, ഉയർന്നുനില്ക്കുവിൻ
മഹിതരാജനീശന് പ്രവേശമേകുവിൻ
ആരുതാൻ മഹോന്നതനീ രാജനെങ്കിലോ
സൈന്യനാഥനും മഹത്ത്വപൂർണ രാജനും

# ദിവ്യപൂജ

19. പ്രദക്ഷിണത്തിനുശേഷമോ സാഘോഷപ്രവേശനത്തിനുശേഷമോ പുരോഹിതൻ സമിതിപ്രാർഥനയോടെ ദിവ്യബലി ആരംഭിക്കുന്നു.

20. **സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, എളിമയുടെ മാതൃക അനുകരിക്കാൻ മനുഷ്യകുലത്തിനായി ഞങ്ങളുടെ രക്ഷകൻ മാംസം ധരിക്കുന്നതിനും കുരിശിലേറുന്നതിനും അങ്ങ് തിരുമനസ്സായല്ലോ. അങ്ങനെ, അവിടത്തെ സഹനത്തിന്റെ പാഠങ്ങൾ ഉൾക്കൊള്ളുകയും ഉത്ഥാനത്തിന്റെ പങ്കുചേരലിന് അർഹരാകുകയും ചെയ്യാൻ ഞങ്ങളെ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

21. തിരിയും ധൂപവും അഭിവാദനവും കൂടാതെയും ഗ്രന്ഥത്തിൽ കുരിശടയാളം വരയ്ക്കാതെയും ഡീക്കനോ പുരോഹിതനോ കർത്താവിന്റെ പീഡാസഹനചരിത്രം വായിക്കുന്നു, അല്മായർക്കും പീഡാസഹനചരിത്രം വായിക്കാവുന്നതാണ്. എന്നാൽ, ക്രിസ്തുവിന്റെ ഭാഗം പുരോഹിതൻതന്നെ വായിക്കുന്നതാണ് അഭിലഷണീയം.

ഡീക്കൻ പീഡാസഹനചരിത്രം വായിക്കുന്നതിനുമുമ്പ് സുവിശേഷത്തിനുമുമ്പെന്നപോലെ, പുരോഹിതന്റെ ആശീർവാദമഭ്യർഥിക്കുന്നു. മറ്റുള്ളവരാണെങ്കിൽ അങ്ങനെ ചെയ്യുന്നില്ല.

22. പീഡാസഹനചരിത്രപാരായണത്തിനുശേഷം ഹ്രസ്വമായ ഒരു പ്രസംഗം നടത്തുന്നത് ഉചിതമായിരിക്കും. അതുപോലെ, അല്പനേരം നിശ്ശബ്ദത പാലിക്കുന്നതും നല്ലതാണ്.

വിശ്വാസപ്രമാണം ചൊല്ലുകയും വിശ്വാസികളുടെ പ്രാർഥന നടത്തുകയും ചെയ്യുന്നു.

23. **നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ഏകപുത്രന്റെ പീഡാസഹനംവഴി അങ്ങേ സംപ്രീതി ഞങ്ങൾക്കു സമീപസ്ഥമാക്കിയല്ലോ. അതേ സംപ്രീതി ഞങ്ങളുടെ പ്രവൃത്തികളുടെ യോഗ്യതകളാലലെങ്കിലും അവിടത്തെ സനാതനമായ ഏകബലിവഴി അങ്ങേ കാരുണ്യത്താൽ മുൻകൂട്ടി ഞങ്ങൾ അനുഭവിക്കുമാറാകട്ടെ. കർത്താവായ...

24. ആമുഖഗീതി : കർത്താവിന്റെ പീഡാസഹനം

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

നിരപരാധിയെങ്കിലും അവിടന്ന് പാപികൾക്കുവേണ്ടി പീഡകൾ സഹിക്കാൻ തിരുവുള്ളമാകുകയും ദുഷ്ടർക്കുവേണ്ടി നീതിരഹിതമായി ശിക്ഷാവിധിക്കു വിധേയനാകുകയും ചെയ്തുവല്ലോ. അവിടത്തെ മരണം ഞങ്ങളുടെ പാപമാലിന്യങ്ങൾ കഴുകിക്കളയുകയും ഉത്ഥാനംവഴി ഞങ്ങൾക്ക് നീതിമത്കരണം നേടിത്തരുകയും ചെയ്തു.

ആകയാൽ, ഞങ്ങളും എല്ലാ മാലാഖമാരോടുമൊത്ത് അങ്ങയെ പുകഴ്ത്തുകയും ആനന്ദാഘോഷത്തോടെ പ്രകീർത്തിക്കുകയും ചെയ്യുന്നു:

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

25. **ദിവ്യഭോജനപ്രഭണിതം** **മത്താ 26:42**

പിതാവേ, ഞാൻ കുടിക്കാതെ ഈ പാനപാത്രം കടന്നുപോകാൻ സാധ്യമല്ലെങ്കിൽ അങ്ങയുടെ ഹിതം ഭവിക്കട്ടെ!

### 26. ദിവ്യഭോജനപ്രാർഥന

കർത്താവേ, ദിവ്യദാനത്താൽ സംതൃപ്തരായി അങ്ങയോടു ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ മരണംവഴി, ഞങ്ങൾ വിശ്വസിക്കുന്നവ പ്രത്യാശിക്കാൻ ഞങ്ങളെ ഇടയാക്കിയ അങ്ങ്, അവിടത്തെ ഉത്ഥാനത്തിലൂടെ ഞങ്ങൾ ലക്ഷ്യംവയ്ക്കുന്നിടത്ത് എത്തിച്ചേരാനും ഞങ്ങളെ ഇടയാക്കണമേ. കർത്താവായ....

### 27. ജനങ്ങളുടെ മേലുള്ള പ്രാർഥന

കർത്താവേ, ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു ദുഷ്ടരുടെ കരങ്ങളിൽ തന്നത്തന്നെ ഏല്പിക്കാൻ വൈമനസ്യം കാണിക്കാതെ കുരിശിന്റെ യാതനയ്ക്ക് വിധേയനാകാൻ അവിടന്നു തിരുമനസ്സായി. അങ്ങയുടെ ഈ കുടുംബത്തിനുമേൽ അങ്ങേ കടാക്ഷമുണ്ടാകണമേ എന്നു ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

# വിശുദ്ധവാരം : തിങ്കൾ

## പ്രവേശകപ്രഭണിതം Cf സങ്കീ 34:1-2,139:8

കർത്താവേ, എന്നെ കുറ്റപ്പെടുത്തുന്നവരെ അങ്ങു വിധിക്കണമേ. എന്നോടു പൊരുതുന്നവരോട് അങ്ങ് പൊരുതണമേ! കവചവും പരിചയും ധരിക്കുകയും എന്റെ സഹായത്തിനുവരുകയും ചെയ്യണമേ.. കർത്താവേ, അങ്ങാണ് എന്റെ രക്ഷയുടെ ശക്തി.

## സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, ഞങ്ങളുടെ ബലഹീനതയാൽ ന്യൂനതയുള്ളവരായിത്തീർന്ന ഞങ്ങൾ അങ്ങേ ജാതനായ ഏകപുത്രന്റെ പീഡാസഹനംവഴി ഉജ്ജീവിപ്പിക്കപ്പെടാൻ കനിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങൾ അനുഷ്ഠിക്കുന്ന ഈ ദിവ്യരഹസ്യങ്ങൾ കാരുണ്യപൂർവം തൃക്കൺപാർക്കുകയും ഞങ്ങളുടെ ശിക്ഷാവിധി ഇല്ലായ്മ ചെയ്യാൻ അങ്ങ് കനിവാർന്ന് മുൻകൂട്ടിക്കണ്ടത് ഞങ്ങളിൽ നിത്യജീവന്റെ ഫലം പുറപ്പെടുവിക്കാൻ അനുഗ്രഹം നല്കുകയും ചെയ്യണമേ. കർത്താവായ...

കർത്താവിന്റെ പീഡാസഹനത്തിന്റെ രണ്ടാം ആമുഖഗീതി pp. ...

## ദിവ്യഭോജനപ്രഭണിതം Cf സങ്കീ 101:3

ദൈവമേ, എന്റെ കഷ്ടതയുടെ ദിനത്തിൽ അങ്ങ് എന്നിൽനിന്ന് മുഖം മറയ്ക്കരുതേ! അങ്ങ് എനിക്ക് ചെവിതരണമേ! ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുമ്പോൾ വേഗം എനിക്കുത്തരമരുളണമേ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, അങ്ങേ ജനത്തെ സന്ദർശിക്കുകയും ദിവ്യരഹസ്യങ്ങൾക്കു സമർപ്പിക്കപ്പെട്ട ഹൃദയങ്ങൾ നിതാന്തജാഗ്രതയാർന്ന കാരുണ്യത്താൽ സംരക്ഷിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ ദയാവായ്പിനാൽ ഉൾക്കൊള്ളുന്ന നിത്യരക്ഷയുടെ ഔഷധം അങ്ങേ സംരക്ഷണത്താൽ കാത്തുസൂക്ഷിക്കാൻ ഇടയാകട്ടെ. കർത്താവായ...

## ജനങ്ങളുടെ മേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, അങ്ങേ സംരക്ഷണം എളിയവർക്ക് സമീപസ്ഥമായിരിക്കുകയും അങ്ങേ കാരുണ്യത്തിൽ പ്രത്യാശവയ്ക്കുന്നവരെ അനവരതം കാത്തുപാലിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ശാരീരികമായ പ്രായശ്ചിത്തത്താൽ മാത്രമല്ല, അതിലുപരി മാനസികമായ പരിശുദ്ധതയോടെയും പെസഹാതിരുനാൾ ആഘോഷിക്കാൻ ഇവർക്കിടയാകട്ടെ. കർത്താവായ...

# വിശുദ്ധവാരം : ചൊവ്വ

**പ്രവേശകപ്രഭണിതം** **Cf സങ്കീ 26:12**

കര്‍ത്താവേ, വൈരികളുടെ ഇഷ്ടത്തിന് എന്നെ വിട്ടുകൊടുക്കരുതേ; എന്തെന്നാല്‍, കള്ളസാക്ഷികള്‍ എനിക്കെതിരേ ഉയര്‍ന്നിരിക്കുന്നു; അവര്‍ ക്രൂരത നിശ്വസിക്കുന്നു.

**സമിതിപ്രാര്‍ഥന**

സര്‍വശക്തനും നിത്യനുമായ ദൈവമേ, കര്‍ത്താവിന്റെ പീഡാസഹനത്തിന്റെ കൂദാശകള്‍ അനുഷ്ഠിക്കാന്‍ ഞങ്ങളെ അങ്ങ് അനുഗ്രഹിക്കുന്നതുപോലെ, പാപപ്പൊറുതി പ്രാപിക്കാനും ഞങ്ങളെ അര്‍ഹരാക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

കര്‍ത്താവേ, അങ്ങേ കുടുംബത്തിന്റെ കാഴ്ചദ്രവ്യങ്ങള്‍ സംപ്രീതിയോടെ തൃക്കണ്‍പാര്‍ക്കുകയും ദിവ്യദാനങ്ങളില്‍ അവര്‍ പങ്കുകാരായി അവയുടെ പൂര്‍ണതയില്‍ എത്തിച്ചേരാന്‍ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. കര്‍ത്താവായ...

കര്‍ത്താവിന്റെ പീഡാസഹനത്തിന്റെ രണ്ടാം ആമുഖഗീതി pp. ...

**ദിവ്യഭോജനപ്രഭണിതം** **റോമാ 8:32**

ദൈവം സ്വന്തം പുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കെല്ലാവര്‍ക്കുംവേണ്ടി അവനെ ഏല്പിച്ചുതന്നു.

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, രക്ഷാകരമായ ദാനങ്ങളാല്‍ സംതൃപ്തരായി അങ്ങേ കാരുണ്യം ഞങ്ങള്‍ കേണപേക്ഷിക്കുന്നു. അങ്ങനെ, അതേ കൂദാശവഴി ഇക്കാലയളവില്‍ ഞങ്ങളെ പോഷിപ്പിക്കാന്‍ തിരുവുള്ളമായ അങ്ങ് നിത്യജീവനില്‍ ഞങ്ങളെ പങ്കാളികളാക്കിത്തീര്‍ക്കണമേ. കര്‍ത്താവായ...

## ജനങ്ങളുടെ മേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

ദൈവമേ, അങ്ങേക്ക് അധീനമായിരിക്കുന്ന ജനം അങ്ങേ കാരുണ്യംവഴി, പൂർവകാലത്തെ സകലവശീകരണങ്ങളിലുംനിന്ന് ശുദ്ധീകരിക്കപ്പെടുന്നതിനും നവവിശുദ്ധി കൈവരിക്കാൻ പ്രാപ്തരാകുന്നതിനും ഇടയാക്കണമേ. കർത്താവായ...

# വിശുദ്ധവാരം : ബുധൻ

**പ്രവേശകപ്രഭണിതം** **Cf. ഫിലി 2:10,8,11**

യേശുവിന്റെ നാമത്തിനുമുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള എല്ലാ മുഴങ്കാലുകളും മടങ്ങുന്നു എന്തുകൊണ്ടെന്നാൽ, കർത്താവ് മരണംവരെ - അതെ കുരിശുമരണംവരെ - അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ട് കർത്താവായ യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിലായി.

**സമിതിപ്രാർഥന**

ദൈവമേ, ശത്രുവിന്റെ പിടിയിൽനിന്ന് ഞങ്ങളെ മോചിപ്പിക്കുന്നതിന് അങ്ങേ പുത്രനെ ഞങ്ങൾക്കുവേണ്ടി കുരിശുമരണത്തിനു വിധേയനാക്കാൻ തിരുമനസ്സായല്ലോ. അങ്ങനെ, അങ്ങേ ദാസരായ ഞങ്ങൾ ഉയിർപ്പിന്റെ കൃപ പ്രാപിക്കാൻ അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഞങ്ങളർപ്പിക്കുന്ന കാഴ്ചദ്രവ്യം സ്വീകരിക്കുകയും യോഗ്യതയോടെ സഫലീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ പീഡാസഹനത്തിന്റെ രഹസ്യംവഴി ആചരിക്കുന്നത്, സുകൃതഫലങ്ങളാൽ ഞങ്ങൾ അനുഭവിക്കുമാറാകട്ടെ. കർത്താവായ...

കർത്താവിന്റെ പീഡാസഹനത്തിന്റെ രണ്ടാം ആമുഖഗീതി pp. ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 20:28**

മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടാനല്ല, പ്രത്യുത, ശുശ്രൂഷിക്കാനും അനേകർക്ക് മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമാണ് വന്നിരിക്കുന്നത്.

## ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, സമാദരണീയമായ ഈ രഹസ്യങ്ങൾ സാക്ഷ്യപ്പെടുത്തുന്ന അങ്ങേ പുത്രന്റെ ഭൗതിക മൃത്യുവഴി, അങ്ങു ഞങ്ങൾക്ക് നിത്യജീവൻ നല്കിയെന്നു വിശ്വസിക്കാൻ ഞങ്ങളുടെ ഇന്ദ്രിയങ്ങൾക്ക് അനുഗ്രഹം നല്കണമേ. കർത്താവായ...

## ജനങ്ങളുടെ മേലുള്ള പ്രാർഥന

ഐച്ഛികമായ ഉപയോഗത്തിന്

കർത്താവേ, പെസഹാരഹസ്യം അനവരതം സ്വീകരിക്കാനും ആസന്നമായ ദാനങ്ങൾ തീക്ഷ്ണതയോടെ കാത്തിരിക്കാനും അങ്ങേ വിശ്വാസികൾക്ക് അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഈ രഹസ്യങ്ങൾവഴി പുനർജന്മം പ്രാപിച്ച ഇവർ സ്ഥിരതയോടെ അവയുടെ പ്രവൃത്തികളാൽ പുതുജീവനിലേക്ക് നയിക്കപ്പെടുമാറാകട്ടെ. കർത്താവായ...

# വിശുദ്ധവാരം : വ്യാഴം

1. സഭയുടെ അതിപുരാതനമായ പാരമ്പര്യമനുസരിച്ച് ഈദിവസം ജന ങ്ങളെക്കൂടാതുള്ള ദിവ്യബലികൾ നിരോധിച്ചിരിക്കുന്നു.

## തൈലപരികർമപൂജ

2. സാധാരണരീതിയിൽ ഈ ദിവസം രാവിലേ അർപ്പിക്കപ്പെടുന്ന പ്രത്യേക മായ ദിവ്യബലിയിലാണ് മെത്രാൻ രോഗികളുടെ തൈലവും ക്രൈസ്തവ പ്രാരംഭകൂദാശാർഥികളുടെ തൈലവും പ്രതിഷ്ഠാപനതൈലവും റോമൻ പൊന്തിഫിക്കൽ എന്ന പുസ്തകത്തിലെ ക്രമമനുസരിച്ച് ആശീർവദിക്കുന്നത്.

3. ഇങ്ങനെയൊക്കെയാണെങ്കിലും, വൈദികർക്കും ജനങ്ങൾക്കും ഈ ദി വസം മെത്രാനുമായി ഒരുമിച്ചുവരാൻ പ്രയാസമാണെങ്കിൽ, തൈലപരികർമ ദിവ്യപൂജ പെസഹാവ്യാഴാഴ്ചയ്ക്കുമുമ്പ് മറ്റേതെങ്കിലും സൗകര്യപ്രദമായ ദിവസം നടത്താവുന്നതാണ്. പക്ഷേ, പെസഹായോട് അടുത്ത ഒരു ദിവസ മായിരിക്കണം.

4. രൂപതാധ്യക്ഷൻ, അദ്ദേഹത്തിന്റെ വൈദികസമൂഹത്തോടൊത്ത് അർപ്പി ക്കുന്ന ഈ ദിവ്യബലി വൈദികരുടെയും മെത്രാന്റെയും കൂട്ടായ്മയുടെ അട യാളമാണു പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് രൂപതയിലെ സാധിക്കുന്ന എല്ലാ വൈദികരും ദിവ്യബലിയിൽ പങ്കെടുക്കുകയും ഇരുസാദൃശ്യങ്ങളിൽ ദിവ്യ കാരുണ്യം സ്വീകരിക്കുകയും ചെയ്യുന്നത് അഭിലഷണീയമായിരിക്കും. മെത്രാ നോടുചേർന്ന് സമൂഹബലി അർപ്പിക്കുന്ന വൈദികർ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായിരിക്കുന്നതു നല്ലതാണ്.

5. സഭയുടെ പാരമ്പര്യമനുസരിച്ച് രോഗികളുടെ തൈലം, സ്തോത്രയാഗ പ്രാർഥന അവസാനിക്കുന്നതിനു മുമ്പും ക്രൈസ്തവ പ്രാരംഭ കൂദാശാർഥി കളുടെ തൈലവും പ്രതിഷ്ഠാപനതൈലവും ദിവ്യഭോജനപ്രാർഥനയ്ക്കു ശേഷവുമാണ് ആശീർവദിക്കുന്നത്. എന്നാലും, അജപാലനപരമായ കാര ണത്താൽ എല്ലാ ആശീർവാദകർമവും വചനപ്രഘോഷണത്തിനുശേഷം നട ത്താവുന്നതാണ്.

6. **പ്രവേശകപ്രഭണിതം** **വെളി 1:6**

യേശുക്രിസ്തു നമ്മെ തന്റെ ദൈവവും പിതാവുമായവന്റെ രാജ്യവും പുരോഹിതന്മാരുമാക്കി. അവിടത്തേക്ക് മഹത്ത്വവും അധികാരവും എന്നും എന്നേക്കും, ആമേൻ.

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

7. **സമിതിപ്രാർഥന**

ദൈവമേ, അങ്ങേ ഏകപുത്രനെ പരിശുദ്ധാത്മാവാൽ അഭിഷേകം ചെയ്ത് ക്രിസ്തുവും കർത്താവുമായി അവരോധിച്ചുവല്ലോ. അതേ അഭിഷേകത്തിന്റെ ഫലത്തിൽ പങ്കാളികളായിത്തീർന്ന ഞങ്ങൾ ഇഹത്തിൽ പരിത്രാണത്തിന്റെ സാക്ഷികളായിത്തീരാനും ദയാ പൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

8. സുവിശേഷവായനയ്ക്കുശേഷം വചനപ്രഘോഷണകർമത്തിൽനിന്നുള്ള ഭാഗം ഉദ്ധരിച്ചുകൊണ്ട് മെത്രാൻ പ്രസംഗം തുടങ്ങുന്നു; തന്റെ വൈദിക രോടും ജനങ്ങളോടും പൗരോഹിത്യ അഭിഷേകത്തെക്കുറിച്ച് സംസാരിക്കുന്നു; പൗരോഹിത്യധർമനിർവഹണത്തിൽ വിശ്വസ്തരായിരിക്കാൻ വൈദികരെ ഉദ്ബോധിപ്പിക്കുകയും പൗരോഹിത്യവ്രതങ്ങൾ പൊതുസമൂഹത്തിന്റെ മുമ്പാകെ നവീകരിക്കാൻ അവരെ ക്ഷണിക്കുകയും ചെയ്യുന്നു.

### പൗരോഹിത്യവ്രതനവീകരണം

9. പ്രസംഗത്തിനുശേഷം താഴെപ്പറയുന്ന രീതിയിലോ ഉചിതമായ മറ്റുവാ ക്കുകളിലോ മെത്രാൻ വൈദികരോട് സംസാരിക്കുന്നു:

വത്സലമക്കളേ, കർത്താവായ ക്രിസ്തു തന്റെ അപ്പസ്തോല ന്മാർക്കും നമുക്കും അവിടത്തെ പൗരോഹിത്യം പ്രദാനംചെയ്ത തിന്റെ വാർഷികസ്മരണ കൊണ്ടാടുന്ന ഇന്ന്, ഒരിക്കൽ നിങ്ങൾ ചെയ്ത വാഗ്ദാനങ്ങൾ, നിങ്ങളുടെ മെത്രാന്റെയും ദൈവത്തിന്റെ വിശുദ്ധജനത്തിന്റെയും മുമ്പാകെ നവീകരിക്കാൻ സന്നദ്ധ രാണോ?

വൈദികർ എല്ലാവരും ഒരുമിച്ച് മറുപടി പറയുന്നു: ഞാൻ സന്നദ്ധനാണ്.

പൗരോഹിത്യസ്വീകരണദിവസം, ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിതരായി സഭയ്ക്കുവേണ്ടി സന്തോഷത്തോടെ നിങ്ങൾ ഏറ്റെ ടുത്ത ദിവ്യമായ കർത്തവ്യങ്ങളുടെ വാഗ്ദാനങ്ങൾ സ്ഥിരീകരി ച്ചുകൊണ്ട് നിങ്ങളെത്തന്നെ പരിത്യജിച്ചുകൊണ്ട് കർത്താവായ യേശുവിനോട് അവഗാഢം ഐക്യപ്പെടാനും അനുരൂപപ്പെടാനും സന്നദ്ധരാണോ?

വൈദികർ : ഞാൻ സന്നദ്ധനാണ്.

പ്രതിഫലേച്ഛകൂടാതെ, ആത്മാക്കളോടുള്ള തീക്ഷ്ണതയാൽ മാത്രം പ്രേരിതരായി ശിരസ്സും ഇടയനുമായ ക്രിസ്തുവിനെ പിഞ്ചെന്ന്, ദിവ്യബലിയിലൂടെയും മറ്റു തിരുകർമങ്ങളിലൂടെയും ദൈവരഹസ്യങ്ങളുടെ നിർവാഹകരായും വിശുദ്ധകർത്തവ്യങ്ങളുടെ പ്രബോധകരായും വിശ്വസ്തതയോടെ വ്യാപരിക്കാൻ നിങ്ങൾ സന്നദ്ധരാണോ?

വൈദികർ : ഞാൻ സന്നദ്ധനാണ്.

മെത്രാൻ ജനങ്ങളുടെ നേർക്കു തിരിഞ്ഞുകൊണ്ട് തുടരുന്നു:

വത്സലമക്കളേ, നിങ്ങൾ നിങ്ങളുടെ പുരോഹിതർക്കുവേണ്ടി പ്രാർഥിക്കുവിൻ. അങ്ങനെ, അവരുടെമേൽ കർത്താവ് തന്റെ നന്മ സമൃദ്ധമായി ചൊരിയുകകയും പ്രധാനപുരോഹിതനായ ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകരായി രക്ഷയുടെ ഉറവിടമായ അവിടന്നിലേക്ക് അവരെ നയിക്കുകയും ചെയ്യട്ടെ.

ജനങ്ങൾ : ക്രിസ്തുവേ, ഞങ്ങളെ ശ്രവിക്കണമേ. ക്രിസ്തുവേ, ഞങ്ങളെ കരുണാപൂർവം ശ്രവിക്കണമേ.

എനിക്കുവേണ്ടിയും പ്രാർഥിക്കുവിൻ. അങ്ങനെ, എളിയവനായ എന്നെ ഭരമേല്പിച്ചിരിക്കുന്ന അപ്പസ്തോലിക ധർമത്തോട് വിശ്വസ്തനായിരിക്കുകയും പുരോഹിതനും നല്ലിടയനും ഗുരുവും എല്ലാവരുടെയും ദാസനുമായ ക്രിസ്തുവിന്റെ സജീവവും തികവുറ്റതുമായ പ്രതിരൂപമായി അനുദിനം നിങ്ങളുടെ ഇടയിൽ ഞാൻ ആയിത്തീരുകയും ചെയ്യാൻ പ്രാർഥിക്കുവിൻ.

ജനങ്ങൾ : ക്രിസ്തുവേ, ഞങ്ങളെ ശ്രവിക്കണമേ. ക്രിസ്തുവേ, ഞങ്ങളെ കരുണാപൂർവം ശ്രവിക്കണമേ.

കർത്താവ് നമ്മെ എല്ലാവരെയും അവിടത്തെ സ്നേഹത്തിൽ കാത്തുസൂക്ഷിക്കുകയും ഇടയന്മാരും അജഗണങ്ങളുമായ നമ്മെ എല്ലാവരെയും നിത്യജീവിതത്തിലേക്ക് നയിക്കുകയും ചെയ്യുമാറാകട്ടെ.

എല്ലാവരും : ആമേൻ

10. വിശ്വാസികളുടെ പ്രാർഥന തുടർന്നുവരുന്നു. വിശ്വാസപ്രമാണം ചൊല്ലുന്നില്ല.

## 11. നൈവേദ്യപ്രാർഥന

കർത്താവേ, ഈ ബലിയുടെ ശക്തിയാൽ ഞങ്ങളുടെ പഴയ ജീവിതം കാരുണ്യപൂർവം തുടച്ചുനീക്കുകയും പുതുജീവനും രക്ഷയും ഞങ്ങളിൽ വർധമാനമാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

12. ആമുഖഗീതി: ക്രിസ്തുവിന്റെ പൗരോഹിത്യവും പുരോഹിതരുടെ ശുശ്രൂഷയും

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ ഏകപുത്രനെ പരിശുദ്ധാത്മാവിന്റെ അഭിഷേകംവഴി, നവീനവും സനാതനവുമായ ഉടമ്പടിയുടെ പ്രധാനപുരോഹിതനായി അവരോധിക്കുകയും അങ്ങേ വിസ്മയനീയമായ പദ്ധതിയനുസരിച്ച് അവിടത്തെ ഏകപൗരോഹിത്യം സഭയിൽ തുടർന്നുപോകാൻ തിരുവുള്ളമാകുകയും ചെയ്തുവല്ലോ.

**എ**ന്തെന്നാൽ, അവിടന്നുതന്നെ, സ്വന്തമാക്കപ്പെട്ട ജനത്തെ രാജകീയപൗരോഹിത്യത്താൽ അലങ്കരിക്കുക മാത്രമല്ല, അങ്ങേ ദിവ്യശുശ്രൂഷയിൽ കൈവയ്പുവഴി പങ്കാളികളാകാൻ, സഹോദരനിർവിശേഷമായ സ്നേഹത്താൽ മനുഷ്യരെ തിരഞ്ഞെടുക്കുകയും ചെയ്തു.

**അ**വിടത്തെ നാമത്താൽ, മനുഷ്യരക്ഷയുടെ ബലി നവീകരിക്കുന്നതിനും അങ്ങേ മക്കൾക്ക് പെസഹാവിരുന്നൊരുക്കുന്നതിനും അങ്ങേ വിശുദ്ധജനത്തെ സ്നേഹത്തോടെ നയിക്കുന്നതിനും വചനത്താൽ പരിപോഷിപ്പിക്കുന്നതിനും കൂദാശകളാൽ ശക്തിപ്പെടുത്തുന്നതിനും അവർ നിയുക്തരായിരിക്കുന്നു.

**അ**ങ്ങയെപ്രതിയും സഹോദരരുടെ രക്ഷയ്ക്കുവേണ്ടിയും ആത്മാർപ്പണംചെയ്ത് ക്രിസ്തുവിനോടുതന്നെ അനുരൂപരാകാനും വിശ്വാസത്തിലും സ്നേഹത്തിലും അങ്ങേക്ക് നിരന്തരം സാക്ഷ്യംവഹിക്കാനും അവർ പരിശ്രമിക്കുന്നു.

**ആ**കയാൽ, കർത്താവേ, ഞങ്ങളും എല്ലാ മാലാഖമാരോടും വിശുദ്ധരോടുംചേർന്ന് അങ്ങയെ ഏറ്റുപറഞ്ഞുകൊണ്ട് ആഹ്ലാദഭരിതരായി പ്രകീർത്തിക്കുന്നു:

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

13. **ദിവ്യഭോജനപ്രഭണിതം** **സങ്കീ 88:2**

കർത്താവിന്റെ കാരുണ്യം ഞാൻ എന്നേക്കും പ്രകീർത്തിക്കും. എന്റെ അധരങ്ങൾ തലമുറകൾതോറും അങ്ങയുടെ വിശ്വസ്തത പ്രഘോഷിക്കും.

14. **ദിവ്യഭോജനപ്രാർഥന**

സർവശക്തനായ ദൈവമേ, അങ്ങേ കൂദാശയാൽ പരിപോഷിതരായവർ ക്രിസ്തുവിന്റെ സുഗന്ധമായിത്തീരാൻ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

15. തിരുവത്താഴദിവ്യബലിക്കുമുമ്പോ അല്ലെങ്കിൽ മറ്റെതെങ്കിലും അനുയുക്തമായ സമയത്തോ ഓരോ ഇടവകയ്ക്കുംവേണ്ടി വിശുദ്ധതൈലങ്ങൾ സ്വീകരിക്കാവുന്നതാണ്.

# വിശുദ്ധ പെസഹാത്രിദിനം

1. കുരിശുമരണംവരിച്ച് അടക്കംചെയ്യപ്പെട്ട് ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സ്മരണ സവിശേഷമാംവിധം ആഘോഷിച്ചുകൊണ്ട് സഭ നമ്മുടെ പരിത്രാണ പരമോന്നതരഹസ്യം വിശുദ്ധ ത്രിദിനങ്ങളിൽ മഹോത്സവമായി ആചരിക്കുന്നു.

കർത്താവിന്റെ പീഡാസഹനത്തിന്റെ വെള്ളിയാഴ്ച പെസഹാ ഉപവാസം എല്ലായിടത്തും പരിശുദ്ധമായി ആചരിക്കേണ്ടതും സൗകര്യമെങ്കിൽ വലിയ ശനിയാഴ്ചവരെ അതു തുടരേണ്ടതുമാണ്. അങ്ങനെ കർത്താവിന്റെ ഉത്ഥാനത്തിന്റെ ആനന്ദത്തിലേക്ക് സന്തുഷ്ടമാനസരായി നാം എത്തട്ടെ.

2. പെസഹാത്രിദിനത്തിന്റെ സമുചിതമായ ആഘോഷത്തിന്, തങ്ങൾ ചെയ്യേണ്ടവയെപ്പറ്റി കൃത്യമായ നിർദേശങ്ങൾ ലഭിച്ച അല്മായശുശ്രൂഷകരുടെ ആവശ്യമുള്ളത്ര എണ്ണം ഉണ്ടായിരിക്കേണ്ടതാണ്.

ജനങ്ങളുടെയും ശുശ്രൂഷകരുടെയും കാർമികനായ പുരോഹിതന്റെയും ആലാപനത്തിന് ഈ ദിവസങ്ങളിലെ ആഘോഷത്തിൽ വലിയ പ്രാധാന്യമുണ്ട്. പ്രത്യേകിച്ച്, പാഠഭാഗങ്ങൾ ആലപിക്കുമ്പോൾ അതിന് അതിന്റേതായ ഒരു പ്രത്യേക സ്വാധീനമുണ്ട്.

ഈ ദിവസങ്ങളിലെ ആഘോഷങ്ങൾക്കുവേണ്ടി ഒരുങ്ങുന്നതിനും അവയിൽ സജീവവും ഫലപ്രദവുമായി പങ്കെടുക്കുന്നതിനുംവേണ്ടി അവയുടെ അർഥവും ക്രമവും അജപാലകന്മാർ അവർക്ക് കഴിയുന്നത്ര നല്ലരീതിയിൽ ക്രിസ്തീയ വിശ്വാസികൾക്ക് വിവരിച്ചുകൊടുക്കുന്നതിൽ വീഴ്ച വരുത്തിക്കൂടാ.

3. കത്തീഡ്രൽ ദേവാലയത്തിലും ഇടവകദേവാലയങ്ങളിലും ഈ ദിവസങ്ങളുടെ പവിത്രത അനുസരിച്ച് നടത്താൻ സൗകര്യമുള്ള - അതായത് ആവശ്യത്തിന് വിശ്വാസികളുടെ പങ്കാളിത്തവും കുറെഭാഗങ്ങളെങ്കിലും പാടുന്നതിനു സൗകര്യവുമുള്ള - കുരിശുപള്ളികളിലും വിശുദ്ധ ത്രിദിന ആഘോഷങ്ങൾ നടത്താവുന്നതാണ്.

അതിനാൽ, ഏറ്റവും മാന്യമായരീതിയിൽ ഈ തിരുകർമങ്ങൾ നടത്തുന്നതിനുവേണ്ടി ചെറിയ സമൂഹങ്ങളും സംഘടനകളും വിവിധ രീതിയിലുള്ള പ്രത്യേക ഗ്രൂപ്പുകളും മേല്പറഞ്ഞ ദേവാലയങ്ങളിൽ ഒരുമിച്ചുവരുന്നത് അഭിലഷണീയമാണ്.

# കർത്താവിന്റെ അത്താഴത്തിന്റെ വ്യാഴാഴ്ച

## സായാഹ്നദിവ്യപൂജ

1. കർത്താവിന്റെ അത്താഴത്തിന്റെ ദിവ്യബലി സായാഹ്നത്തിൽ അനുയുക്തമായ ഒരു സമയത്ത് സ്ഥലത്തെ ജനസമൂഹം – വൈദികരും ശുശ്രൂഷകരും – അവരവരുടെ പങ്കുവഹിച്ചുകൊണ്ട് സമ്പൂർണ ഭാഗഭാഗിത്വത്തോടെ അർപ്പിക്കുന്നു.

2. ഈ ദിവസത്തിൽ നടന്ന തൈലപരികർമപൂജയിൽ പങ്കെടുത്ത വൈദികർക്കും, ക്രിസ്തീയവിശ്വാസികളുടെ നന്മയ്ക്കുവേണ്ടി വീണ്ടും മറ്റൊരു ബലി അർപ്പിക്കേണ്ടവരാണെങ്കിൽപ്പോലും, ഈ ദിവ്യബലിയിൽ സഹകാർമികരാകാവുന്നതാണ്.

3. തക്കതായ ഒരു അജപാലനകാരണമുണ്ടെങ്കിൽ, സ്ഥലത്തെ ദേവാലയങ്ങളിലും കുരിശുപള്ളികളിലും ഈ ദിവസം വൈകുന്നേരം മറ്റൊരു ദിവ്യബലി രൂപതാധ്യക്ഷന് അനുവദിക്കാവുന്നതാണ്. അത്യാവശ്യമെങ്കിൽ ഇത് രാവിലേയുമാകാം. എന്നാലിത്, വൈകുന്നേരത്തെ ദിവ്യബലിയിൽ പങ്കെടുക്കാൻ ഒരുതരത്തിലും സാധിക്കാത്ത വിശ്വാസികൾക്കുവേണ്ടി മാത്രമായിരിക്കണം. പക്ഷേ, ഈ രീതിയിലുള്ള ആഘോഷങ്ങൾ, പ്രത്യേക വ്യക്തികൾക്കോ സംഘങ്ങൾക്കോ വൈകുന്നേരത്തെ ദിവ്യബലിയോട് ആഭിമുഖ്യം പുലർത്താത്തവർക്കോ വേണ്ടിയുള്ളതല്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

4. ദിവ്യബലിയുടെ സമയത്തുമാത്രമേ വിശ്വാസികൾക്ക് ദിവ്യകാരുണ്യം നല്കാവൂ. എന്നാൽ രോഗികൾക്ക് ഈദിവസം ഏതു സമയത്തുവേണമെങ്കിലും ദിവ്യകാരുണ്യം നല്കാവുന്നതാണ്.

5. ഈ ദിവസത്തിന്റെ സ്വഭാവമനുസരിച്ച് ബലിപീഠം മിതമായ രീതിയിൽ പുഷ്പങ്ങൾകൊണ്ട് അലങ്കരിക്കാവുന്നതാണ്. സക്രാരി തികച്ചും ശൂന്യമായിരിക്കണം; ഇന്നും നാളെയും വൈദികർക്കും ജനങ്ങൾക്കും സ്വീകരിക്കാൻ ആവശ്യമുള്ളത്ര ഓസ്തി ഈ തിരുവത്താഴ ദിവ്യബലിയിൽ കൂദാശ ചെയ്യപ്പെടേണ്ടതാണ്.

6. **പ്രവേശകപ്രഭണിതം** **Cf. ഗലാ 6:14**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ നാം അഭിമാനം കൊള്ളണം. അവനിലാണ് നമ്മുടെ രക്ഷയും ജീവനും ഉത്ഥാനവും. അവൻവഴിയാണ് നമ്മൾ രക്ഷിക്കപ്പെട്ടിരിക്കുന്നതും വിമോചിപ്പിക്കപ്പെട്ടിരിക്കുന്നതും.

**ഗാനരൂപം**

നമ്മുടെ നാഥൻ രക്ഷകനേശുവി–
നമൂല്യമാം കുരിശിൽ,
അഭിമാനിക്കണമെന്നാളും നാം
രക്ഷ തരും കുരിശിൽ.

കുരിശിൽ ജീവൻ, രക്ഷയുമതുപോൽ
പുനരുത്ഥാനവുമേ,
കുരിശതിനാലേ മനുജരുമെല്ലാം
പാപവിമോചിതരായ്.

7. അത്യുന്നതങ്ങളിൽ ചൊല്ലുന്നു. ഇതു പാടുമ്പോൾ മണികൾ മുഴക്കുന്നു. രൂപതാധ്യക്ഷൻ മറിച്ചൊന്നും നിർദേശിച്ചിട്ടില്ലെങ്കിൽ, പ്രസ്തുത ഗാനം പാടിത്തീരുന്നതു മുതൽ പെസഹാജാഗരത്തിലെ അത്യുന്നതങ്ങളിൽ പാടുന്നതു വരെ മണികൾ നിശ്ശബ്ദമായിരിക്കണം. ഈ കാലയളവിൽ - ഹാർമോണിയവും മറ്റു വാദ്യോപകരണങ്ങളും ഗാനങ്ങൾക്ക് അകമ്പടിയായി മാത്രം ഉപയോഗിക്കാവുന്നതാണ്.

8. **സമിതിപ്രാർഥന**

ദൈവമേ, അങ്ങേ ഏകപുത്രൻ തന്നത്തന്നെ മരണത്തിന് ഏല്പിച്ചുകൊടുക്കാനിരിക്കേ, പരമപരിശുദ്ധഅത്താഴത്തെ നവീനവും സനാതനവുമായ ബലിയും അവിടത്തെ സ്നേഹവിരുന്നുമായി സഭയെ ഭരമേല്പിച്ചുവല്ലോ. ഇത്ര മഹത്തായ ഈ രഹസ്യത്തിൽ പങ്കുകൊള്ളാൻ, ഞങ്ങൾ സ്നേഹത്തിന്റെയും ജീവന്റെയും പൂർണത പ്രാപിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

9. സുവിശേഷപ്രഘോഷണത്തിനുശേഷം നടത്തുന്ന പ്രസംഗവേളയിൽ, ഇന്നത്തെ ദിവ്യബലിയിൽ അനുസ്മരിക്കപ്പെടുന്ന പ്രധാന രഹസ്യങ്ങളായ ദിവ്യകാരുണ്യത്തിന്റെയും പൗരോഹിത്യത്തിന്റെയും സംസ്ഥാപനവും പരസ്നേഹത്തെക്കുറിച്ചുള്ള കർത്താവിന്റെ കല്പനയും പുരോഹിതൻ വിശദീകരിക്കുന്നു.

## പാദക്ഷാളനം

10. പ്രസംഗത്തിനുശേഷം, അജപാലന കാരണം അനുശാസിക്കുന്നപോലെ, പാദക്ഷാളനം നടത്തുന്നു.

11. പാദക്ഷാളനത്തിന് തിരഞ്ഞെടുക്കപ്പെട്ട പുരുഷന്മാരെ ശുശ്രൂഷകർ നിർദിഷ്ടസ്ഥാനത്തേക്കു നയിക്കുന്നു. പുരോഹിതൻ, ആവശ്യമെങ്കിൽ, പൂജാവസ്ത്രം മാറ്റി ഓരോരുത്തരുടെയും അടുക്കൽചെന്ന് ശുശ്രൂഷകരുടെ സഹായത്തോടെ വെള്ളമൊഴിച്ച് പാദം കഴുകി തുടയ്ക്കുന്നു.

12. ഈ സമയത്ത് താഴെ കൊടുത്തിരിക്കുന്ന പ്രഭണിതങ്ങളോ ഉചിതമായ മറ്റു ഗാനങ്ങളോ ആലപിക്കുന്നു.

**പ്രഭണിതം 1** **Cf. യോഹ 13:4,5,15**

അന്തിമഭോജനവേളയിൽ
പന്തിയിൽനിന്നുമെഴുന്നേറ്റ്
ജലകുംഭങ്ങളിലൊന്നുമെടുത്ത്
കരുണാപൂരിതനാം ഭഗവാൻ
കഴുകുകയായി ശിഷ്യന്മാരുടെ
പാദമതാർക്കും മാതൃകയായ്.

**പ്രഭണിതം 2** **Cf. യോഹ 13:12,13,15**

കർത്താവാം യേശു തൻ ശിഷ്യരൊത്ത് അത്താഴം കഴിച്ചശേഷം അവരുടെ പാദങ്ങൾ കഴുകിക്കൊണ്ടരുൾചെയ്തു: നിങ്ങളറിയും, ഗുരുവും നാഥനുമായ ഞാൻ എന്താണ് നിങ്ങൾക്കുവേണ്ടി ചെയ്തതെന്ന്. നിങ്ങളുമതുപോലെ ചെയ്യാൻ നിങ്ങൾക്കൊരു മാതൃക ഞാനേകി.

**പ്രഭണിതം 3** **യോഹ 13:6,7,8**

ഈശോ സീമോൻ പത്രോസിൻ
മുന്നിലണഞ്ഞൊരു നേരത്ത്
പത്രോസിന്നൊരു സംശയമായ്
“നാഥൻ പാദാംകഴുകുകയോ?” (2)

പുഞ്ചിരിപൊഴിയും മുഖകമലം
മെല്ലെ മൊഴിഞ്ഞീ വാണികളെ
"നിൻ ചരണം ഞാൻ കഴുകായ്കിൽ
ഇല്ല നിനക്കെൻ പങ്കേതും"

"ഞാനീ ചെയ്‌വതിനർഥങ്ങൾ
നീയിന്നിപ്പോൾ അറിയില്ല
എന്നാലായതുനീ പിന്നെ
നന്നായ്ത്തന്നെയറിഞ്ഞീടും."

**പ്രഭണിതം 4** **Cf. യോഹ 13:14**

ഗുരുവും നാഥനുമാകും ഞാൻ
നിങ്ങടെ പാദം കഴുകി;
നിങ്ങളുമതുപോലന്യോന്യം
പാദം കഴുകുക വേണം.

**പ്രഭണിതം 5** **യോഹ 13:35**

നിങ്ങളന്യോന്യം സ്നേഹമാർന്നിഹ
മേവുമെങ്കിലോ നിർണയം
എന്റെ വത്സലശിഷ്യരെന്നു താൻ
ലോകമാകെയറിയുമേ

**പ്രഭണിതം 6** **യോഹ 13:34**

"നവ്യമായൊരു കല്പന ഞാൻ
നിങ്ങൾക്കായിതാ നല്കുന്നു.
നിങ്ങളെ ഞാൻ സ്നേഹിച്ചപോലവേ
നിങ്ങളന്യോന്യം സ്നേഹിപ്പിൻ"

**പ്രഭണിതം 7** **1 കോറി 13:13**

സ്നേഹം, ശരണം, വിശ്വാസം
ഇവയിൽ സ്നേഹം ഉത്തമമേ
നിങ്ങളിലായവയെന്നെന്നും
മങ്ങലെഴാതെ വളരേണം

13. പാദക്ഷാളനത്തിനുശേഷം പുരോഹിതൻ കൈകൾ കഴുകി തുടച്ചതിനു ശേഷം പൂജാവസ്ത്രം ധരിച്ച് ഇരിപ്പിടത്തിലേക്കുവന്ന് വിശ്വാസികളുടെ പ്രാർഥനക്ക് നേതൃത്വം കൊടുക്കുന്നു.

വിശ്വാസപ്രമാണം ചൊല്ലുന്നില്ല

## സ്തോത്രയാഗകർമം

14 സ്തോത്ര്യാഗകർമത്തിന്റെ ആരംഭത്തിൽ കാഴ്ചവയ്പുപ്രദക്ഷിണം ആകാവുന്നതാണ്. ഇതിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയുംകൂടെ പാവപ്പെട്ടവർക്കുവേണ്ടിയുള്ള ദാനവസ്തുക്കളും കൊണ്ടുവരുന്നത് അഭിലഷണീയമാണ്. തത്സമയം താഴെകൊടുത്തിരിക്കുന്ന ഗാനമോ മറ്റേതെങ്കിലും ഉചിതമായ ഗാനമോ ആലപിക്കുന്നു.

### പ്രഭണിതം

1. സ്നേഹമെവിടെ, ഉപവിയെവിടെ
   ദൈവമുണ്ടവിടെ (2)
   ക്രിസ്തുവിൽ തിരുസ്നേഹമൊന്നായ്
   ചേർത്തിതാ നമ്മെ (2)

2. ഉല്ലസിക്കുക ക്രിസ്തുവിൽ നാം
   ഹർഷ പുളകിതരായ്
   ദൈവസ്നേഹം ദൈവഭയവും
   വളരണം നമ്മിൽ (2)

3 നമ്മൾ തമ്മിൽ ഹൃദയപൂർവം
   പകരണം സ്നേഹം
   നമ്മളോന്നായ് ചേർന്നിടുമ്പോൾ
   മനസ്സിൽ ഭിന്നതയോ (2)

4. ശണ്ഠപോൽ കിടമത്സരങ്ങളും
   മറയണം വേഗം
   ക്രിസ്തുനാഥൻ നമ്മിലെന്നും
   വാഴണം മേന്മേൽ (2)

5. ധന്യരായിവർ മഹിതമാം നിൻ
പദമലർ ചൂടാൻ
സ്വർഗഭാഗ്യമരുളണം നീ
സതതമെൻ നാഥാ (2)

### 15. നൈവേദ്യപ്രാർഥന

കർത്താവേ, ദിവ്യയാഗത്തിന്റെ ഓർമ ഈ രഹസ്യങ്ങളിൽ യഥോചിതം കൊണ്ടാടുമ്പോഴെല്ലാം ഞങ്ങളുടെ പരിത്രാണകർമം നിർവഹിക്കപ്പെടാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

### 16. ആമുഖഗീതി : ക്രിസ്തുവിന്റെ ബലിയും കൂദാശയും

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**നി**ത്യസത്യപുരോഹിതനായ അവിടന്ന് സനാതനബലിയുടെ മാതൃക സ്ഥാപിച്ചുകൊണ്ട് ആദ്യമായി തന്നത്തന്നെ അങ്ങേക്ക് രക്ഷാകരബലിയായി അർപ്പിക്കുകയും അവിടത്തെ ഓർമയ്ക്കായി അർപ്പിക്കാൻ ഞങ്ങളോടു കല്പിക്കുകയും ചെയ്തു. ഞങ്ങൾക്കായി അർപ്പിക്കപ്പെട്ട അവിടത്തെ ശരീരം ഭക്ഷിക്കുമ്പോൾ ഞങ്ങൾ ശക്തിപ്രാപിക്കുകയും ഞങ്ങൾക്കായി ചിന്തപ്പെട്ടരക്തം പാനംചെയ്യുമ്പോൾ ഞങ്ങൾ ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

**ആ**കയാൽ, മാലാഖമാരോടും പ്രധാനമാലാഖമാരോടും ഭദ്രാസനന്മാരോടും അധീശന്മാരോടും സ്വർഗീയസൈന്യങ്ങളുടെ എല്ലാവൃന്ദങ്ങളോടുമൊത്ത് അവിരാമം പ്രകീർത്തിച്ചുകൊണ്ട് അങ്ങേ മഹത്ത്വത്തിന്റെ ഗീതം ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

17. റോമൻകാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥന, അതിനാൽ കർത്താവേ, അവിടത്തെ പീഡാസഹനത്തിന്റെ എന്നിവ ചൊല്ലുന്നു.

18. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

C: കരുണാവാരിധിയായ പിതാവേ, അതിനാൽ, പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവഴി ഞങ്ങൾ വിനയപൂർവം അങ്ങയോട് യാചിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

കൈകൾ കൂപ്പി ചൊല്ലുന്നു:

ഈ കാണിക്കകൾ, ഈ തിരുമുല്ക്കാഴ്ചകൾ, വിശുദ്ധവും നിർമലവുമായ ഈ ബലിവസ്തുക്കൾ സ്വീകരിച്ച്,

അപ്പത്തിന്റെയും കാസയുടെയുംമേൽ കുരിശടയാളമിട്ടുകൊണ്ടു ചൊല്ലുന്നു:

✠ ആശീർവദിക്കണമേ.

കൈകൾ വിരിച്ചുകൊണ്ടു തുടരുന്നു:

പ്രഥമമായി, അങ്ങയുടെ വിശുദ്ധ കത്തോലിക്കാസഭയ്ക്കുവേണ്ടി ഇവ ഞങ്ങൾ അങ്ങേക്കു അർപ്പിക്കുന്നു. അങ്ങയുടെ ദാസനായ ഞങ്ങളുടെ (പേര്) ... പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ (പേര്) ... മെത്രാനോടും* (മെത്രാൻ: അങ്ങയുടെ എളിയ ദാസനായ എന്നോടും) അപ്പസ്തോലികവും കാതോലികവുമായ സത്യവിശ്വാസം പഠിപ്പിക്കുന്ന എല്ലാവരോടുമൊപ്പം ലോകമെങ്ങുമുള്ള തിരുസഭയെ സമാധാനം നല്കി സംരക്ഷിക്കാനും ഒന്നിപ്പിക്കാനും നയിക്കാനും കനിയണമേ.

---

* രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

19. ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർഥന

C1. കർത്താവേ, അങ്ങയുടെ ദാസന്മാരും ദാസിമാരുമായ (പേരുകൾ) ഇവിടെ കൂടിയിരിക്കുന്ന എല്ലാവരെയും അങ്ങ് ഓർക്കണമേ.

കൈകൾ കൂപ്പി അവർക്കുവേണ്ടി അല്പനേരം പ്രാർഥിക്കുന്നു.
പിന്നീട് കൈകൾ വിരിച്ചുകൊണ്ടു തുടരുന്നു:

ഇവർക്കുവേണ്ടി ഈ ബലി തങ്ങൾ അർപ്പിക്കുന്നു. ഇവരുടെ വിശ്വാസവും പ്രകടമായ ഭക്തിയും അങ്ങ് അറിയുന്നുവല്ലോ. ഇവർ തങ്ങൾക്കുവേണ്ടിയും തങ്ങളുടെ എല്ലാ പ്രിയപ്പെട്ടവർക്കുവേണ്ടിയും ഈ സ്തോത്രബലി അങ്ങേക്കർപ്പിക്കുന്നു. ഇവരുടെ ആത്മാവിന്റെ പരിത്രാണത്തിനും പ്രത്യാശയ്ക്കൊത്ത ക്ഷേമത്തിനും ഭദ്രതയ്ക്കുമായി, ജീവനും സത്യവും നിത്യ ദൈവവുമായ അങ്ങേക്ക് ഈ കാണിക്കകൾ അർപ്പിക്കുന്നു.

20. അനുഷ്ഠാനത്തിനുള്ളിൽ

C2. ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു ഞങ്ങൾക്കുവേണ്ടി ശത്രുകരങ്ങളിൽ ഏല്പിക്കപ്പെട്ട പരിശുദ്ധ ദിനം കൊണ്ടാടുന്ന ഈ വേളയിൽ സമസ്ത സഭയോടും എല്ലാ വിശുദ്ധരോടും, വിശിഷ്യ, ഞങ്ങളുടെ കർത്താവും ദൈവവുമായ യേശുക്രിസ്തുവിന്റെ മാതാവും മഹത്ത്വപൂർണയും നിത്യകന്യകയുമായ മറിയത്തോടും ആ കന്യകയുടെ ഭർത്താവായ ഭാഗ്യപ്പെട്ട യൗസേപ്പിനോടും ധന്യരായ അപ്പസ്തോലന്മാരും അങ്ങയുടെ രക്തസാക്ഷികളുമായ പത്രോസ്, പൗലോസ്, അന്ത്രയോസ് (യാക്കോബ്, യോഹന്നാൻ, തോമാ, യക്കോബ്, ഫിലിപ്പോസ്, ബർത്തലോം, മത്തായി, ശീമോൻ, തദേവൂസ് എന്നിവരോടും ലീനസ്, ക്ലീറ്റസ്, ക്ലെമെന്റ്, സിക്സ്റ്റസ്, കൊർണേലിയൂസ്, സിപ്രിയാൻ, ലോറൻസ്, ക്രിസോഗനസ്, ജോൺ, പോൾ, കോസ്മസ്, ഡാമിയൻ) എന്നിവരോടും ഒന്നുചേർന്നുകൊണ്ടും അവരുടെ ഓർമ ആചരിച്ചുകൊണ്ടും അവരുടെ പുണ്യഫലങ്ങളും പ്രാർഥനകളുംവഴി എല്ലാ കാര്യങ്ങളിലും അങ്ങയുടെ സംരക്ഷണത്തിന്റെ സഹായം നല്കി ഞങ്ങളെ ശക്തിപ്പെടുത്താൻ കനിയണമേ. (ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി...).

21. കൈകൾ വിരിച്ചുകൊണ്ട് പുരോഹിതൻ തുടരുന്നു:

C: അതിനാൽ, കർത്താവേ, ഞങ്ങളുടെ സേവനത്തിന്റെയും അങ്ങയുടെ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. ഞങ്ങളുടെ ദിനങ്ങൾ അങ്ങയുടെ സമാധാനത്തിൽ നയിക്കുകയും ഞങ്ങൾ നിത്യശിക്ഷയിൽനിന്ന് മോചിതരായി അങ്ങേ തിരഞ്ഞെടുക്കപ്പെട്ട അജഗണത്തിൽ എണ്ണപ്പെടാൻ കനിയുകയും ചെയ്യണമേ.

കൈകൾ കൂപ്പുന്നു.

(ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി...)

22. കൈകൾനീട്ടി കാഴ്ചദ്രവ്യങ്ങളുടെമേൽ വിരിച്ചുപിടിച്ചുകൊണ്ട് ചൊല്ലുന്നു:

CC: ദൈവമേ, അങ്ങ് ഈ ബലിവസ്തു എല്ലാവിധത്തിലും ആശീർവദിച്ച്, അംഗീകരിച്ച്, സാധൂകരിച്ച് യുക്തവും സ്വീകാര്യവുമാക്കിത്തീർക്കാൻ കനിയണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഇവ ഞങ്ങൾക്ക് അങ്ങയുടെ ഏറ്റവും പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ ശരീരവും രക്തവുമായിത്തീരുമാറാകട്ടെ.

കൈകൾ കൂപ്പുന്നു:

23. കർത്താവിന്റെ തിരുമൊഴികളായ താഴെ വരുന്ന പ്രതിഷ്ഠാപന വചസ്സുകൾ, അവയുടെ സ്വഭാവം അനുശാസിക്കുന്നപോലെ, വ്യക്തമായി ഉച്ചരിക്കേണ്ടതാണ്.

അവിടന്ന് നമ്മുടെ എല്ലാവരുടെയും രക്ഷയ്ക്കായി പീഡകൾ സഹിച്ചതിന്റെ തലേന്നാൾ, അതായത്, ഈദിവസം,

അപ്പമെടുത്ത് അൾത്താരയിൽനിന്ന് അല്പം ഉയർത്തിക്കൊണ്ട് തുടരുന്നു:

പരിശുദ്ധവും ധന്യവുമായ തന്റെ കരങ്ങളിൽ അപ്പമെടുത്ത്, സ്വർഗത്തിലേക്ക്, സർവശക്തനായ ദൈവവും തന്റെ പിതാവുമായ അങ്ങയുടെ നേർക്ക്

കണ്ണുകൾ ഉയർത്തുന്നു.

കണ്ണുകൾ ഉയർത്തി, അങ്ങേക്ക് കൃതജ്ഞത പ്രകാശിപ്പിച്ച്, ആശീർവദിച്ച്, മുറിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു. തിരികെ തളികയിൽ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

24. അനന്തരം തുടരുന്നു:

അപ്രകാരംതന്നെ, അത്താഴം കഴിഞ്ഞ്, അവിടന്ന് വിശിഷ്ടമായ ഈ പാനപാത്രം

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

പരിശുദ്ധവും ധന്യവുമായ തന്റെ കരങ്ങളിൽ എടുത്ത്, വീണ്ടും അങ്ങേക്ക് കൃതജ്ഞതപ്രകാശിപ്പിച്ച്, ആശീർവദിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങളുടെയും**
**അനേകരുടെയും പാപങ്ങളുടെ**
**മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ,**
**എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തുന്നു. വീണ്ടും തിരുശീലയിൽ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

25. അനന്തരം ചൊല്ലുന്നു:

C : ഇത് വിശ്വാസത്തിന്റെ രഹസ്യം

ജനം പ്രഘോഷിക്കുന്നു:

കർത്താവേ,/അങ്ങ് വീണ്ടുംവരുന്നതുവരെ/അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു.

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ,/ അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

26. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ടു ചൊല്ലുന്നു:

CC : അതിനാൽ കർത്താവേ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ അതേ ക്രിസ്തുവിന്റെ ധന്യമായ പീഡാസഹനവും മരിച്ചവരിൽ നിന്നുള്ള ഉയിർപ്പും മഹനീയമായ സ്വർഗാരോഹണവും ഓർത്തുകൊണ്ട്, അങ്ങയുടെ ദാസരായ ഞങ്ങളും അങ്ങയുടെ വിശുദ്ധജനവും അങ്ങു ഞങ്ങൾക്കു നല്കിയ ദാനദ്രവ്യങ്ങളിൽനിന്ന് ഈ പവിത്രബലി, ഈ വിശുദ്ധബലി, ഈ നിർമലബലി- നിത്യജീവന്റെ വിശുദ്ധമായ അപ്പവും നിത്യരക്ഷയുടെ പാനപാത്രവും- അങ്ങയുടെ മഹിതവൈഭവത്തിനു മുമ്പിൽ സമർപ്പിക്കുന്നു.

27. അങ്ങയുടെ ദാസൻ നീതിമാനായ ആബേലിന്റെ കാണിക്കകളും ഞങ്ങളുടെ പൂർവപിതാവായ അബ്രാഹത്തിന്റെ ബലിയും അങ്ങയുടെ മഹാപുരോഹിതനായ മെല്ക്കിസെദെക്ക് അങ്ങേക്കർപ്പിച്ച കാഴ്ചകളും അങ്ങു സ്വീകരിച്ചപോലെ, ഈ കാണിക്കകളും പ്രീതികരവും പ്രസന്നവുമായ മുഖത്തോടെ കടാക്ഷിക്കാനും വിശുദ്ധബലിയായും നിർമലയാഗമായും സ്വീകരിക്കാനും കനിയണമേ.

28. കൈകൾ കൂപ്പി, ശിരസ്സുനമിച്ചുകൊണ്ടു ചൊല്ലുന്നു:

സർവശക്തനായ ദൈവമേ, ഏറ്റവും താഴ്മയോടെ ഞങ്ങൾ അപേക്ഷിക്കുന്നു: ഈ ദിവ്യബലി അങ്ങയുടെ വിശുദ്ധദൂതന്റെ കരങ്ങൾവഴി സംവഹിച്ച്, അങ്ങയുടെ മഹനീയ അൾത്താരയിലേക്ക്, അങ്ങയുടെ മഹത്ത്വമേറിയ തിരുമുമ്പിലേക്ക് സംവഹിക്കാൻ കല്പിച്ചരുളിയാലും. ഈ ബലിപീഠത്തിൽ അർപ്പിച്ച ബലിയിൽ പങ്കുചേർന്ന്, അങ്ങയുടെ പുത്രന്റെ ശരീരവും രക്തവും സ്വീകരിക്കുമ്പോഴെല്ലാം,

നിവർന്ന് കുരിശടയാളം വരച്ചുകൊണ്ടു ചൊല്ലുന്നു:

എല്ലാ സ്വർഗീയാനുഗ്രഹങ്ങളാലും പ്രസാദവരങ്ങളാലും ഞങ്ങൾ നിറയുമാറാകണമേ.

കൈകൾ കൂപ്പുന്നു.

(കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളണമേ ആമേൻ).

29. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥന

കൈകൾ വിരിച്ചുകൊണ്ടു ചൊല്ലുന്നു:

C3 : കർത്താവേ, വിശ്വാസത്തിന്റെ മുദ്രയോടെ ഞങ്ങൾക്കുമുമ്പേ കടന്നുപോവുകയും സമാധാനത്തിന്റെ നിദ്രയിൽ വിശ്രമിക്കുകയും ചെയ്യുന്നവരായ അങ്ങയുടെ ദാസന്മാരെയും ദാസിമാരെയും (പേരുകൾ) ഓർക്കണമേ.

കൈകൾ കൂപ്പി, മരിച്ചവർക്കുവേണ്ടി അല്പനേരം പ്രാർഥിക്കുന്നു.

പിന്നീട്, കൈകൾ വിരിച്ചുകൊണ്ട് തുടരുന്നു:

ഇവർക്കും ക്രിസ്തുവിൽ നിദ്രകൊള്ളുന്ന എല്ലാവർക്കും വിശ്രാന്തിയുടെയും പ്രകാശത്തിന്റെയും സമാധാനത്തിന്റെയും ഇടം കനിഞ്ഞരുളണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

കൈകൾ കൂപ്പുന്നു.

(കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളണമേ ആമേൻ).

30. വലത്തുകൈകൊണ്ട് പിഴയിടിച്ചുകൊണ്ടു ചൊല്ലുന്നു:

C 4 : പാപികളെങ്കിലും അങ്ങയുടെ ദാസരും

കൈകൾ വിരിച്ചുകൊണ്ടു തുടരുന്നു:

അങ്ങയുടെ അളവറ്റ കാരുണ്യം ശരണംപ്രാപിക്കുന്നവരുമായ ഞങ്ങൾക്ക് അങ്ങയുടെ വിശുദ്ധ അപ്പസ്തോലന്മാരുടെയും രക്തസാക്ഷികളുടെയും വിശുദ്ധരായ യോഹന്നാൻ, സ്റ്റീഫൻ, മത്തിയാസ്, ബർണബാസ്, (ഇഗ്നേഷ്യസ്, അലക്സാണ്ടർ, മർസലിൻ, പീറ്റർ, ഫെലിസിത്ത, പെർപ്പെത്തുവാ, ആഗത, ലൂസിയ, ആഗ്നസ്, സിസിലിയ, അനസ്താസിയ) എന്നിവരുടെയും അങ്ങേ എല്ലാ വിശുദ്ധരുടെയും തെല്ലൊരു പങ്കാളിത്തവും സഹവാസവും കല്പിച്ചരുളണമെന്നും അവരുടെ സമൂഹത്തിൽ, യോഗ്യതകൾ പരിഗണിക്കുന്നവനായിട്ടല്ല, കാരുണ്യം വർഷിക്കുന്നവനായി, ഞങ്ങളെയും ചേർത്തരുളണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

31. കൈകൾ കൂപ്പി തുടരുന്നു:

C: കർത്താവേ, അവിടന്നുവഴി അങ്ങ് ഈ നന്മകളെല്ലാം നിരതം സൃഷ്ടിക്കുകയും പവിത്രീകരിക്കുകയും ജീവശക്തികൊണ്ടു നിറയ്ക്കുകയും ആശീർവദിക്കുകയും ഞങ്ങൾക്കു നല്കുകയും ചെയ്യുന്നുവല്ലോ.

32. തിരുശരീരത്തോടുകൂടെ തളികയും പാനപാത്രവും ഉയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാ ബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം : ആമേൻ.

തുടർന്ന്, ദിവ്യകാരുണ്യസ്വീകരണകർമം നടക്കുന്നു. p. ...

33\. ദിവ്യകാരുണ്യ സ്വീകരണ വേളയിൽ അനുയുക്തമായ സമയത്ത് അൾത്താരയിൽനിന്ന് വീടുകളിൽ കഴിയുന്ന രോഗികൾക്ക് സ്വീകരിക്കാൻ പിന്നീട് കൊണ്ടുപോകേണ്ട ദിവ്യകാരുണ്യം ഡീക്കനെയോ ശുശ്രൂഷിയെയോ ദിവ്യകാരുണ്യത്തിന്റെ അസാധാരണശുശ്രൂഷിയെയോ പുരോഹിതൻ ഏല്പിക്കുന്നു.

### 34. ദിവ്യഭോജനപ്രഭണിതം — 1 കോറി 11:24-25

കർത്താവ് അരുൾ ചെയ്യുന്നു. ഇത് നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്; ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയുടെ പാനപാത്രമാണ്. നിങ്ങൾ ഇതു സ്വീകരിക്കുമ്പോഴെല്ലാം എന്റെ ഓർമയ്ക്കായി ഇതു ചെയ്യുവിൻ.

35\. ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം അടുത്ത ദിവസത്തേക്കുള്ള തിരുവോസ്തി നിറച്ച കുസ്തോദി അൾത്താരയിൽ വയ്ക്കുന്നു. പുരോഹിതൻ ഇരിപ്പിടത്തിൽ നിന്നുകൊണ്ട് ദിവ്യഭോജനപ്രാർഥന ചൊല്ലുന്നു.

### 36. ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, ഇഹത്തിൽ അങ്ങേ പുത്രന്റെ അത്താഴത്താൽ പരിപോഷിതരായപോലെ, പരത്തിലും സംതൃപ്തിയടയാൻ ഞങ്ങളെ അർഹരാക്കണമേ. കർത്താവായ...

## പരിശുദ്ധപരമദിവ്യകാരുണ്യത്തിന്റെ സംവഹനം

37. ദിവ്യഭോജനപ്രാർഥനാനന്തരം പുരോഹിതൻ എഴുന്നേറ്റുനിന്നുകൊണ്ട് ധൂപക്കുറ്റിയിൽ കുന്തിരിക്കമിട്ടശേഷം മുട്ടുകുത്തി മൂന്നു പ്രാവശ്യം ദിവ്യകാരുണ്യത്തിന് ധൂപാർച്ചന ചെയ്യുന്നു. അനന്തരം, വെളുത്ത തോൾവിരിയണിഞ്ഞ് എഴുന്നേറ്റ് കുസ്തോദി കൈയിലെടുത്ത് തോൾവിരിയുടെ അറ്റം കൊണ്ട് മൂടുന്നു.

38. ദേവാലയത്തിൽ പ്രത്യേകം ഒരുക്കിയിരിക്കുന്ന ഭാഗത്തേക്കോ യഥോചിതം അലങ്കരിച്ച കുരിശുപള്ളിയിലേക്കോ കത്തിച്ച തിരികളോടും ധൂപത്തോടുംകൂടെ ദേവാലയത്തിലൂടെ പരിശുദ്ധപരമദിവ്യകാരുണ്യം സംവഹിച്ചുകൊണ്ടുപോകുന്ന പ്രദക്ഷിണം നടത്തപ്പെടുന്നു. കത്തിച്ച തിരികളുമായി നീങ്ങുന്ന രണ്ടു ശുശ്രൂഷികളുടെ മധ്യേ, കുരിശുവഹിക്കുന്ന അല്മായ ശുശ്രൂഷി മുമ്പേ നീങ്ങുന്നു. മറ്റുള്ളവർ കത്തിച്ച തിരികളുമായി അനുഗമിക്കുന്നു. പരിശുദ്ധപരമദിവ്യകാരുണ്യം സംവഹിക്കുന്ന പുരോഹിതന്റെ മുന്നിൽ ധൂപകർ. തത്സമയം പാടുക നാവേ എന്ന ഗാനമോ (അവസാനത്തെ രണ്ടു ചരണം ഒഴികെ) മറ്റൊരു ദിവ്യകാരുണ്യഗാനമോ ആലപിക്കുന്നു.

39. ദിവ്യകാരുണ്യം പ്രതിഷ്ഠിക്കാനുള്ള വേദിയിൽ എത്തിച്ചേരുമ്പോൾ, പുരോഹിതൻ, ആവശ്യമെങ്കിൽ ഡീക്കന്റെ സഹായത്തോടെ, തുറന്നുവച്ചിരിക്കുന്ന സക്രാരിയിൽ കുസ്തോദി സ്ഥാപിക്കുന്നു. അതിനുശേഷം, ധൂപക്കുറ്റിയിൽ കുന്തിരിക്കമിട്ട് മുട്ടുകുത്തി പരിശുദ്ധപരമദിവ്യകാരുണ്യത്തെ ധൂപിക്കുന്നു. തത്സമയം, ഭക്ത്യാവണങ്ങുക എന്ന ഗാനം അല്ലെങ്കിൽ മറ്റൊരു ദിവ്യകാരുണ്യഗാനം ആലപിക്കുന്നു. അനന്തരം ഡീക്കനോ പുരോഹിതൻ തന്നെയോ ദിവ്യകാരുണ്യം സക്രാരിയിൽ വയ്ക്കുകയും കവാടം അടയ്ക്കുകയും ചെയ്യുന്നു.

40. അതിനുശേഷം, പുരോഹിതനും ശുശ്രൂഷകരും അല്പനേരം നിശ്ശബ്ദതയിൽ ആരാധിച്ചിട്ട് മുട്ടുകുത്തി വണങ്ങിക്കൊണ്ട് സങ്കീർത്തിയിലേക്കു മടങ്ങുന്നു.

41. നിർദിഷ്ട സമയത്ത് അൾത്താരവിരികൾ നീക്കുകയും ദേവാലയത്തിലെ കുരിശുകളെല്ലാം കഴിയുന്നേടത്തോളം എടുത്തുമാറ്റുകയും ചെയ്യുന്നു. എടുത്തുമാറ്റാനാവാത്ത കുരിശുകൾ ആച്ഛാദനം ചെയ്യുന്നു.

42. കർത്താവിന്റെ തിരുവത്താഴ ദിവ്യബലിയിൽ പങ്കുകൊണ്ടവർ സായാഹ്ന പ്രാർഥന ചൊല്ലുന്നില്ല.

43. സ്ഥലത്തെ കീഴ്നടപ്പും സൗകര്യവുമനുസരിച്ച് രാത്രിയിൽ ഒരു നിശ്ചിത സമയംവരെ പള്ളിയിൽ വന്ന് ദിവ്യകാരുണ്യാരാധന തുടരാൻ വിശ്വാസികളെ ക്ഷണിക്കുന്നു. എന്നാൽ പാതിരാത്രിക്കുശേഷം സാഘോഷ ആരാധന പാടില്ല.

44. പിറ്റേദിവസം വെള്ളിയാഴ്ച, കർത്താവിന്റെ പീഡാസഹനാചരണം അതേ ദേവാലയത്തിലല്ല നടക്കുന്നതെങ്കിൽ, ദിവ്യബലി സാധാരണരീതിയിൽ സമാപിപ്പിക്കുകയും ദിവ്യകാരുണ്യം സക്രാരിയിൽ വയ്ക്കുകയും ചെയ്യുന്നു.

## കർത്താവിന്റെ പീഡാസഹനത്തിന്റെ വെള്ളിയാഴ്ച

1. അതിപുരാതനമായ പാരമ്പര്യമനുസരിച്ച് സഭ ഇന്നും നാളെയും, കുമ്പസാരവും രോഗീലേപനവുമൊഴികെ, മറ്റു കൂദാശകളൊന്നും പരികർമം ചെയ്യുന്നില്ല.

2. ഇന്ന് കർത്താവിന്റെ പീഡാസഹനാചരണത്തിനുമധ്യേ മാത്രമേ വിശ്വാസികൾക്ക് ദിവ്യകാരുണ്യം നല്കാവൂ. എന്നാൽ, ഈ തിരുകർമത്തിൽ പങ്കെടുക്കാൻ സാധ്യമല്ലാത്ത രോഗികൾക്ക് ഈ ദിവസം ഏതു സമയത്തും ദിവ്യകാരുണ്യം നല്കാവുന്നതാണ്.

3. അൾത്താര പൂർണമായും ശൂന്യമായിരിക്കണം. കുരിശോ തിരികളോ അൾത്താരവിരികളോ ഒന്നും പാടില്ല.

### കർത്താവിന്റെ പീഡാസഹനത്തിന്റെ ആചരണം

4. ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നുമണിയോടെ കർത്താവിന്റെ പീഡാസഹനത്തിന്റെ ആചരണം ആരംഭിക്കുന്നു. അജപാലനാത്മകമായ കാരണങ്ങളാൽ, ഇതിലും വൈകിയ സമയവും തിരഞ്ഞെടുക്കാവുന്നതാണ്. ഇന്നത്തെ തിരുകർമത്തിന് മൂന്നുഘട്ടങ്ങളാണുള്ളത്: 1. ദൈവവചനപ്രഘോഷണകർമം 2. കുരിശാരാധന 3. ദിവ്യകാരുണ്യ സ്വീകരണം.

5. പുരോഹിതനും ഡീക്കനുണ്ടെങ്കിൽ അദ്ദേഹവും ദിവ്യപൂജയ്ക്കെന്നപോലെ ചെമപ്പ് തിരുവസ്ത്രങ്ങളണിഞ്ഞ് അൾത്താരയെ സമീപിച്ച് വണങ്ങി സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടോ അല്ലെങ്കിൽ മുട്ടുകുത്തിനിന്നുകൊണ്ടോ അല്പനേരം നിശ്ശബ്ദമായി പ്രാർഥിക്കുന്നു. മറ്റുള്ളവരെല്ലാം മുട്ടുകുത്തി നില്ക്കുന്നു.

6. അനന്തരം, പുരോഹിതൻ ശുശ്രൂഷകരോടുകൂടെ ഇരിപ്പിടത്തിലേക്കു പോകുന്നു. അവിടെ ജനങ്ങൾക്കഭിമുഖമായി നിന്ന്, കൈവിരിച്ചുപിടിച്ചുകൊണ്ട് താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലുമൊരു പ്രാർഥന നമുക്കു പ്രാർഥിക്കാം എന്ന ക്ഷണം ഒഴിവാക്കിക്കൊണ്ട് ചൊല്ലുന്നു,

### പ്രാർഥന

കർത്താവേ, അങ്ങേ കാരുണ്യം സ്മരിക്കുകയും നിത്യമായ സംരക്ഷണത്താൽ അങ്ങേ ദാസരെ വിശുദ്ധീകരിക്കുകയും ചെയ്യണമേ. ഇവർക്കു വേണ്ടിയാണല്ലോ അങ്ങേ പുത്രനായ ക്രിസ്തു രക്തംചിന്തി പെസഹാരഹസ്യം സ്ഥാപിച്ചത്. എന്നെന്നും...

R ആമേൻ.

### അഥവാ

ദൈവമേ, എല്ലാ തലമുറകൾക്കും ഓഹരിയായിക്കിട്ടിയ ആദിപാപത്തിന്റെ പിന്തുടർച്ചയായ മരണത്തെ, അങ്ങേ പുത്രനും ഞങ്ങളുടെ കർത്താവുമായ ക്രിസ്തുവിന്റെ പീഡാസഹനത്താൽ അങ്ങു സംഹരിച്ചുവല്ലോ. അങ്ങനെ, അവിടത്തോട് അനുരൂപരായിത്തീർന്നുകൊണ്ട്, ഭൗതികമനുഷ്യന്റെ പ്രതിരൂപം പ്രകൃതിനിയമത്താൽ ഞങ്ങൾ സംവഹിക്കുന്നപോലെ, കൃപയുടെ വിശുദ്ധീകരണത്താൽ സ്വർഗീയപ്രതിരൂപം ഞങ്ങൾ കൈവരിക്കുമാറാകട്ടെ. കർത്താവായ ക്രിസ്തുവഴി...

R ആമേൻ.

## ഒന്നാം ഭാഗം : ദൈവവചനപ്രഘോഷണകർമം

7. അനന്തരം, എല്ലാവരും ഇരിക്കുന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് ഒന്നാംവായന (ഏശ 52: 13–53:12) അതിന്റെ പ്രതിവചന സങ്കീർത്തനത്തോടെ വായിക്കുന്നു.

8. ഹെബ്രായർക്കുള്ള ലേഖനത്തിൽ നിന്ന് (ഹെബ്രാ 4:14–16, 5:7–9) രണ്ടാം വായനയും സുവിശേഷത്തിനു മുമ്പുള്ള ഗീതവും തുടർന്നുവരുന്നു.

9. അനന്തരം, തലേഞായറാഴ്ചയിലെപ്പോലെ യോഹന്നാന്റെ സുവിശഷത്തിൽ നിന്ന് (യോഹ 18:1–19, 42) കർത്താവിന്റെ പീഡാനുഭവചരിത്രം വായിക്കുന്നു.

10. കർത്താവിന്റെ പീഡാനുഭവചരിത്രവായനയ്ക്കുശേഷം പുരോഹിതൻ ഹ്രസ്വമായ ഒരു പ്രസംഗം നടത്തുകയും അതിന്റെ അവസാനം അല്പനേരം പ്രാർഥനയിൽ ചെലവഴിക്കാൻ ജനങ്ങളെ ക്ഷണിക്കുകയും ചെയ്യുന്നു.

## വിശ്വാസികളുടെ പ്രാർഥന

11. വിശ്വാസികളുടെ പ്രാർഥനയോടെയാണ് വചനപ്രഘോഷണകർമം സമാപിക്കുന്നത്. ഈ രീതിയിലാണ് ഇത് നടത്തപ്പെടുന്നത്: ഡീക്കനുണ്ടെങ്കിൽ അദ്ദേഹമോ, അദ്ദേഹത്തിന്റെ അഭാവത്തിൽ അല്മായശുശ്രൂഷികളോ വചനപീഠത്തിൽ നിന്നുകൊണ്ട് നിയോഗം സൂചിപ്പിക്കുന്ന ക്ഷണം നടത്തുന്നു. അനന്തരം, എല്ലാവരും അല്പനേരം മൗനമായി പ്രാർഥിക്കുന്നു. അതിനുശേഷം പുരോഹിതൻ ഇരിപ്പിടത്തിൽ നിന്നോ ഉചിതമെങ്കിൽ അൾത്താരയിൽനിന്നോ കൈകൾ വിരിച്ചു പിടിച്ചുകൊണ്ട് പ്രാർഥന ചൊല്ലുന്നു.

വിശ്വാസികൾക്ക് ഈ പ്രാർഥനാസമയം മുഴുവനും നില്ക്കുകയോ മുട്ടുകുത്തുകയോ ചെയ്യാവുന്നതാണ്.

12. പുരോഹിതന്റെ പ്രാർഥനയ്ക്കുമുമ്പ് കീഴ്‌വഴക്കമനുസരിച്ച്, നമുക്കു മുട്ടുകുത്താം എന്നോ നമുക്ക് എഴുന്നേല്ക്കാം എന്നോ പറഞ്ഞ് ഡീക്കന് ജനങ്ങളെ ക്ഷണിക്കാവുന്നതാണ്. എല്ലാവരും മുട്ടിന്മേൽനിന്ന് മൗനമായി പ്രാർഥിക്കുന്നു.

കാർമികന്റെ പ്രാർഥന ആരംഭിക്കുന്നതിനായി മറ്റു രീതിയിലുള്ള ക്ഷണം മെത്രാൻസമിതിക്ക് നല്കാവുന്നതാണ്.

13. ഗൗരവമുള്ള പൊതു ആവശ്യത്തിൽ രൂപതാധ്യക്ഷന് പ്രത്യേക നിയോഗം കൂട്ടിച്ചേർക്കാൻ അനുവദിക്കുകയോ കല്പിക്കുകയോ ചെയ്യാവുന്നതാണ്.

### I. തിരുസഭയ്ക്കുവേണ്ടി

പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ വിശുദ്ധസഭയ്ക്കുവേണ്ടി നമുക്കു പ്രാർഥിക്കാം. നമ്മുടെ ദൈവവും കർത്താവും തിരുസഭയ്ക്ക് ലോകമെങ്ങും സമാധാനവും ഐക്യവും സംരക്ഷണവും നല്കുമാറാകട്ടെ. നാം സ്വൈരവും ശാന്തവുമായ ജീവിതം നയിച്ച് സർവശക്തനായ പിതാവായ ദൈവത്തെ മഹത്ത്വപ്പെടുത്താൻ നമ്മെ അനുഗ്രഹിക്കട്ടെ.

അല്പനേരം മൗനമായി പ്രാർഥിക്കുന്നു; അനന്തരം പുരോഹിതൻ:

സർവശക്തനും നിത്യനുമായ ദൈവമേ, ക്രിസ്തുവിൽ സമസ്തജനതകൾക്കും അങ്ങേ മഹത്ത്വം വെളിപ്പെടുത്തിയല്ലോ. അങ്ങേ കാരുണ്യത്തിന്റെ പ്രവർത്തനങ്ങൾ കടാക്ഷിക്കണമേ. അങ്ങനെ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങേസഭ ഉറച്ച വിശ്വാസത്തോടെ അങ്ങേ നാമം ഏറ്റുപറയുന്നതിൽ നിലനില്ക്കട്ടെ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ.

R ആമേൻ.

## II പരിശുദ്ധ പിതാവിനുവേണ്ടി

നമ്മുടെ പരിശുദ്ധപിതാവായ (പേര്...) പാപ്പായ്ക്കുവേണ്ടിയും നമുക്കു പ്രാർഥിക്കാം. അദ്ദേഹത്തെ മെത്രാൻപദവിയിലേക്കു തിരഞ്ഞെടുത്ത നമ്മുടെ കർത്താവും ദൈവവും അവിടത്തെ തിരുസഭയ്ക്കുംവേണ്ടി ദൈവത്തിന്റെ വിശുദ്ധജനത്തെ നയിക്കാൻ അദ്ദേഹത്തെ കാത്തുരക്ഷിക്കുകയും ആപന്മുക്തനാക്കുകയും ചെയ്യുമാറാകട്ടെ.

അല്പനേരം മൗനമായി പ്രാർഥിക്കുന്നു; അനന്തരം പുരോഹിതൻ:

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ കല്പനയാലാണല്ലോ സർവവും സംവിധാനം ചെയ്യപ്പെട്ടത്. ഞങ്ങളുടെ പ്രാർഥനകൾ അലിവാർന്നു കേൾക്കുകയും ഞങ്ങൾക്കുവേണ്ടി തിരഞ്ഞെടുത്ത പാപ്പായെ അങ്ങേ കാരുണ്യത്താൽ സംരക്ഷിക്കുകയും ചെയ്യണമേ. അങ്ങനെ, ഉടയവനായ അങ്ങു നയിക്കുന്ന ക്രൈസ്തവജനത, അതേ പരമാചാര്യന്റെ കീഴിൽ അവരുടെ വിശ്വാസത്തിന്റെ യോഗ്യതയാൽ അഭിവൃദ്ധിപ്പെടാൻ ഇടയാകട്ടെ. കർത്താവായ...

R ആമേൻ.

## III വിവിധ ശുശ്രൂഷാപദവിയിലുള്ള എല്ലാ സഭാംഗങ്ങൾക്കും വേണ്ടി

നമ്മുടെ രൂപതാധ്യക്ഷനായ (പേര്...) മെത്രാനും* സഭയിലെ മറ്റെല്ലാ മെത്രാന്മാർക്കും വൈദികർക്കും ഡീക്കന്മാർക്കും സമസ്തവിശ്വാസിസമൂഹത്തിനുംവേണ്ടി നമുക്കു പ്രാർഥിക്കാം.

അല്പനേരം മൗനമായി പ്രാർഥിക്കുന്നു; അനന്തരം പുരോഹിതൻ:

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ പരിശുദ്ധാത്മാവ് സഭാഗാത്രംമുഴുവനും വിശുദ്ധീകരിക്കുകയും നയിക്കുകയും ചെയ്യുന്നുവല്ലോ. അങ്ങേ ശുശ്രൂഷകർക്കുവേണ്ടിയുള്ള ഞങ്ങളുടെ അപേക്ഷകൾ ശ്രവിക്കണമേ. അങ്ങനെ, അങ്ങേ കൃപാദാനത്താൽ എല്ലാവരും അങ്ങേക്ക് വിശ്വസ്തതയോടെ ശുശ്രൂഷ ചെയ്യുമാറാകട്ടെ. കർത്താവായ...

R ആമേൻ

## IV പ്രാരംഭകൂദാശാർഥികൾക്കുവേണ്ടി

(നമ്മുടെ) പ്രാരംഭകൂദാശാർഥികൾക്കുവേണ്ടിയും നമുക്കു പ്രാർഥിക്കാം: അങ്ങനെ, നമ്മുടെ കർത്താവും ദൈവവും അവരുടെ ഹൃദയങ്ങളുടെ കാതുകളും അങ്ങേ കാരുണ്യത്തിന്റെ കവാടങ്ങളും തുറക്കുമാറാകട്ടെ. അതുവഴി, നവജന്മത്തിന്റെ സ്നാനത്താൽ സമസ്തപാപങ്ങളുടെയും പൊറുതി സ്വീകരിച്ചുകൊണ്ട് അവരും നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ഒന്നായിത്തീരുമാറാകട്ടെ.

അല്പനേരം മൗനമായി പ്രാർഥിക്കുന്നു; അനന്തരം പുരോഹിതൻ:

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ സഭയെ നിരന്തരം പുതിയസന്താനപരമ്പരയാൽ അങ്ങു ഫലപുഷ്ടമാക്കുന്നുവല്ലോ. (ഞങ്ങളുടെ) പ്രാരംഭകൂദാശാർഥികളുടെ വിശ്വാസവും ജ്ഞാനശേഷിയും വർധിപ്പിക്കണമേ. അങ്ങനെ, ജ്ഞാനസ്നാനനീരുറവയാൽ നവജന്മംപ്രാപിച്ച് അങ്ങേ ദത്തുപുത്രരുടെ ഗണത്തിൽ അവർ ചേർക്കപ്പെടട്ടെ. കർത്താവായ...

R ആമേൻ

* രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

## V ക്രൈസ്തവരുടെ ഐക്യത്തിനുവേണ്ടി

ക്രിസ്തുവിൽ വിശ്വസിക്കുന്ന സമസ്ത സഹോദരർക്കുവേണ്ടിയും നമുക്കു പ്രാർഥിക്കാം. അങ്ങനെ, അവർ സത്യം ജീവിച്ചുകൊണ്ട്, നമ്മുടെ കർത്താവും ദൈവവും തന്റെ ഏകസഭയിൽ അവരെ ഒരുമിച്ചുചേർക്കാനും പരിപാലിക്കാനും തിരുവുള്ളമാകട്ടെ.

അല്പനേരം മൗനമായി പ്രാർഥിക്കുന്നു; അനന്തരം പുരോഹിതൻ:

സർവശക്തനും നിത്യനുമായ ദൈവമേ, ചിതറിപ്പോയവരെയെല്ലാം ശേഖരിക്കുകയും ശേഖരിച്ചവരെ പരിപാലിക്കുകയും ചെയ്യുന്ന അങ്ങ് അങ്ങേ പുത്രന്റെ അജഗണത്തെ പ്രീതിപൂർവം തൃക്കൺപാർക്കണമേ. അങ്ങനെ, ഏകജ്ഞാനസ്നാനത്താൽ പവിത്രീകൃതരായവരെ വിശ്വാസപൂർണതയാൽ ഒന്നിപ്പിക്കാനും സ്നേഹശൃംഖലയാൽ ബന്ധിപ്പിക്കാനും അനുഗ്രഹിക്കണമേ. കർത്താവായ...

R ആമേൻ

## VI യഹൂദജനത്തിനുവേണ്ടി

യഹൂദജനത്തിനുവേണ്ടിയും നമുക്കു പ്രാർഥിക്കാം. അവരോടാണല്ലോ നമ്മുടെ കർത്താവായ ദൈവം ഇദംപ്രഥമമായി സംസാരിച്ചത്. അങ്ങനെ, അവിടത്തെ നാമത്തോടുള്ള സ്നേഹത്തിലും അവിടത്തെ ഉടമ്പടിയുടെ വിശ്വസ്തതയിലും അവർ മുന്നേറാൻ അവിടന്ന് അവരെ അനുഗ്രഹിക്കട്ടെ.

അല്പനേരം മൗനമായി പ്രാർഥിക്കുന്നു; അനന്തരം പുരോഹിതൻ:

സർവശക്തനും നിത്യനുമായ ദൈവമേ, അബ്രാഹത്തിനും അദ്ദേഹത്തിന്റെ സന്തതികൾക്കും അങ്ങേ വാഗ്ദാനങ്ങൾ നല്കിയല്ലോ. അങ്ങേ സഭയുടെ പ്രാർഥനകൾ ദയാപൂർവം ശ്രവിക്കണമേ. അങ്ങനെ, ഇദംപ്രഥമമായി അങ്ങു സ്വന്തമാക്കിയ ജനം രക്ഷയുടെ പൂർണതയിൽ എത്തിച്ചേരാൻ അർഹരാകണമേ. കർത്താവായ...

R ആമേൻ

## VII ക്രിസ്തുവിൽ വിശ്വസിക്കാത്തവർക്കുവേണ്ടി

ക്രിസ്തുവിൽ വിശ്വസിക്കാത്തവർക്കുവേണ്ടിയും നമുക്കു പ്രാർഥിക്കാം. പരിശുദ്ധാത്മാവിന്റെ പ്രകാശത്താൽ ദീപ്തരായി അവരും രക്ഷാമാർഗത്തിൽ പ്രവേശിക്കാൻ ഇടയാകുമാറാകട്ടെ.

അല്പനേരം മൗനമായി പ്രാർഥിക്കുന്നു; അനന്തരം പുരോഹിതൻ:

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ സന്നിധിയിൽ ഹൃദയപരമാർഥതയോടെ ചരിക്കുന്ന എല്ലാവർക്കും, അവർ ക്രിസ്തുവിൽ വിശ്വസിക്കുന്നില്ലെങ്കിലും, സത്യം കണ്ടെത്താൻ അനുഗ്രഹമരുളണമേ; ഞങ്ങളെയും പരസ്പരസ്നേഹത്തിൽവളർന്ന് അങ്ങേ ജീവന്റെ രഹസ്യം അവഗാഢം ഗ്രഹിക്കുന്നതിൽ ഉത്സുകരാകാനും ലോകത്തിൽ അങ്ങേ സ്നേഹത്തിന്റെ സമ്പൂർണ സാക്ഷികളാകാനും അനുഗ്രഹിക്കണമേ. കർത്താവായ ...

R ആമേൻ

## VIII ദൈവത്തിൽ വിശ്വസിക്കാത്തവർക്കുവേണ്ടി

ദൈവത്തെ വിശ്വസിക്കാത്തവർക്കുവേണ്ടിയും നമുക്കു പ്രാർഥിക്കാം: അവർ പരമാർഥഹൃദയത്തോടെ ശരിയായവ പിന്തുടർന്ന് ദൈവത്തിൽത്തന്നെ എത്തിച്ചേരുമാറാകട്ടെ.

അല്പനേരം മൗനമായി പ്രാർഥിക്കുന്നു; അനന്തരം പുരോഹിതൻ:

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങയെ നിരന്തരം ആഗ്രഹിച്ചുകൊണ്ട് അന്വേഷിക്കുകയും കണ്ടെത്തിക്കൊണ്ട് ഹൃദയശാന്തി അടയുകയുംചെയ്യാൻ സകല മനുഷ്യരെയും അങ്ങ് സൃഷ്ടിച്ചുവല്ലോ. അങ്ങനെ, വിനാശകരമായ തടസ്സങ്ങളുടെ മധ്യേയും അങ്ങേ കാരുണ്യത്തിന്റെ അടയാളങ്ങളും അങ്ങിൽ വിശ്വസിക്കുന്നവരുടെ സൽപ്രവൃത്തികളും കണ്ടറിഞ്ഞ്, അങ്ങയെ ഏകസത്യദൈവവും മാനവവംശത്തിന്റെ പിതാവുമായി ഏറ്റുപറയുന്നതിൽ എല്ലാവരും ആനന്ദം കണ്ടെത്താൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

R ആമേൻ

## IX ഭരണാധികാരികൾക്കുവേണ്ടി

രാജ്യത്തിലെ എല്ലാ ഭരണാധികാരികൾക്കുംവേണ്ടി നമുക്കു പ്രാർഥിക്കാം: എല്ലാവരും യഥാർഥമായ സമാധാനവും സ്വാതന്ത്ര്യവും കൈവരിക്കാൻ നമ്മുടെ കർത്താവും ദൈവവും തന്റെ തിരുഹിതത്തിനൊത്തവിധം, ഭരണാധികാരികളുടെ ഹൃദയവും മനസ്സും നയിക്കുമാറാകട്ടെ.

അല്പനേരം മൗനമായി പ്രാർഥിക്കുന്നു; അനന്തരം പുരോഹിതൻ:

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ കരങ്ങളിലാണല്ലോ മനുഷ്യരുടെ ഹൃദയാഭിലാഷങ്ങളും ജനങ്ങളുടെ അവകാശങ്ങളും. അധികാരപൂർവം ഞങ്ങളെ നയിക്കുന്ന അവരെ കരുണാപൂർവം കടാക്ഷിക്കണമേ. അങ്ങനെ, ലോകം മുഴുവനും ജനതകളുടെ ക്ഷേമവും സമാധാനത്തിന്റെ സുരക്ഷിതത്വവും മതസ്വാതന്ത്ര്യവും അങ്ങ് നിരന്തരം ചൊരിയണമേ. കർത്താവായ...

R ആമേൻ

## X യാതനകൾ അനുഭവിക്കുന്നവർക്കുവേണ്ടി

പ്രിയപ്പെട്ടവരേ, എല്ലാ തെറ്റുകളിലുംനിന്ന് ലോകത്തെ സംശുദ്ധമാക്കുന്നതിനും രോഗങ്ങൾ നിവാരണംചെയ്യുന്നതിനും ദാരിദ്ര്യനിർമാർജനത്തിനും തടവറകൾ തുറക്കുന്നതിനും വിലങ്ങുകൾ അഴിക്കുന്നതിനും യാത്രികരെ സുരക്ഷിതരാക്കുന്നതിനും തീർഥാടകരെ തിരിച്ചെത്തിക്കുന്നതിനും രോഗികളെ സുഖപ്പെടുത്തുന്നതിനും മരിക്കുന്നവർക്ക് നിത്യരക്ഷ നല്കുന്നതിനുംവേണ്ടി സർവശക്തനും പിതാവുമായ ദൈവത്തോട് നമുക്കു പ്രാർഥിക്കാം.

അല്പനേരം മൗനമായി പ്രാർഥിക്കുന്നു; അനന്തരം പുരോഹിതൻ:

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങ് ദുഃഖിതരുടെ ആശ്വാസവും അധ്വാനിക്കുന്നവരുടെ അത്താണിയുമാണല്ലോ. നാനാവിധത്തിലുള്ള യാതനകളാൽ നിലവിളിക്കുന്നവരുടെ പ്രാർഥനകൾ അങ്ങിലേക്ക് എത്തിച്ചേരട്ടെ. അങ്ങനെ, അവരുടെ ആവശ്യങ്ങളിൽ അങ്ങേ കാരുണ്യം അവരോടൊപ്പമായിരുന്നു എന്നതിൽ എല്ലാവരും സന്തോഷിക്കുമാറാകട്ടെ. കർത്താവായ...

R ആമേൻ

## രണ്ടാം ഭാഗം : വിശുദ്ധകുരിശിന്റെ ആരാധന

14. വിശ്വാസികളുടെ പ്രാർഥനയ്ക്കുശേഷം ആഘോഷപൂർവകമായ കുരിശാരാധന നടത്തുന്നു. അജപാലനാത്മകമായ ആവശ്യങ്ങളനുസരിച്ച് കുരിശുപ്രദർശനത്തിന് താഴെ കൊടുത്തിരിക്കുന്ന രണ്ടു രീതികളിൽ അനുയുക്തമായത് തിരഞ്ഞെടുക്കാം.

## വിശുദ്ധകുരിശിന്റെ പ്രദർശനം

**പ്രഥമരീതി**

15. ശുശ്രൂഷകരോടൊത്ത് ഡീക്കനോ യോജിച്ച മറ്റൊരു ശുശ്രൂഷകനോ സങ്കീർത്തിയിലേക്കുപോകുന്നു. അവിടെനിന്ന്, കത്തിച്ചതിരികളോടുകൂടിയ രണ്ടു ദീപവാഹന്മാരുടെ അകമ്പടിയോടെ ധൂമ്രശിലകൊണ്ട് ആവരണംചെയ്ത കുരിശുരൂപം പ്രദക്ഷിണമായി ദേവാലയത്തിലൂടെ വിശുദ്ധവേദിയുടെ മധ്യത്തിലേക്കു കൊണ്ടുവരുന്നു.

പുരോഹിതൻ അൾത്താരമുമ്പിൽ ജനങ്ങൾക്ക് അഭിമുഖമായി നിന്നുകൊണ്ട് കുരിശുരൂപം ഏറ്റുവാങ്ങി അതിന്റെ മുകൾഭാഗം അനാവരണംചെയ്യുന്നു. അനന്തരം, കുരിശുരൂപം ഉയർത്തിപ്പിടിച്ചുകൊണ്ട് ആവശ്യമെങ്കിൽ, ഡീക്കന്റെയോ ഗായകസംഘത്തിന്റെയോ സഹായത്തോടെ ഇതാ ഇതാ കുരിശുമരം ആരംഭിക്കുന്നു : എല്ലാവരും പ്രത്യുത്തരിക്കുന്നു : വരുവിൻ വണങ്ങാം ഗാനത്തിനുശേഷം എല്ലാവരും മുട്ടുകുത്തി കുമ്പിടുകയും അല്പസമയം നിശ്ശബ്ദതയിൽ ആരാധിക്കുകയും ചെയുന്ന തത്സമയം പുരോഹിതൻ നിന്നുകൊണ്ട് കുരിശ് ഉയർത്തിപ്പിടിക്കുന്നു.

ഇതാ, ഇതാ, കുരിശുമരം!
ഇതിലാണ് ലോകൈകരക്ഷകൻ
മരണംവരിച്ചതി മന്നിനായ്

എല്ലാവരും :

വരുവിൻ, വണങ്ങാം
ആരാധിക്കാം - 2

തുടർന്ന്, വൈദികൻ കുരിശുരൂപത്തിന്റെ വലത്തുകരം അനാവരണം ചെയ്യുന്നു. വീണ്ടും കുരിശുരൂപം ഉയർത്തിപ്പിടിച്ചുകൊണ്ട് ഇതാ, ഇതാ കുരിശുമരം എന്ന ഗാനം മുമ്പത്തെപ്പോലെ പാടുന്നു.

അവസാനമായി, കുരിശുരൂപം പൂർണമായും പുരോഹിതൻ അനാവരണം ചെയ്ത് ഉയർത്തിപ്പിടിച്ചുകൊണ്ട് മൂന്നാം പ്രാവശ്യവും ഇതാ, ഇതാ കുരിശുമരം ആലപിക്കുന്നു. തുടർന്ന് ആദ്യത്തേതുപോലെ ആവർത്തിക്കുന്നു.

## ദ്വിതീയരീതി

16. ശുശ്രൂഷകരോടൊത്ത് ഡീക്കനോ യോജിച്ച മറ്റൊരു ശുശ്രൂഷകനോ ദേവാലയത്തിന്റെ പ്രധാനകവാടത്തിലേക്കു പോകുന്നു. അവിടെ, അനാവരണം ചെയ്യപ്പെട്ട കുരിശു സ്വീകരിക്കുന്നു. ശുശ്രൂഷകർ കത്തിച്ച തിരികൾ പിടിക്കുന്നു. പ്രദക്ഷിണം ദേവാലയത്തിലൂടെ വിശുദ്ധവേദിയിലേക്കു നീങ്ങുന്നു. കുരിശുവാഹകൻ പ്രധാനകവാടത്തിനരികിലും ദേവാലയത്തിന്റെ മധ്യഭാഗത്തും വിശുദ്ധവേദിയുടെ മുമ്പിലും കുരിശുരൂപം ഉയർത്തിപ്പിടിച്ചുകൊണ്ടു പാടുന്നു: ഇതാ, ഇതാ കുരിശുമരം! അതിനോട് എല്ലാവരും പ്രത്യുത്തരിക്കുന്നു. വരുവിൻ... മുകളിൽ പറഞ്ഞപോലെ ഓരോ പ്രത്യുത്തരത്തിനുംശേഷം എല്ലാവരും മുട്ടുകുത്തി വണങ്ങുകയും അല്പനേരം നിശ്ശബ്ദമായി ആരാധിക്കുകയും ചെയ്യുന്നു.

### വിശുദ്ധകുരിശിന്റെ ആരാധന

17. അനന്തരം, രണ്ടു ദീപവാഹകരുടെ അകമ്പടിയോടെ പുരോഹിതനോ ഡീക്കനോ കുരിശുരൂപം കൊണ്ടുവന്ന് വിശുദ്ധവേദിയുടെ മുന്നിലോ മറ്റേതെങ്കിലും ഉചിതമായ സ്ഥാനത്തോ കുരിശുരൂപം പ്രതിഷ്ഠിക്കുന്നു. അല്ലെങ്കിൽ, ശുശ്രൂഷകർ അത് പിടിച്ചുകൊണ്ടുനില്ക്കുന്നു.അതിന്റെ ഇരുവശത്തും തിരികൾ വയ്ക്കുന്നു.

18. കുരിശാരാധനയ്ക്ക്, ഉചിതമെങ്കിൽ പൂജാവസ്ത്രവും പാദരക്ഷകളും മാറ്റിക്കൊണ്ട്, ആദ്യം കാർമികൻ മാത്രം സമീപിക്കുന്നു. അതിനുശേഷം മറ്റു കാർമികരും അല്മായശുശ്രൂഷകരും വിശ്വാസികളും പ്രദക്ഷിണമായിവന്ന്, കുരിശിനോടുള്ള ആദരസൂചകമായി മുട്ടുകുത്തുകകയോ പ്രാദേശികാചാരമനുസരിച്ച് ഉചിതമായ മറ്റൊരു രീതി സ്വീകരിക്കുകയോ ചെയ്യുന്നു. ഉദാ. കുരിശുചുംബനം

19. ആരാധനയ്ക്കായി ഒരു കുരിശുമാത്രമേ വയ്ക്കാവൂ. ജനബാഹുല്യം നിമിത്തം ഓരോരുത്തരായി വരുന്നതു സാധ്യമല്ലെങ്കിൽ കാർമികരുടെയും ഏതാനും വിശ്വാസികളുടെയും ആരാധനയ്ക്കുശേഷം പുരോഹിതൻ കുരിശുരൂപമെടുത്ത് അൾത്താരയുടെ മധ്യഭാഗത്തു നിന്നുകൊണ്ട് ആമുഖമായി ഏതാനും വാക്കുകൾ പറഞ്ഞ് ആരാധനയ്ക്കായി ജനങ്ങളെ ക്ഷണിക്കുന്നു. അതിനുശേഷം അദ്ദേഹം കുറച്ചുനേരം, അല്പംകൂടി ഉയർത്തിപ്പിടിക്കുകയും വിശ്വാസികൾ നിശ്ശബ്ദതയിൽ ആരാധിക്കുകയും ചെയ്യുന്നു.

20. കുരിശാരാധനാസമയത്ത് കാണുക കുരിശുമരം എന്ന ഗാനമോ താഴെ കൊടുത്തിരിക്കുന്ന പ്രരോദനഗീതമോ മറ്റേതെങ്കിലും ഉചിതമായ ഗാനങ്ങളോ പാടുന്നു. തത്സമയം കുരിശാരാധന കഴിഞ്ഞവർ ഇരിക്കുന്നു.

## കുരിശാരാധനാസമയത്ത് ആലപിക്കേണ്ട ഗാനങ്ങൾ

കുരിശാരാധന നടക്കുമ്പോൾ ഗായകസംഘം രണ്ടുഭാഗമായിത്തിരിഞ്ഞ്, താഴെ കൊടുത്തിട്ടുള്ള പ്രഭണിതങ്ങളും പ്രരോദനപദങ്ങളും പാടുന്നു. **അക്കം 1** എന്നു കാണിച്ചിരിക്കുന്നത് ഒന്നാംഗായകസംഘവും **അക്കം 2** എന്നു കാണിച്ചിരിക്കുന്നത് രണ്ടാംഗായകസംഘവും പാടാനുള്ളതാണ്; **1+2** എന്നു ചേർത്തു കാണിച്ചിരിക്കുന്നത് ഇരുകൂട്ടരും ഒരുമിച്ചുപാടാനുമുള്ളതുമാണ്.

### പ്രഭണിതം

1+2 നിന്തിരുക്രൂശിനെ നാഥാ
വന്ദിച്ചുയർപ്പിനെ വാഴ്ത്തീടാം;
കുരിശാലെ മന്നിതിലെങ്ങും, നവ്യ -
സന്തോഷകാന്തി പരന്നു

***സങ്കീ 66: 2***

1 ദൈവം കനിഞ്ഞെത്തി നമ്മളെ -നന്നായ്
ആശീർവദിക്കുമാറായിടേണം;
വാത്സല്യപൂർവം കടാക്ഷിച്ചു നമ്മിൽ
സ്വർഗീയദാനം തൂകിടേണം

**പ്രഭണിതം**

1+2 നിന്തിരുക്രൂശിനെ നാഥാ
വന്ദിച്ചുയർപ്പിനെ വാഴ്ത്തീടാം;
കുരിശാലെ മന്നിതിലെങ്ങും, നവ്യ -
സന്തോഷകാന്തി പരന്നു.

**പ്രരോദനം**

**1**

1 ദൈവമേ, നീ പരിശുദ്ധൻ;
നിത്യനമർത്ത്യൻ, നീ ശക്തൻ,
കൈവണങ്ങുന്നിതാ ഞങ്ങൾ.

2 ശക്തിയെ ഞങ്ങൾക്കു നല്കൂ,
ജീവനെ ഞങ്ങൾക്കു നല്കൂ,
കാരുണ്യമെന്നും പൊഴിക്കൂ.

1+2 എൻജനമേ, ചൊൽക, ചൊൽക!
എന്തു ഞാൻ ചെയ്തപരാധം?
എന്തൊരു താപം ഞാനേകി?
ഈജിപ്തിൽനിന്നു കരേറ്റി
ത്രാണനം ചെയ്തതിനേവം
ക്രൂശുചമയ്ക്കയോ നിങ്ങൾ? (ദൈവമേ...)

1+2 നാല്പതു വർഷവും വന്യ-
ഭൂമിയിലൂടെ നയിച്ചു,
മന്നയാൽ നിങ്ങളെപ്പോറ്റി,
നല്ല ഫലഭൂമി നല്കി,
എന്നതുകൊണ്ടു ചമച്ചോ
നിങ്ങളീ ക്രൂശുമെനിക്കോ? (ദൈവമേ...)

1+2 എന്തതിൻമേലിനി ചെയ്വാൻ
എന്തഹോ ചെയ്തില്ല വേറെ!
നട്ടു ഞാൻ മുന്തിരിയേറ്റം
ഉത്തമ, മുത്തമമെന്നാൽ
കയ്പുനിറഞ്ഞതായ്ത്തീരാൻ
കൈവന്ന കാരണമെന്തോ?

(ദൈവമേ...)

1+2 പീഡകൾകൊണ്ടിതീജിപ്തിൽ
സാധിച്ചു, ക്ലേശം നിറച്ചു
നിഗ്രഹിച്ചാദിശി-മൂത്ത
പുത്രരെ നിങ്ങൾക്കായ് ഞാനും;
നിങ്ങളതിനെന്നെയിപ്പോൾ
പീഡകൾക്കേല്പിച്ചുവിട്ടോ?
(ദൈവമേ...)

1+2 ദാസ്യച്ചങ്ങല നീക്കി
സ്വാതന്ത്ര്യം നല്കി നടത്തി;
ചെങ്കടലാഴത്തിലാക്കി
ഫറവോൻസേനയെ ഞാനും;
ബന്ധിച്ചു, നിങ്ങളുമെന്നെ
ശത്രുക്കൾ കയ്യിലായ്‌വിട്ടോ?
(ദൈവമേ...)

1+2 വാരിധി ഞാനും തുറന്നു
ഭദ്രമായ് നിങ്ങൾ നടന്നു
മാർ പിളർന്നു നിങ്ങൾ കാട്ടി,
രക്ഷകൻപേർക്കേറും കൂറും!
ആവതോ ചിന്തിപ്പാനേവം
ഈവിധം ചെയ്‌വതിൻ ന്യായം!
(ദൈവമേ...)

**2**

1 മേഘത്തൂൺ മാർഗമായ് മുമ്പിൽ
ഞാൻ നടന്നു വഴി കാട്ടി;
പീലാത്തോസ് മന്ദിരേ ചേർത്തു
ത്രാണകനെന്നെ വിധിപ്പാൻ!

2 ആവതോ ചിന്തിപ്പാനേവം
ഈവിധം ചെയ്‌വതിൻ ന്യായം!
(എൻജനമേ...)

1 മന്നയാൽ നിങ്ങളെപ്പോറ്റി,
നിങ്ങളടിച്ചെന്നെ വീഴ്ത്തി
ചമ്മട്ടികൊണ്ടഹോ മേനി-
തല്ലിത്തകർക്കുന്നു - നന്ദി

2 ആവതോ ചിന്തിപ്പാനേവം
ഈവിധം ചെയ്‌വതിൻ ന്യായം!
(എൻ ജനമേ...)

1 പാറയിൽനിന്നു ഞാനേകി
രക്ഷാജലം ദാഹംതീർപ്പാൻ;
കയ്പു കലർന്ന പാനീയം
നല്കുന്നു നിർലോഭം നിങ്ങൾ.

2 ആവതോ ചിന്തിപ്പാനേവം
ഈവിധം ചെയ്‌വതിൻ ന്യായം!
(എൻ ജനമേ...)

1 കാനായ ഭൂപതിമാരെ
താഡിച്ചു നിങ്ങൾക്കായ് ഞാനും;
ഞാങ്ങണകൊണ്ടിതെൻ ശീർഷം
ഭേദിപ്പൂ നിങ്ങൾ പകരം!

2 ആവതോ ചിന്തിപ്പാനേവം
ഈവിധം ചെയ്‌വതിൻ ന്യായം!
(എൻ ജനമേ...)

1 നിങ്ങൾക്കു രാജാധികാരം
ചെങ്കോലുമേകി, ഞാനെന്നാൽ
മുൾക്കിരീടം വച്ചു നിങ്ങൾ
വാഴിച്ചു രാജനായ് എന്നെ;

2 ആവതോ ചിന്തിപ്പാനേവം
ഈവിധം ചെയ്‌വതിൻ ന്യായം!
(എൻ ജനമേ...)

1 നല്ലൊരു ശക്തിയായ് ഭൂമൗ
നിങ്ങളെ ഞാനങ്ങുയർത്തി;
എന്നയോ നിങ്ങളും നാട്ടി
ക്രൂശിലാണികൾ പൂട്ടി

2 ആവതോ ചിന്തിപ്പാനേവം
ഈ വിധം ചെയ്‌വതിൻ ന്യായം!
(എൻ ജനമേ...)

### *കാണുക ക്രൂശുമരം*

*പല്ലവി 1*

1+2 കാണുക ക്രൂശുമരം
പരിപാവനമേ വരദം
ക്രൈസ്തവധർമ്മമതിൻ
മുഖലക്ഷണമുജ്ജ്വലവും.

ഇല്ലൊരു കാട്ടിലുമീ-
വിധമുള്ളൊരു ദിവ്യമരം.
വൃക്ഷഗണത്തിനു നീ
അഭിമാനമണപ്പതുമേ;

ഫലവും കലരുന്ന മരം
എത്ര വിശിഷ്ടതമം
ഇതുവാക്കിനതീതവുമേ
മതിമോഹനമാമരവും

*പല്ലവി 2*

1+2 മുനകൂർത്തെഴുമാണികളും
മിശിഹായ്ക്കതിപാവനമാം
ബലിപീഠമൊരുക്കുകയായ്
അതിനാൽ വരപൂരിതരായ്
ഗിരിതൻ വിരിമാറിലവർ

**ഗാനം**

1 സ്തുതി പാടുക പോർവിരുതും
ജയവും നിജരക്ഷകനായ്
മൃദുമേനി മരക്കുരിശിൽ
ബലിയർപ്പണമാക്കിയതും
സ്വയമൃത്യുവിനാൽ മൃതിയെ
വിജയിച്ചൊരു വസ്തുതയും.
(ഒന്നാം പല്ലവി)

1 അരുതാത്തൊരു ശാഖയതിൻ
കനിതിന്നു പിതാവാദം,
പിഴയാൽ മരണംവരുവാൻ
മനുജർക്കിഹ ദുർവിധിയായ്;

ജഗദീശന്നതിനുടനേ
അരുളിയൊരു തീർപ്പിതുതാൻ:
തരുകാരണമാം പാപം
തരുവാലൊഴിവാക്കിടുവാൻ.

(രണ്ടാം പല്ലവി)

1 കൃപയോടെ പരാപരനും
നരനേകിയനുഗ്രഹവും;
നരപാപവിമുക്തിയതിൻ
വഴി യുക്തമതായതിനാൽ
ഫണിയെ പിളരാനതിലും
വലുതായൊരു കല്പനയായ്,
രിപുതന്റെ ശരീരം പിളരാൻ
രിപുതൻ ശരമായുധമായ്.

(ഒന്നാം പല്ലവി)

1 ലോകം സൃഷ്ടിച്ച ശക്തനാം ദൈവം
കാലം പൂർത്തിയാംനേരത്തിലന്നാൾ
മർത്ത്യവംശത്തോടുള്ള കൃപയാൽ
പൃഥ്വിതന്നിൽ പിറന്നു നരനായ്
കേവലാത്മാവാം ഭാവത്തിൻ സൂനു
കന്യയിൽനിന്നു പിറന്നു മന്നിൽ.

(രണ്ടാം പല്ലവി)

1 കുഞ്ഞിക്കൈകളും കാലുമങ്ങമ്മ
കില്ലക്കീറ്റണ ശീല പൊതിഞ്ഞ്,
തേനോലുന്നൊരു വാണിയാലപ്പോൾ
ഓമൽപൈതലെ പാടിയുറക്കി.
ഉണ്ണിയേറ്റം വിനീതമായുള്ള
നല്ല പുല്ലണിമെത്തയിൽ മേവി.

(ഒന്നാം പല്ലവി)

1 പൂർണമർത്യനായിത്തീർന്നൊരുനാളിൽ
ലോകരക്ഷണംചെയ്തവതിന്നായി,
പാപം പോക്കുന്ന ദിവ്യകുഞ്ഞാടിൻ
ചേലിൽ ക്രൂശിലണഞ്ഞു ബലിയായ്;
മുള്ളും ശൂലവുമാണിയുമെല്ലാം
തൻ പൂമേനി തകർക്കുകയായി.

(രണ്ടാം പല്ലവി)

1 കയ്പുനീരുതാൻ ദാഹമൊഴിക്കാൻ
ക്രിസ്തുനാഥനു പാനീയമായി;
മേനി വാർന്നൊരുചോരയും നീരു-
മാകും ദിവ്യവിശുദ്ധനദിയാൽ
വിശ്വമാകെ വിശുദ്ധിയണഞ്ഞു,
നാമുമവ്വിധം ശുദ്ധരായ്മേവും.

(ഒന്നാം പല്ലവി)

1 ശാഖനീട്ടിയുദാരതയാർന്നും
നീ നിൻ കർക്കശരീതി വെടിഞ്ഞും
സൗമ്യഭാവത്തിൽ താങ്ങുക നന്നായ്
ദൈവപുത്രന്റെ പൊല്ത്തിരുമേനി

(രണ്ടാം പല്ലവി)

1 ലോകയാഗമുയർത്തിയ നല്ല -
ഭാഗധേയത്തിൻ മാമരം നീയേ!
ലോകജീവിതസിന്ധുകടക്കാ-
നേകമായുള്ള നൗകയും നീ താൻ;
ക്രിസ്തുനാഥന്റെ രക്തവുമുണ്ടേ
ഹൃദ്യമായഭിഷേചനം ചെയ്യാൻ

(ഒന്നാം പല്ലവി)

1 സ്തോത്രം ദിവ്യമഹത്ത്വവുമങ്ങേ-
ക്കുണ്ടായിടട്ടെ ദൈവമേയെന്നും;
കീർത്തി താതനും പുത്രനുമപ്പോൾ
ദിവ്യാത്മാവിനും സംഭവിക്കട്ടെ.
ത്രിത്വനാമമീ ലോകമൊട്ടാകെ
വാഴ്ത്താൻ സംഗതിയാകുമെന്നാളും

(രണ്ടാം പല്ലവി)

പ്രാദേശിക സാഹചര്യമനുസരിച്ചോ പ്രചാരമുള്ള പാരമ്പര്യമനുസരിച്ചോ പാലനാത്മകമായി അനുയുക്തമെങ്കിൽ വ്യാകുലമാതാവിന്റെ ഓർമയ്ക്കായി റോമൻ ഗ്രാജുവാലെ എന്ന പുസ്തകത്തിൽ നിന്ന് Stabat Mater എന്ന ഗാനമോ അല്ലെങ്കിൽ മറ്റെതെങ്കിലും അനുയുക്തമായ ഗാനമോ പാടാവുന്നതാണ്.

21. ആരാധന സമാപനത്തിനുശേഷം ഡീക്കനോ ശുശ്രൂഷകനോ കുരിശുരൂപം അൾത്താരയ്ക്കുസമീപം യഥാസ്ഥാനത്ത് വയ്ക്കുന്നു. കത്തിച്ച തിരികൾ അൾത്താരയുടെ മുകളിലോ സമീപമോ കുരിശിന്റെ അരികിലോ വയ്ക്കുന്നു.

### മൂന്നാം ഭാഗം – ദിവ്യകാരുണ്യസ്വീകരണം

22. അൾത്താരമുകളിൽ തുണിവിരിക്കുകയും തിരുശീലയും ദിവ്യപൂജാഗ്രന്ഥവും വയ്ക്കുകയും ചെയ്യുന്നു. തത്സമയം ഡീക്കനോ അദ്ദേഹത്തിന്റെ അഭാവത്തിൽ പുരോഹിതൻ തന്നെയോ തോൾവിരിധരിച്ച് പരിശുദ്ധപരമദിവ്യകാരുണ്യം സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തുനിന്ന് അതെടുത്ത് നേരേ അൾത്താരയിലേക്കു കൊണ്ടുവരുന്നു. അപ്പോൾ എല്ലാവരും നിശ്ശബ്ദമായി നില്ക്കുന്നു. രണ്ടു ശുശ്രൂഷകർ, കത്തിച്ച തിരികളുമായി പരിശുദ്ധപരമദിവ്യകാരുണ്യത്തെ അനുഗമിക്കുകയും തിരികൾ അൾത്താരയ്ക്കു സമീപമോ മുകളിലോ വയ്ക്കുകയും ചെയ്യുന്നു.
ഡീക്കനുണ്ടെങ്കിൽ അദ്ദേഹം പരിശുദ്ധ ദിവ്യകാരുണ്യം അൾത്താരമുകളിൽ വയ്ക്കുകയും കുസ്തോദി തുറക്കുകയും ചെയ്യുമ്പോൾ പുരോഹിതൻ അൾത്താരയെ സമീപിക്കുകയും കുമ്പിട്ടുവണങ്ങുകയും ചെയ്യുന്നു.

23. അനന്തരം, പുരോഹിതൻ കൂപ്പുകൈകളോടെ ഉയർന്നസ്വരത്തിൽ പറയുന്നു:

രക്ഷാകരമായ കല്പനകളാൽ ഉദ്ബോധിതരായും ദിവ്യോപദേശത്താൽ രൂപീകൃതരായും നിർഭയം നമുക്ക് ഏറ്റുചൊല്ലാം:

പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ജനങ്ങളോടുചേർന്ന് തുടരുന്നു:

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങയുടെ നാമം പൂജിതമാകണമേ;/ അങ്ങയുടെ രാജ്യം വരണമേ;/ അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ./ അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ;/ ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നപോലെ,/ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ;/ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ;/ തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

### ഗാനരൂപം

സ്വർഗത്തിൽവാഴും ഞങ്ങൾതൻ താതാ
നിൻനാമം പൂജിതമായിടേണം.

വരണം നിൻരാജ്യം, സ്വർഗത്തിലെപ്പോൽ
നിന്നുള്ളം പാരിലുമായിടേണം.

അന്നന്നുവേണ്ടുന്നൊരാഹാരമിന്നും
ഞങ്ങൾക്കു നല്കുമാറായിടേണം.

അന്യർതൻ ദ്രോഹം ഞങ്ങൾ ക്ഷമിക്കുംപോൽ
ഞങ്ങൾതൻ ദ്രോഹവും നീ ക്ഷമിക്ക

പാപപരീക്ഷയിലുൾപ്പെടുത്താതെ
തിന്മയിൽനിന്നു നീ കാത്തിടേണം.

24. പുരോഹിതൻമാത്രം, കൈകൾ വിരിച്ചുകൊണ്ട് തുടരുന്നു:

കർത്താവേ, എല്ലാ തിന്മകളിലുംനിന്ന് ഞങ്ങളെ മോചിപ്പിക്കണമേ; ഞങ്ങളുടെ ദിനങ്ങളിൽ സമാധാനം കനിവാർന്നു നല്കണമേ. അനുഗ്രഹപൂർണമായ പ്രത്യാശയും നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ട് അങ്ങേ കരുണയുടെ സഹായത്താൽ ശക്തിപ്രാപിച്ച് ഞങ്ങളെപ്പോഴും പാപത്തിൽനിന്ന് മോചിതരാകുകയും എല്ലാ വിപത്തുകളിലുംനിന്ന് സുരക്ഷിതരാകുകയും ചെയ്യുമാറാകട്ടെ.

കൈകൾ കൂപ്പുന്നു. ജനം പ്രഘോഷിക്കുന്നു:

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു.

25. പിന്നീട്, പുരോഹിതൻ കൈകൾകൂപ്പി, താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

കർത്താവായ യേശുക്രിസ്തുവേ, അങ്ങയുടെ ശരീരരക്തങ്ങളുടെ സ്വീകരണം എനിക്ക് വിധിക്കും ശിക്ഷയ്ക്കും കാരണമാകാതെ, അങ്ങയുടെ കാരുണ്യത്താൽ എനിക്ക് മനസ്സിനും ശരീരത്തിനും സംരക്ഷണവും സ്വീകരിക്കേണ്ട ഔഷധവുമായിത്തീരുമാറാകട്ടെ.

26. പുരോഹിതൻ മുട്ടുകുത്തി വണങ്ങിയിട്ട്, തിരുവോസ്തി എടുത്ത് തളികയുടെ മുകളിൽ അല്പം ഉയർത്തിപ്പിടിച്ച്, ജനങ്ങൾക്ക് അഭിമുഖമായി നിന്നുകൊണ്ട് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു:

ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്നവൻ! കുഞ്ഞാടിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടിരിക്കുന്നവർ അനുഗൃഹീതർ!

തുടർന്ന്, ജനങ്ങളോടൊന്നിച്ച് ഒരു പ്രാവശ്യം ചൊല്ലുന്നു:

കർത്താവേ/ അങ്ങ് എന്റെ വീട്ടിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല;/ അങ്ങ് ഒരു വാക്ക് പറഞ്ഞാൽ മാത്രം മതി/ എന്റെ ആത്മാവു സുഖംപ്രാപിക്കും.

27. പുരോഹിതൻ ബലിപീഠത്തിന്റെ നേർക്കുതിരിഞ്ഞ്, ക്രിസ്തുവിന്റെ ശരീരം എന്ന് താഴ്ന്നസ്വരത്തിൽ പറഞ്ഞുകൊണ്ട് ഭക്ത്യാദരപൂർവം ക്രിസ്തുവിന്റെ ശരീരം ഉൾക്കൊള്ളുന്നു.

28 അതിനുശേഷം പുരോഹിതൻ വിശ്വാസികൾക്ക് ദിവ്യകാരുണ്യം നല്കുന്നു. ദിവ്യകാരുണ്യസ്വീകരണസമയത്ത് സങ്കീർത്തനം 21-ാം ഉചിതമായ മറ്റൊരു ഗാനമോ ആലപിക്കുന്നു.

29. ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം ഡീക്കനോ യോജിച്ച മറ്റൊരു ശുശ്രൂഷകനോ കുസ്തോദി ദേവാലയത്തിനുവെളിയിൽ ഒരുക്കിയിരിക്കുന്ന സ്ഥലത്തേക്ക് കൊണ്ടുപോകുന്നു. അല്ലെങ്കിൽ, സാഹചര്യമനുസരിച്ച് സക്രാരിയിൽത്തന്നെ തിരിച്ചുവയ്ക്കാവുന്നതാണ്.

30. അനന്തരം പുരോഹിതൻ ചൊല്ലുന്നു: നമുക്കു പ്രാർഥിക്കാം. സാഹചര്യമനുസരിച്ച് അല്പനേരം പാവനമായ നിശ്ശബ്ദതയ്ക്കുശേഷം പുരോഹിതൻ ദിവ്യഭോജനപ്രാർഥന ചൊല്ലുന്നു.

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ ക്രിസ്തുവിന്റെ ധന്യമായ മരണവും ഉത്ഥാനവുംവഴി, ഞങ്ങളെ അങ്ങ് പുനരുദ്ധരിച്ചുവല്ലോ. അങ്ങേ കാരുണ്യത്തിന്റെ പ്രവൃത്തി ഞങ്ങളിൽ നിലനിർത്തണമേ. അങ്ങനെ, ഈ രഹസ്യങ്ങളിലുള്ള പങ്കാളിത്തംവഴി നിരന്തരം ഞങ്ങൾ ഭക്തിയിൽ ജീവിക്കുമാറാകട്ടെ. കർത്താവായ...

R. ആമേൻ.

31. പിരിച്ചുവിടുന്നതിനായി ഡീക്കനോ അദ്ദേഹത്തിന്റെ അഭാവത്തിൽ പുരോഹിതൻതന്നെയോ ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: ആശീർവാദത്തിനായി നിങ്ങൾ ശിരസ്സുനമിക്കുവിൻ.

തുടർന്ന് പുരോഹിതൻ ജനങ്ങൾക്ക് അഭിമുഖമായി നിന്നുകൊണ്ട് അവരുടെമേൽ കൈകൾനീട്ടി ജനങ്ങളുടെമേലുള്ള പ്രാർഥന ചൊല്ലുന്നു:

കർത്താവേ, അങ്ങേ പുത്രന്റെ ഉത്ഥാനത്തിലുള്ള പ്രത്യാശയിൽ, അവിടത്തെ മരണം ആചരിച്ച അങ്ങേ ജനത്തിന്റെമേൽ സമൃദ്ധമായ അനുഗ്രഹം ചൊരിയുകയും പാപപ്പൊറുതി സംലബ്ധമാക്കുകയും സമാശ്വാസം നല്കുകയും പാവനമായ വിശ്വാസം കൈവളർത്തുകയും നിത്യരക്ഷ ഉറപ്പാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

R. ആമേൻ.

32. കുരിശിനെ കുമ്പിട്ടുവണങ്ങി എല്ലാവരും നിശ്ശബ്ദരായി പിരിഞ്ഞുപോകുന്നു.

33. കർമങ്ങൾക്കുശേഷം അൾത്താരവിരി മാറ്റുന്നു. എന്നാൽ, രണ്ടോ നാലോ തിരികളുടെ മധ്യേ അൾത്താരയിൽ കുരിശുവയ്ക്കുന്നു.

34. ഈ തിരുകർമങ്ങളിൽ പങ്കെടുത്തവർ സായാഹ്നപ്രാർഥന ചൊല്ലുന്നില്ല.

# വിശുദ്ധ ശനിയാഴ്ച

1. വിശുദ്ധ ശനിയാഴ്ച കർത്താവിന്റെ പീഡാസഹനവും മരണവും പാതാള ഗമനവും ധ്യാനിച്ചുകൊണ്ടും അവിടത്തെ ഉത്ഥാനം പ്രതീക്ഷിച്ചുകൊണ്ടും പ്രാർഥനയിലും ഉപവാസത്തിലും അവിടത്തെ കല്ലറയിങ്കൽ സഭ കാത്തിരിക്കുന്നു.

2. ആഘോഷപൂർവകമായ പെസഹാജാഗരംവരെ സഭ ദിവ്യബലി അർപ്പിക്കുന്നില്ല; അൾത്താര ശൂന്യമായിരിക്കും. ഈ ജാഗരത്തിലാണല്ലോ, ഉത്ഥാനത്തിന്റെ രാത്രി പ്രതീക്ഷിച്ചുകൊണ്ട് അമ്പതുദിവസം നീണ്ടുനില്ക്കുന്ന പെസഹാസന്തോഷത്തിന്റെ നിറവ് സഭ സമാരംഭിക്കുന്നത്.

3. തിരുപാഥേയം എന്നനിലയിൽ മാത്രമേ, ഇന്ന് പരിശുദ്ധ ദിവ്യകാരുണ്യം നല്കാവൂ.

## പെസഹാക്കാലം

# കർത്താവിന്റെ ഉത്ഥാനത്തിന്റെ

# പെസഹാഞായർ

# പരിശുദ്ധരാത്രിയിലെ പെസഹാജാഗരം

1. ഈ രാത്രി, അതിപുരാതനമായ കീഴ്‌വഴക്കമനുസരിച്ച്, കർത്താവിനുവേണ്ടിയുള്ള ജാഗരം അനുഷ്ഠിക്കുന്നു (പുറ 12:42). യാത്രപോയി മടങ്ങിയെത്തുന്ന യജമാനനെ സ്വീകരിക്കാൻ ജാഗരൂകരായിരിക്കുന്ന ഭൃത്യന്മാരെ തന്നോടൊപ്പം വിരുന്നിനിരുത്തും എന്ന സുവിശേഷപ്രബോധനമനുസരിച്ച് (ലൂക്കാ 12:35-37) വിശ്വാസികൾ ഈദിവസം തെളിച്ച വിളക്കുകളുമായി കർത്താവിന്റെ പ്രത്യാഗമനം പാർത്തിരിക്കുന്നു.

2. മഹോത്സവങ്ങളുടെ മഹോത്സവമായ ഈ രാത്രിയുടെ ജാഗരം ഒരു ദേവാലയത്തിൽ ഒരുപ്രാവശ്യം മാത്രമേ നടത്താവൂ. പെസഹാജാഗരാനുഷ്ഠാനത്തിന്റെ സംവിധാനം ഇപ്രകാരമാണ്:

ഒന്നാംഭാഗം: ദീപാർച്ചനാകർമവും പെസഹാപ്രഘോഷണവും

രണ്ടാംഭാഗം : ദൈവവചനപ്രഘോഷണകർമം. ഇവിടെ, കർത്താവായ ദൈവത്തിന്റെ വചനത്തിലും വാഗ്ദാനത്തിലും വിശ്വസിച്ചുകൊണ്ട് ലോകാരംഭം മുതൽ അവിടന്ന് സ്വജനത്തിനുവേണ്ടി ചെയ്തിട്ടുള്ള അദ്ഭുതപ്രവർത്തനങ്ങൾ തിരുസഭ ധ്യാനിക്കുന്നു.

മൂന്നാംഭാഗം : ജ്ഞാനസ്നാനകർമം. ഉയിർപ്പുതിരുനാൾ ആസന്നമാകുന്നതോടെ ജ്ഞാനസ്നാനംവഴി പുതിയ അംഗങ്ങൾ സഭയിൽ ജന്മംകൊള്ളുന്നു.

നാലാംഭാഗം : സ്തോത്രയാഗകർമം. കർത്താവ് തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും അനുസ്മരണംവഴി തന്റെ ജനത്തിനുവേണ്ടി സജ്ജമാക്കിയിരിക്കുന്ന ദിവ്യവിരുന്നിന് താൻ വീണ്ടുംവരുന്നതുവരെ സഭയെ ക്ഷണിക്കുന്നു.

3. പെസഹാജാഗരകർമം മുഴുവനും രാത്രിയിലാണ് നടക്കുന്നത്. സൂര്യാസ്തമനത്തിനുശേഷം തുടങ്ങി ഞായറാഴ്ച പുലർച്ചയ്ക്കുമുമ്പ് അവസാനിക്കുന്നു.

4. ജാഗരപൂജ പാതിരാത്രിക്കുമുൻപ് അർപ്പിക്കപ്പെട്ടാലും ഉയിർപ്പുഞായറാഴ്ചയിലെ പെസഹാബലിതന്നെയായിരിക്കും.

5. രാത്രിയിലെ ദിവ്യബലിയിൽ സംബന്ധിച്ച് ദിവ്യകാരുണ്യം സ്വീകരിച്ചവർക്ക് ദിനപൂജയിലും ദിവ്യകാരുണ്യം സ്വീകരിക്കാം. പെസഹാ രാത്രിയിൽ ഒറ്റയ്ക്കോ സംയുക്തമായോ ബലിയർപ്പിച്ച ഏതു വൈദികനും ദിനപൂജയും ഒറ്റയ്ക്കോ സംയുക്തമായോ അർപ്പിക്കാവുന്നതാണ്.

വായനകളുടെ ഒപ്പീസിനു പകരമാണ് പെസഹാജാഗരം.

6. സാധാരണമായി, ഡീക്കൻ പുരോഹിതനെ സഹായിക്കുന്നു. അദ്ദേഹം ഇല്ലെങ്കിൽ, താഴെ സൂചിപ്പിച്ചതൊഴിച്ചുള്ള ഡീക്കന്റെ എല്ലാ കർമങ്ങളും കാർമികനോ സഹകാർമികനോ നിർവഹിക്കുന്നു.

പുരോഹിതനും ഡീക്കനും ദിവ്യബലിക്കെന്നപോലെ വെള്ളനിറത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുന്നു.

7. ജാഗരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ആവശ്യമായ തിരികൾ സജ്ജീകരിച്ചിരിക്കണം. ദേവാലയത്തിലെ വിളക്കുകളെല്ലാം അണയ്ക്കുന്നു.

## ഒന്നാംഭാഗം

### ജാഗരദീപാർച്ചനയുടെ ആഘോഷപൂർവകമായ ആരംഭം

### തീ ആശീർവദിക്കലും തിരി സജ്ജീകരിക്കലും

8. ദേവാലയത്തിനുപുറത്ത് സൗകര്യപ്രദമായ സ്ഥലത്ത് തീക്കനൽ ഒരുക്കുന്നു; അവിടെ ജനം സമ്മേളിച്ചശേഷം പുരോഹിതൻ ശുശ്രൂഷികളോടൊപ്പം ആഗതനാകുന്നു. ശുശ്രൂഷകരിൽ ഒരാൾ പെസഹാത്തിരി കൊണ്ടുവരുന്നു, പ്രദക്ഷിണത്തിനുള്ള കുരിശും തിരിയും കൊണ്ടുവരുന്നില്ല.

ദേവാലയത്തിനു വെളിയിൽ തീയൊരുക്കാൻ സാധിക്കാതെ വരുന്നപക്ഷം കർമങ്ങൾ 13-ാം നമ്പറിൽ കൊടുത്തിരിക്കുന്നപോലെ നടത്താവുന്നതാണ്.

9. പുരോഹിതൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നു പറയുമ്പോൾ പുരോഹിതനും വിശ്വാസികളും കുരിശുവരയ്ക്കുന്നു. അതിനുശേഷം, അവിടെ സമ്മേളിച്ചിരിക്കുന്ന ജനത്തെ പതിവനുസരിച്ച് അഭിസംബോധനചെയ്യുകയും രാത്രിയിലെ ജാഗരത്തെപ്പറ്റി ഹ്രസ്വമായി താഴെ കൊടുത്തിരിക്കുന്ന വാക്കുകളിലോ തത്തുല്യമായ വാക്കുകളിലോ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

വത്സല സഹോദരരേ, നമ്മുടെ കർത്താവായ യേശുക്രിസ്തു മരണത്തിൽനിന്ന് ജീവനിലേക്ക് കടന്നുപോയ പരിപാവനമായ ഈ രാത്രിയിൽ ജാഗരത്തിനും പ്രാർഥനയ്ക്കും ഒരുമിച്ചുവരാൻ ലോകമെങ്ങും ചിതറിക്കിടക്കുന്ന മക്കളെ സഭ ക്ഷണിക്കുന്നു. വചനം ശ്രവിച്ചുകൊണ്ടും അവിടത്തെ രഹസ്യം അനുഷ്ഠിച്ചുകൊണ്ടും കർത്താവിന്റെ പെസഹാ ഇപ്രകാരം അനുസ്മരിക്കുമ്പോൾ അവിടത്തെ മരണത്തിനുമേലുള്ള വിജയത്തിൽ പങ്കാളികളാകാനും അവിടത്തോടൊത്ത് എല്ലാവരും ദൈവത്തിൽ ജീവിക്കാനുമുള്ള പ്രത്യാശ നമുക്കു കൈവരും.

10. തുടർന്ന് പുരോഹിതൻ കൈകൾ വിരിച്ചുപിടിച്ചുകൊണ്ട് തീ ആശീർവദിക്കുന്നു.

### നമുക്ക് പ്രാർഥിക്കാം


ദൈവമേ, അങ്ങേപുത്രൻവഴി അങ്ങേ മഹത്ത്വത്തിന്റെഅഗ്നി വിശ്വാസികളിൽ ചൊരിഞ്ഞുവല്ലോ. ഈ പുത്തൻ തീ ✠ ആശീർവദിക്കണമേ. ഈ പെസഹാമഹോത്സവംവഴി സ്വർഗീയാഭിലാഷങ്ങൾ പ്രോജ്വലിപ്പിക്കുന്നപോലെ, നിർമലമാനസരായി നിത്യമായ മഹത്ത്വത്തിന്റെ ആഘോഷത്തിൽ എത്തിച്ചേരാനും ഞങ്ങളെ അനുഗ്രഹിക്കണമേ. കർത്താവായ...

R. ആമേൻ.

11. പുത്തൻ തീ ആശീർവദിച്ചശേഷം ശുശ്രൂഷകരിലൊരാൾ പുരോഹിതന്റെ മുൻപിൽ പെസഹാത്തിരി കൊണ്ടുവരുന്നു. അതിൽ അദ്ദേഹം വരകോൽ കൊണ്ട് കുരിശടയാളം കുറിക്കുന്നു. അതിനുശേഷം, ഗ്രീക്ക് അക്ഷരമാലയിലെ ആൽഫ കുരിശിന്റെ മുകളിലും ഒമേഗ എന്ന അക്ഷരം താഴെയും കുറിക്കുകയും അതിന്റെ ഓരോ പാർശ്വത്തിലും തന്നാണ്ടിന്റെ നാലക്കങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു. തത്സമയം ചൊല്ലുന്നു:

1. ക്രിസ്തു ഇന്നലെയും ഇന്നും (നെടുകെ വരയ്ക്കുമ്പോൾ)
2. ആദിയും അന്തവും (കുറുകെ വരയ്ക്കുമ്പോൾ)
3. ആൽഫയും (നെടുവരയ്ക്കുമീതെ A എന്നെഴുതുമ്പോൾ)
4. ഒമേഗയും (നെടുവരയ്ക്കു കീഴിൽ Ω എന്നെഴുതുമ്പോൾ)
5. അവിടത്തേതാണു കാലങ്ങളും (കുരിശിന്റെ ഇടത്തേ മേല്ക്കോണിൽ ആദ്യത്തെ അക്ഷരം കുറിക്കുമ്പോൾ)
6. യുഗങ്ങളും (കുരിശിന്റെ വലത്തെ മേല്ക്കോണിൽ രണ്ടാമക്കം കുറിക്കുമ്പോൾ)
7. അവിടത്തേക്കു മഹിമയും ആധിപത്യവും (കുരിശിന്റെ ഇടത്തെ കീഴ്ക്കോണിൽ മൂന്നാമക്കം കുറിക്കുമ്പോൾ)
8. എന്നുമെന്നേക്കും ആമേൻ. (കുരിശിന്റെ വലത്തെ കീഴ്ക്കോണിൽ അവസാനഅക്കം കുറിക്കുമ്പോൾ)

ഉദാ.



12. കുരിശിന്റെ കുറിക്കലും മറ്റടയാളങ്ങളും നിർവഹിച്ചതിനുശേഷം പുരോഹിതൻ അഞ്ച് കുന്തിരിക്കഗോളങ്ങൾ കുരിശാകൃതിയിൽ കുത്തിയുറപ്പിക്കുന്നു. തത്സമയം പറയുന്നു:

| | |
|---|---|
| 1. കർത്താവായ ക്രിസ്തു | 1 |
| 2. തന്റെ മഹിമയേറിയ | 4 2 5 |
| 3. തിരുമുറിവുകൾവഴി | 3 |
| 4. നമ്മെ സംരക്ഷിക്കുകയും | |
| 5. പരിപാലിക്കുകയും ചെയ്യുമാറാകട്ടെ, ആമേൻ. | |

---

13. അസൗകര്യങ്ങളാൽ തീക്കനൽ ഒരുക്കാൻ സാധിക്കാത്ത സ്ഥലത്ത് തീയുടെ ആശീർവാദം സാഹചര്യമനുസരിച്ച് നടത്തുന്നു. ജനം ദേവാലയത്തിനകത്തുതന്നെ സമ്മേളിക്കുന്നു. പെസഹാത്തിരിയുമായി വരുന്ന ശുശ്രൂഷകരോടൊത്ത് പുരോഹിതൻ ദേവാലയകവാടത്തിങ്കൽ ആഗതനാകുന്നു. ജനം സാധിക്കുന്നേടത്തോളം പുരോഹിതന് അഭിമുഖമായി നില്ക്കുന്നു.

അഭിസംബോധനവും ഉദ്ബോധനവും 9-ാം നമ്പറിൽ പറഞ്ഞിരിക്കുന്നതുപോലെ നടത്തുന്നു. തുടർന്ന് 10 മുതൽ 12 വരെ നമ്പറിൽപ്പറഞ്ഞിരിക്കുന്നപോലെ തീ ആശീർവദിക്കുകയും തിരി സജ്ജീകരിക്കുകയും ചെയ്യുന്നു.

---

14. പുരോഹിതൻ പുത്തൻതീയിൽനിന്ന് പെസഹാത്തിരി കത്തിച്ചുകൊണ്ട് ചൊല്ലുന്നു:

മഹത്ത്വത്തോടെ ഉയിർത്തെഴുന്നേല്ക്കുന്ന ക്രിസ്തുവിന്റെ ദീപ്തി പൂരം ഹൃദയത്തിന്റെയും മനസ്സിന്റെയും കൂരിരുൾ നീക്കട്ടെ.

മുമ്പു പറഞ്ഞിരിക്കുന്ന കർമങ്ങൾ സംബന്ധിച്ച് ജനങ്ങളുടെ സംസ്കാരത്തിനനുസരിച്ചുള്ള മറ്റു രീതികൾ മെത്രാന്മാരുടെ സമിതിക്ക് നിശ്ചയിക്കാവുന്നതാണ്.

## പ്രദക്ഷിണം

15. പെസഹാത്തിരി കൊളുത്തിയശേഷം ശുശ്രൂഷകരിലൊരാൾ പുത്തൻ തീയിൽനിന്ന് കുറെ തീക്കനൽ ധൂപക്കുറ്റിയിൽ നിക്ഷേപിക്കുന്നു. അതിനു ശേഷം, പുരോഹിതൻ സാധാരണരീതിയിൽ അതിൽ കുന്തിരിക്കമിടുന്നു.

ഡീക്കനോ അദ്ദേഹത്തിന്റെ അഭാവത്തിൽ മറ്റേതെങ്കിലും ശുശ്രൂഷകനോ പെസഹാത്തിരി സ്വീകരിക്കുകയും പ്രദക്ഷിണം തുടങ്ങുകയും ചെയ്യുന്നു. ഏറ്റവും മുന്നിൽ ധൂപവാഹകൻ, അതിനുപിന്നിൽ പെസഹാത്തിരി പിടിക്കുന്ന ഡീക്കനോ ശുശ്രൂഷകനോ അവർക്കുപിന്നിൽ ശുശ്രൂഷകരോടുകൂടെ പുരോഹിതനും കത്തിച്ച തിരികളുമായി ജനങ്ങളും

ദേവാലയകവാടത്തിങ്കൽ പെസഹാത്തിരി ഉയർത്തിപ്പിടിച്ചുകൊണ്ട് ഡീക്കൻ പാടുന്നു:

**ക്രിസ്തുവിൻ പ്രകാശം!**

എല്ലാവരും പ്രത്യുത്തരിക്കുന്നു :

**ദൈവത്തിനു നന്ദി!**

പുരോഹിതൻ പെസഹാത്തിരിയിൽനിന്ന് തന്റെ തിരിതെളിക്കുന്നു.

16. തുടർന്ന്, ഡീക്കൻ ദേവാലയത്തിന്റെ മധ്യഭാഗത്തേക്ക് പോകുകയും പെസഹാത്തിരി ഉയർത്തിപ്പിടിച്ചുകൊണ്ട് വീണ്ടും പാടുകയും ചെയ്യുന്നു:

**ക്രിസ്തുവിൻ പ്രകാശം!**

എല്ലാവരും പ്രത്യുത്തരിക്കുന്നു :

**ദൈവത്തിനു നന്ദി!**

എല്ലാവരും പെസഹാത്തിരിയിൽനിന്ന് തങ്ങളുടെ തിരികൾ കൊളുത്തുന്നു. പ്രദക്ഷിണം മുന്നോട്ട് നീങ്ങുന്നു.

17. ഡീക്കൻ അൾത്താരയ്ക്കു മുന്നിലെത്തുമ്പോൾ അദ്ദേഹം ജനങ്ങൾക്കഭിമുഖമായി നിന്നിട്ട് തിരി മൂന്നാംപ്രാവശ്യം ഉയർത്തിപ്പിടിക്കുകയും പാടുകയും ചെയ്യുന്നു:

**ക്രിസ്തുവിൻ പ്രകാശം!**

എല്ലാവരും പ്രത്യുത്തരിക്കുന്നു :

**ദൈവത്തിനു നന്ദി!**

പിന്നീട് ഡീക്കൻ പെസഹാത്തിരി വചനപീഠത്തിനുസമീപം ഒരുക്കിയിരിക്കുന്ന വലിയ തിരിക്കാലിലോ വിശുദ്ധവേദിയുടെ മധ്യത്തിലോ പെസഹാത്തിരി ഉറപ്പിക്കുന്നു.

അൾത്താരയിലെ തിരികളൊഴികെ ദേവാലയത്തിലെ വിളക്കുകളെല്ലാം തെളിക്കുന്നു.

## പെസഹാപ്രഘോഷണം

18. അൾത്താരയ്ക്കുസമീപമെത്തുമ്പോൾ പുരോഹിതൻ ഇരിപ്പിടത്തിലേക്കു പോകുന്നു. തന്റെ തിരി ഒരു ശുശ്രൂഷകനെ ഏല്പിക്കുന്നു; ദിവ്യബലിയിൽ സുവിശേഷത്തിനുമുമ്പ് ചെയ്യുന്നപോലെ ധൂപക്കുറ്റിയിൽ പുരോഹിതൻ കുന്തിരിക്കം ഇടുകയും ആശീർവദിക്കുകയും ചെയ്യുന്നു. അനന്തരം ഡീക്കൻ പുരോഹിതന്റെ അടുത്തുവന്ന് "ഗുരോ അനുഗ്രഹിച്ചാലും" എന്നുപറഞ്ഞുകൊണ്ട് ആശീർവാദമഭ്യർഥിക്കുന്നു. പുരോഹിതൻ താഴ്ന്ന സ്വരത്തിൽ പറയുന്നു:

അവിടത്തെ പെസഹാപ്രഘോഷണം യോഗ്യതയോടും അർഹതയോടുംകൂടെ പ്രഘോഷിക്കുന്നതിന് കർത്താവ് താങ്കളുടെ ഹൃദയത്തിലും അധരങ്ങളിലും ഉണ്ടായിരിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ,

ഡീക്കൻ പ്രത്യുത്തരിക്കുന്നു:

ആമേൻ.

ഡീക്കനല്ലാത്ത ഒരാൾ പെസഹാപ്രഘോഷണം നടത്തുമ്പോൾ ഈ ആശീർവാദം വിട്ടുകളയുന്നു.

19. ഡീക്കൻ പെസഹാത്തിരിക്കും ഗ്രന്ഥത്തിനും ധൂപാർപ്പണം ചെയ്തശേഷം വചനപീഠത്തിലോ പാഠകവേദിയിലോനിന്നുകൊണ്ട് പെസഹാപ്രഘോഷണം നടത്തുന്നു. തത്സമയം എല്ലാവരും കത്തിച്ചതിരികളുമായി എഴുന്നേറ്റു നില്ക്കുന്നു.

ഡീക്കന്റെ അഭാവത്തിൽ പുരോഹിതനുതന്നെയോ അല്ലെങ്കിൽ സഹകാർമികനോ പെസഹാപ്രഘോഷണം നടത്താവുന്നതാണ്. ആവശ്യമെങ്കിൽ, ഒരല്മായഗായകന് പെസഹാപ്രഘോഷണം നടത്താവുന്നതാണ്. പക്ഷേ, അയാൾ ബ്രാക്കറ്റിലുള്ള കർത്താവു നിങ്ങളോടുകൂടെ എന്ന അഭിവാദനത്തോടെയുള്ള ഭാഗങ്ങൾ വിട്ടുകളയുന്നു.

പെസഹാപ്രഘോഷണത്തിന്റെ ഹ്രസ്വരൂപവും ആലപിക്കാവുന്നതാണ് (പേജ്...)

**പെസഹാപ്രഘോഷണം (ഗാനരൂപം)**

ദൈവദൂതരാർത്തുല്ലസിക്കട്ടെ
ആനന്ദത്തിരയാഞ്ഞുയരട്ടെ
മോദം തിങ്ങിന ദിവ്യകർമ്മങ്ങൾ
കാന്തികന്ദളം മന്നിനേകട്ടെ;

ദിവ്യമഹോന്നത കാഹളമോടെ
എങ്ങും വിജയം വിളംബരംചെയ്ത്
വിണ്ണവരാജന്റെ ഭേരിയുയർന്ന്
മന്നിനു രക്ഷയുറപ്പായിടട്ടെ!

ഇത്ര സമൃദ്ധമാം കാന്തിസരിത്തിൽ
നീന്തി നീ സന്തുഷ്ടയാവുക ഭൂമീ!
നിത്യനാം ഭൂപന്റെ തേജസ്സുചിന്തി
ഭാസുരഭംഗി കലർന്നുനീ മിന്നൂ!

ഭൂമിയെ ചൂഴ്ന്നിടും കൂരിരുളാകെ
മാഞ്ഞുപോയ് ദീപ്തിയിലൊന്നൊഴിയാതെ
ഇമ്മഹാദീപത്തിൻ മഞ്ജുനിലാവിൽ
സമ്മോദംകൊൾക സഭാംബിക മേന്മേൽ

അന്ധകാരത്തിന്നിരുൾമറ നീങ്ങി
പൊൻപ്രഭ ഭാസുരദീപ്തി പൊഴിക്കേ
ദിവ്യസഭാംബിക ഹർഷാരവത്താൽ
ആഹ്ലാദതുന്ദിലമാകട്ടെ മേന്മേൽ

(ഭദ്രമനോഹരദീപ്തിയണിഞ്ഞൊരു
വത്സലരാം സഹജാതരേ, നിങ്ങൾ
എന്നോടുചേർന്നു പിതാവിനോടേവം
വന്ദനംചെയ്ക കൃപാവരമേകാൻ.

ഞാനൊരയോഗ്യനതെങ്കിലുമെന്നെയും
വൈദികശ്രേണിയിലാക്കി ദയാമയൻ
ആയവനാമണിദീപമതിൻസ്തുതി
പാടുവതിന്നു തരും കഴിവേറ്റവും.)

(V കർത്താവു നിങ്ങളോടുകൂടെ
R അങ്ങയുടെ ആത്മാവോടുംകൂടെ)
V ഹൃദയങ്ങൾ ഉയർത്തുവിൻ!
R കർത്താവിങ്കലേക്ക് ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം!
R അത് ഉചിതവും ന്യായവുമത്രേ.

ശക്തനദൃശ്യൻ ദൈവവുമാം
നിത്യപിതാവിനുമവിടത്തെ
പൊൻസുതനേശുക്രിസ്തുവിനും
നിത്യനമസ്കൃതി ചെയ്യുക നാം.

ഹൃദയം നിറയുമൊരിമ്പമൊടും
അകതളിരിൽ നൽസ്നേഹമൊടും
മധുരവചസ്സാൽ വാഴ്ത്തിടുകിൽ
ഉചിതവുമപ്പോൾ യുക്തവുമാം.

ആദത്തിൻപിഴ കാരണമായ്
മർത്യനു വന്ന കടംവീട്ടി
ക്രിസ്തു നമുക്കായ്ത്തൻരക്തം
ചിന്തിയൊഴിച്ചാശിക്ഷകളും.

അവിടത്തെത്തിരുരക്തത്താൽ
വിശ്വാസികളുടെ വീടുകളെ
ശുദ്ധീകരണം ചെയ്യുന്ന
നൽപെസഹാത്തിരുനാളിതു താൻ.

പൂർവന്മാരാമിസ്രായേൽ-
മക്കളെ വിടുവിച്ചീജിപ്തിൽ
അടിമത്തം വിട്ടെഴുന്നേല്ക്കാൻ
കഴിവോരാക്കിയ രാത്രിയുമേ!

കാൽ നനയാതങ്ങവരെല്ലാം
ചെങ്കടൽ തരണം ചെയ്തീടാൻ
കാരണമാക്കിയ രാവിതുതാൻ
മഞ്ജുളകാന്തിയെഴുന്നതുമേ!

പാപത്തിമിരം ദുർഗുണവും
ക്രിസ്തീയരിൽ നിന്നൊഴിവാക്കി
ദൈവവരാർപ്പണമേകുകയും
ശുദ്ധിയുമായ് ബന്ധിക്കുകയും;

തീത്തൂണിന്നുടെ ദീപ്തിയതാൽ
പാപക്കൂരിരുൾ നീക്കുകയും
ചെയ്തൊരു മുഗ്ധമഹോന്നതമാം
രാത്രമതാണീ വേളയിതും!

മൃത്യുവതിന്റെ വിലങ്ങുകളെ
തച്ചുതകർത്തു പരംപൊരുളാം
ക്രിസ്തുവുയിർത്തൊരു രാത്രിയിതേ
നിസ്തുലമോഹനമായതുതാൻ!

* * * * * *

രക്ഷയതില്ലായിരുന്നുവെങ്കിൽ
നിഷ്ഫലമായേനെ ജന്മംപോലും.
ഞങ്ങളോടുള്ള വാത്സല്യമോർത്താൽ
വർണനാതീത സമുദ്രതുല്യം.

എത്രയുയർന്ന കൃപാതിരേകം
ഭാവനാതീതമാം സ്നേഹശീലം
നീചനാമേഴയെ വീണ്ടുകൊൾവാൻ
സൂനുവെയങ്ങു ബലികഴിച്ചു.

ക്രിസ്തുവിൻ മൃത്യുവാൽ ഭഗ്നമായി
ആദത്തിൻ പാപങ്ങളാകമാനം
രക്ഷകൻ ഭൂവിൽ പിറക്കുവാനായ്
ആവശ്യമായ്വന്നു പാപമപ്പോൾ!

(ആകയാൽ രക്ഷകനാഗമിക്കാൻ
ഹേതുവാം പാപമേ! ഭാഗ്യപൂർണം!
ഈ രാവിൻശുദ്ധി അധർമമെല്ലാം
നേരായിത്തന്നെ തുരത്തീടുന്നു!

പാപം കഴുകിക്കളഞ്ഞിടുന്നു
കേഴുവോർക്കാശ്വാസമേകിടുന്നു
ദുഷ്ടരെ നിർമലരാക്കിടുന്നു
ഭൂസ്വർഗമേളനവേളയിതാ!)

മർത്യൻ ദൈവത്തിങ്കലൊന്നുചേരും
മുഗ്ധനിശയുമിതൊന്നുതന്നെ!
തിരുസഭയീരാവിൽ നന്ദിപൂർവം
തിരുമുമ്പിൽ കാഴ്ചയണച്ചിടുന്നു.

മഹിതമീ സായാഹ്നദീപയജ്ഞം
കരുണയാൽ സ്വീകരിക്കേണമേ നീ.
പരമവിശുദ്ധനാം സ്വർഗതാതാ
അരുളണേയാശിസ്സനുഗ്രഹങ്ങൾ.

മലരിൽനിന്നീച്ചകൾ ശേഖരിച്ച
മെഴുകിതാ നല്കുന്നു ചേവടിയിൽ.
സഭയിലെ വൈദികരാലെയേറ്റം
വഴിപോൽ വിശിഷ്ടനിവേദ്യമായി.

(കീർത്തിതമാകുമീ ദീപയഷ്ടി
ആരാധനയ്ക്കായ് ജ്വലിച്ചിടട്ടെ.
എത്രപകർന്നാലുമക്ഷയമായ്
മുഗ്ധമായ് ശോഭിപ്പതാണതേറ്റം.

ഈ വിളക്കിന്നു രൂപം കൊടുക്കാൻ
മാതൃഭാവത്തോടെ തേനീച്ചകൾ
കൂട്ടിയ നന്മെഴുകീ വിളക്കിൻ
ദീപ്തനാളത്തെ വളർത്തിടട്ടെ.)

* * * * * *

അതിനാലെ കർത്താവേ പ്രാർത്ഥിപ്പൂ ഞങ്ങൾ
അവിടത്തെ നാമമഹത്ത്വത്തിനായ്.
ശുദ്ധീകരിച്ചു തെളിച്ചൊരീ കൈത്തിരി
പൊലിയാതെ കൂരിരുൾ നീക്കിടട്ടെ!

നറുമണം പാറുന്ന യാഗമായിന്നിത്
കരുതി നീ കൈക്കൊള്ളാൻ കനിയണമേ!
അനുവദിക്കേണമാദ്യോവിൻ വിളക്കുമായ്
മിളിതമാവാനിതിൻ കാന്തിയൊന്നായ്

ഇതു മഹിതോജ്ജ്വലശോഭ ചൊരിയട്ടെ;
പുലർതാരമായതും കണ്ടിടട്ടെ!
പാതാളത്തീന്നു മടങ്ങിയസ്താചലം
കാണാതെ മാനവവംശത്തിന്മേൽ.

അക്ഷയജ്യോതിസ്സായ് ശോഭിക്കും നക്ഷത്രം,
നിൻപ്രിയപുത്രനാം ക്രിസ്തുദേവൻ
എന്നും ജീവിക്കയും വാഴ്കയും ചെയ്യുന്നു
മന്നിലും വിണ്ണിലും ദീപ്തിപൂർവം.

**പെസഹാപ്രഘോഷണം (ഗദ്യരൂപം)**

സ്വർഗീയ മാലാഖവൃന്ദം ആർത്തുല്ലസിക്കട്ടെ. ദിവ്യരഹസ്യങ്ങൾ ആനന്ദപ്രദമാകട്ടെ. മഹോന്നതരാജാവിന്റെ വിജയം വിളംബരം ചെയ്യുന്ന കാഹളനാദം മുഴങ്ങട്ടെ. നമ്മുടെ രക്ഷയും പ്രഖ്യാപിതമാകട്ടെ.

സമൃദ്ധമായ കാന്തിപ്രസരത്തിൽ മുങ്ങിത്തെളിഞ്ഞ്, ഭൂതലമേ, നീയും സന്തുഷ്ടയാവുക. സനാതനരാജന്റെ തേജസ്സിനാൽ ഭാസുരമായ ലോകമേ, നിന്നെ വലയംചെയ്തിരുന്ന അന്ധകാരം മാഞ്ഞുപോയി എന്നറിയുക.

സഭാമാതാവ് ഈ മഹാദീപത്തിന്റെ മഞ്ജുളപ്രഭ തഴുകി ആഹ്ലാദഭരിതയാവട്ടെ. ഈ ദൈവാലയം ജനസഞ്ചയത്തിന്റെ ഹർഷാരവംകൊണ്ടു മുഖരിതമാവുകയും ചെയ്യട്ടെ.

(വത്സലസഹോദരരേ, ഈ ഭദ്രദീപത്തിന്റെ നിറവെളിച്ചം ഏല്ക്കുന്ന നിങ്ങൾ എന്നോടൊത്ത്, സർവശക്തനായ ദൈവത്തിന്റെ കാരുണ്യം പ്രാർഥിക്കുവിൻ. അയോഗ്യനായ എന്നെയും വൈദികഗണത്തിൽ ചേർക്കാൻ തിരുമനസ്സായ തമ്പുരാൻ തന്റെ പ്രകാശധാരയാൽ ഈ മണിവിളക്കിന്റെ സ്തുതി പാടാൻ എന്നെ പ്രാപ്തനാക്കട്ടെ).

(V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ)
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

അദൃശ്യനും സർവശക്തനും ദൈവവുമായ പിതാവിനെയും അവിടത്തേ ഏകപുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെയും ഹൃദയം നിറഞ്ഞ സ്നേഹത്തോടും ഉൾത്തിങ്ങിയ ഭക്തിയോടുംകൂടെ മധുരവചനങ്ങളാൽ വാഴ്ത്തിപ്പാടുന്നത് അത്യന്തം ഉചിതവും ന്യായവുംതന്നെ.

ആദത്തിന്റെ പാപംമൂലം നിത്യപിതാവിനോടുണ്ടായ കടം ക്രിസ്തു നമുക്കുവേണ്ടി വീട്ടി; തന്റെ ദയാർദ്രതയാൽ ചിന്തിയ രക്തംകൊണ്ട് ആദിപാപത്തിന്റെ ശിക്ഷ നീക്കുകയും ചെയ്തു.

ഇതുതന്നെയാണു സാക്ഷാൽ കുഞ്ഞാടിനെ ബലിയർപ്പിക്കുകയും അവിടത്തേ രക്തംകൊണ്ടു വിശ്വാസികളുടെ കട്ടിളപ്പടികൾ വിശുദ്ധമാക്കുകയും ചെയ്യുന്ന പെസഹാമഹോത്സവം. ഈ രാത്രിതന്നെയാണ് ഞങ്ങളുടെ പൂർവികരായ ഇസ്രായേൽ സന്തതികളെ ഈജിപ്തിൽനിന്നു വിമോചിപ്പിച്ചത്. കാലു നനയാതെ ചെങ്കടൽ കടന്ന് പോരാനിടയാക്കിയ രാത്രി ഇതാണ്. ഈ രാത്രിതന്നെയാണ് അഗ്നിസ്തംഭത്തിന്റെ ദീപ്തികൊണ്ടു പാപന്ധകാരം തുരത്തിയ രാത്രി. ഈ രാത്രിതന്നെയാണു ലോകമെങ്ങുമുള്ള ക്രിസ്തുവിശ്വാസികളെ ദുർഗുണങ്ങളിൽനിന്നും പാപാന്ധകാരത്തിൽനിന്നും അകറ്റി, വീണ്ടും ദൈവപ്രസാദത്തിൽ ഉറപ്പിക്കുകയും വിശുദ്ധിയിൽ ബന്ധിക്കുകയും ചെയ്യുന്നത്. ഈ രാത്രിതന്നെയാണ് മരണത്തിന്റെ ചങ്ങല തകർത്ത്, ക്രിസ്തു കല്ലറവിട്ട് വിജയശ്രീയോടെ ഉയിർത്തെഴുന്നേറ്റ മഹനീയരാത്രി. ഇപ്രകാരം രക്ഷ ലഭ്യമാക്കിയില്ലായിരുന്നെങ്കിൽ നമ്മുടെ ജന്മം നിഷ്ഫലമാകുമായിരുന്നു.

അഹോ! പിതാവേ, ഞങ്ങളോട് അങ്ങു കാണിച്ച വാത്സല്യാതിരേകം! അഹോ! അങ്ങയുടെ ദയാവായ്പ്! അടിമയെ വീണ്ടെടുക്കാൻ അങ്ങു പ്രിയപുത്രനെ ബലികഴിച്ചു!

ഇത്ര നല്ല, ഇത്ര വലിയ ഒരു രക്ഷകനെ ലഭിക്കാൻ ആദത്തിന്റെ പാപം ആവശ്യമായിരുന്നു! അതു ഭാഗ്യപ്പെട്ടതായിരുന്നു. ആ പാപം ക്രിസ്തുവിന്റെ മരണത്താൽ പരിഹരിക്കപ്പെടുകയും ചെയ്തു.

(ഹാ! അനുഗൃഹീതമായ രാത്രി! ക്രിസ്തു പാതാളംവിട്ട് ഉത്ഥാനംചെയ്ത നേരവും നാഴികയും അറിയാൻ ഭാഗ്യം സിദ്ധിച്ച ഏകരാത്രി. ഈ രാവിനെക്കുറിച്ചാണ്, "രാത്രി പകൽപോലെ പ്രകാശിക്കും" "എന്റെ ആഹ്ലാദവായ്പിൽ രാത്രിയും എനിക്കു ദീപ്തിദമാകും" എന്ന് എഴുതിയിരിക്കുന്നത്.)

ഈ രാത്രിയുടെ പരിശുദ്ധി അധർമത്തെ നശിപ്പിക്കുന്നു; പാപം കഴുകിക്കളയുന്നു; പാപപങ്കിലർക്കു നൈർമല്യം നല്കുന്നു; ദുഃഖിതർക്ക് ആനന്ദം പകരുന്നു; വിദ്വേഷം അകറ്റി സൗഹൃദം പുലർത്തുന്നു; അഹന്തയെ അമർത്തുകയും ചെയ്യുന്നു.

അനുഗ്രഹം നിറഞ്ഞ ഈ രാത്രിയിൽ വിശുദ്ധസഭ സായാഹ്നബലിയായി അർപ്പിക്കുന്ന ഈ ദീപയജ്ഞം, പരിശുദ്ധനായ പിതാവേ, അങ്ങു സ്വീകരിച്ചാലും. സഭ, ശുശ്രൂഷകർവഴി അങ്ങേക്ക്, തേനീച്ചകളുടെ പ്രയത്നഫലമായ ഈ മെഴുക് യഥാവിധി നിവേദിക്കുന്നു.

(ഇപ്രകാരം പ്രകീർത്തിതമായ ഈ ദീപസ്തംഭം ദൈവാരാധനയ്ക്കായി ഇപ്പോൾ ഉജ്ജ്വലിക്കുമാറാകട്ടെ. ഈ ദീപത്തിൽനിന്ന് എത്ര ദീപശിഖകൾ പകർന്നെടുത്താലും അത് എന്നും അക്ഷയ ദീപമായി വിരാജിക്കും. ഈ മണിവിളക്കിനു മൂർത്തിനല്കാൻ മാതൃഭാവത്തോടെ തേനീച്ചകൾ സംഭരിച്ച മെഴുക് ഈ തീനാളം നിരന്തരം പോഷിപ്പിക്കും.) ഹാ! ഭൂമിയും സ്വർഗവും സമ്മേളിക്കുന്ന, മനുഷ്യൻ ദൈവവുമായി സന്ധിക്കുന്ന വിശുദ്ധരാത്രി!

ആകയാൽ, കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു: അങ്ങേ തിരുനാമത്തിന്റെ മഹിമയ്ക്കായി വിശുദ്ധീകരിച്ചു തെളിച്ച ഈ തിരി മങ്ങലേശാതെ നിലനിന്ന്, രാവിന്റെ അന്ധകാരം തുരത്തുമാറാകട്ടെ. നറുമണം പരത്തുന്ന യാഗമായി അങ്ങ് ഇത് സ്വീകരിച്ചാലും. അതിന്റെ വെളിച്ചം സ്വർഗീയദീപങ്ങളോടൊത്തുലയിക്കാൻ അനുവദിക്കണമേ! ഇതിന്റെ ഉജ്ജ്വലനാളം പ്രഭാതതാരമാകുന്ന–അസ്തമനയമറിയാത്ത ഉദയനക്ഷത്രമാകുന്ന–ക്രിസ്തു, മാനവലോകത്തെ പ്രശാന്തമായി പരിശോഭിപ്പിക്കുന്ന ക്രിസ്തു, പാതാളത്തിൽനിന്ന് പ്രത്യാഗമിച്ച് എക്കാലവും ദർശിക്കുമാറാകട്ടെ.

എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങേ പുത്രനായ യേശുക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ.

R. ആമേൻ

ഹ്രസ്വരൂപം ഉപയോഗിക്കുന്നെങ്കിൽ ബ്രാക്കറ്റിലുള്ളത് ഉപേക്ഷിക്കുക.

## രണ്ടാംഭാഗം

## വചനപ്രഘോഷണകർമം

20. എല്ലാ ജാഗരങ്ങളുടെയും അമ്മയായ ഈ ജാഗരത്തിൽ ഒമ്പതു പാഠകങ്ങളുണ്ട്; ഏഴെണ്ണം പഴയനിയമത്തിൽനിന്നും രണ്ടെണ്ണം (ലേഖനവും സുവിശേഷവും) പുതിയനിയമത്തിൽനിന്നും. പെസഹാജാഗരത്തിന്റെ സ്വഭാവം കാത്തുസൂക്ഷിക്കാൻ, സമയദൈർഘ്യം ആവശ്യപ്പെടുന്നതനുസരിച്ച്, കഴിയുമെങ്കിൽ എല്ലാ പാഠകങ്ങളും വായിക്കേണ്ടതാണ്.

21. എന്നാലും ഗൗരവമുള്ള അജപാലനാത്മകമായ കാരണങ്ങളുണ്ടെങ്കിൽ, പഴയനിയമത്തിലെ പാഠകങ്ങളുടെ എണ്ണം കുറയ്ക്കാവുന്നതാണ്. അപ്പോഴും പെസഹാജാഗരാനുഷ്ഠാനത്തിന്റെ പ്രധാനഭാഗം ദൈവവചനപാരായണമാണെന്നത് വിസ്മരിക്കരുത്. പഴയനിയമത്തിൽനിന്ന് പഞ്ചഗ്രന്ഥിയിലെയും പ്രവാചകഗ്രന്ഥങ്ങളിലെയും മൂന്നു പാഠകങ്ങളെങ്കിലും വായിക്കേണ്ടതാണ്; അവയ്ക്ക് യോജിച്ച പ്രതിവചനസങ്കീർത്തനങ്ങൾ പാടേണ്ടതുമാണ്. എന്നാൽ പുറപ്പാടിന്റെ പുസ്തകത്തിലെ 14-ാം അധ്യായത്തിൽനിന്നുള്ള വായനയും അതിന്റെ പ്രതിവചനസങ്കീർത്തനവും ഒരു കാരണവശാലും വിട്ടുകളയാൻ പാടില്ല.

22. ജനങ്ങൾ തിരികൾ അണച്ചശേഷം ഇരിക്കുന്നു. പാഠകങ്ങളാരംഭിക്കും മുമ്പ് പുരോഹിതൻ താഴെ കൊടുത്തിരിക്കുന്ന വാക്കുകളിലോ തത്തുല്യമായ വാക്കുകളിലോ ജനങ്ങളെ ഉപദേശിക്കുന്നു:

വത്സലസഹോദരരേ, ആഘോഷപൂർവകമായ ജാഗരാനുഷ്ഠാനമാരംഭിച്ചുകഴിഞ്ഞുവല്ലോ. നമുക്കു സശ്രദ്ധം ദൈവവചനം ശ്രവിക്കാം; ദൈവം എപ്രകാരമാണു പഴയനിയമകാലഘട്ടത്തിൽ സ്വന്തം ജനത്തെ രക്ഷിച്ചതെന്നും കാലത്തിന്റെ തികവിൽ തന്റെ പുത്രനെ നമുക്കുവേണ്ടി രക്ഷകനായി അയച്ചതെന്നും നമുക്ക് ധ്യാനിക്കാം. പരിത്രാണത്തിന്റെ നിറവിനായി രക്ഷയുടെ ഈ പെസഹാനുഷ്ഠാനം നമ്മുടെ ദൈവം പൂർത്തീകരിക്കാൻവേണ്ടി നമുക്ക് പ്രാർഥിക്കാം.

23. അനന്തരം പാഠകങ്ങൾ ആരംഭിക്കുന്നു. വചനപീഠത്തിൽചെന്ന് പാഠകൻ പാഠകം പ്രഘോഷിക്കുന്നു. തുടർന്ന് സങ്കീർത്തകൻ അഥവാ ഗായകൻ സങ്കീർത്തനം പാടുകയോ ചൊല്ലുകയോ ചെയ്യുന്നു. ജനങ്ങൾ പ്രതിവചനം ഉച്ചരിക്കുന്നു. തുടർന്ന് എല്ലാവരും എഴുന്നേല്ക്കുന്നു. തത്സമയം പുരോഹിതൻ പറയുന്നു : നമുക്കു പ്രാർഥിക്കാം. എല്ലാവരും കുറച്ചുനേരം മൗനമായി പ്രാർഥിച്ചശേഷം പുരോഹിതൻ വായനയ്ക്കനുയുക്തമായ പ്രാർഥന ചൊല്ലുന്നു. പ്രതിവചനസങ്കീർത്തനത്തിനു പകരം കുറച്ചുനേരം ധ്യാനിച്ചാലും മതി; അങ്ങനെയെങ്കിൽ **'നമുക്കു പ്രാർഥിക്കാം'** എന്നു പറഞ്ഞതിനുശേഷം മൗനം ആവശ്യമില്ല.

## വായനയ്ക്കുശേഷമുള്ള പ്രാർഥനകൾ

24. **ഒന്നാം പാഠകത്തിനുശേഷം (ലോകസൃഷ്ടി: ഉത്പ: 1:1-2:2) അഥവാ 1:1, 26-31) സങ്കീ (103 അഥവാ 32).**

നമുക്കു പ്രാർഥിക്കാം

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ എല്ലാ കരവേലകളുടെയും ക്രമത്തിൽ അങ്ങ് എത്രയോ വിസ്മയനീയൻ! കാലത്തിന്റെ തികവിൽ നമ്മുടെ പെസഹായായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ടതൊഴികെ ആരംഭത്തിലുള്ള ലോകസൃഷ്ടിയേക്കാൾ മഹത്തരം മറ്റൊന്നില്ല എന്ന് അങ്ങേ വീട്ടെടുക്കപ്പെട്ടവർ ഗ്രഹിക്കുമാറാകട്ടെ. എന്നെന്നും...

R. ആമേൻ.

അഥവാ മനുഷ്യസൃഷ്ടി

ദൈവമേ, അങ്ങു മനുഷ്യനെ വിസ്മയനീയമായി സൃഷ്ടിച്ചു; അതിലേറെ വിസ്മയനീയമായി അവനെ രക്ഷിച്ചു. മനസ്സിന്റെ വിവേചനശക്തിയാൽ പാപവശീകരണങ്ങൾ ചെറുത്തുനില്ക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ ഞങ്ങൾ നിത്യാനന്ദത്തിൽ എത്തിച്ചേരാൻ അർഹരാകട്ടെ. കർത്താവായ...

R. ആമേൻ.

25. **രണ്ടാം പാഠകത്തിനുശേഷം: (അബ്രാഹത്തിന്റെ ബലി ഉൽപ 22: 1 – 18 അഥവാ 1-2, 9a. 10-13, 15-18) & സങ്കീ (15).**

നമുക്കു പ്രാർഥിക്കാം

വിശ്വാസികളുടെ പരമപിതാവായ ദൈവമേ, ലോകമെങ്ങും ദത്തെടുപ്പിന്റെ കൃപചൊരിഞ്ഞ് അങ്ങേ വാഗ്ദാനത്തിന്റെ മക്കളെ വർധിപ്പിക്കുകയും പെസഹാരഹസ്യംവഴി അങ്ങ് വാഗ്ദാനം ചെയ്തപോലെ അങ്ങേ ദാസനായ അബ്രാഹത്തെ സകലജനത കളുടെയും പിതാവാക്കുകയും ചെയ്തുവല്ലോ. അങ്ങേ തിരഞ്ഞെ ടുപ്പിന്റെ കൃപയിലേക്ക് യോഗ്യതയോടെ പ്രവേശിക്കാൻ അങ്ങേ ജനത്തെ അനുഗ്രഹിക്കണമേ. കർത്താവായ...

R. ആമേൻ.

26. **മൂന്നാം പാഠകത്തിനുശേഷം (ചെങ്കടലിലൂടെയുള്ള യാത്ര: പുറ 14: 15 – 15: 1) & ഗീതകം (പുറ 15).**

നമുക്കു പ്രാർഥിക്കാം

ദൈവമേ, മുൻകാലങ്ങളിലെ അങ്ങേ അദ്ഭുതങ്ങൾ ഞങ്ങ ളുടെ ഇക്കാലയളവിലും മിന്നിത്തിളങ്ങുന്നതായി ഞങ്ങളറിയുന്നു. അങ്ങേ വലത്തുകരത്തിന്റെ ശക്തിയാൽ ഫറവോയുടെ പീഢന ത്തിൽനിന്നു മോചിപ്പിച്ച് ഒരു ജനതക്കു നല്കിയത് ഇപ്പോൾ നവ ജന്മത്തിന്റെ ജലംവഴി ജനതകളുടെ രക്ഷയായി അങ്ങ് നിർവഹി ക്കുന്നുവല്ലോ. അങ്ങനെ, സമസ്തലോകവും അബ്രാഹത്തിന്റെ സന്തതികളായും ഇസ്രായേലിന്റെ മഹിമയായും രൂപാന്തരപ്പെടാൻ അനുഗ്രഹിക്കണമേ. കർത്താവായ...

R. ആമേൻ.

**അഥവാ**

ദൈവമേ, പൂർവകാലങ്ങളിൽ അങ്ങ് നിർവഹിച്ച അദ്ഭുതങ്ങൾ പുതിയനിയമത്തിന്റെ പ്രകാശത്താൽ വെളിപ്പെടുത്തിയല്ലോ. അതുവഴി, ചെങ്കടൽ പവിത്രമായ നീർത്തൊട്ടിയുടെ ആദിരൂപമായും അടിമത്തത്തിൽനിന്ന് വിമോചിതമായ ജനത ക്രൈസ്തവജനത്തിന്റെ അടയാളമായും തീർന്നുവല്ലോ. അങ്ങനെ സകല ജനതകളും വിശ്വാസത്തിന്റെ യോഗ്യതയാൽ ഇസ്രായേലിന്റെ വിശിഷ്ടഭാഗ്യം സ്വീകരിച്ച് അങ്ങേ ആത്മാവിന്റെ പങ്കാളിത്തം വഴി നവജന്മം പ്രാപിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

R. ആമേൻ.

27. **നാലാം പാഠകത്തിനുശേഷം: (പുതിയ ജറുസലേം ഏശ 54: 5 – 14) & സങ്കീ 29).**

നമുക്കു പ്രാർഥിക്കാം

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ നാമത്തിന്റെ മഹത്ത്വത്തിനായി പൂർവപിതാക്കന്മാരുടെ വിശ്വാസത്തെപ്രതി അവരോട് വാഗ്ദാനംചെയ്തത് സഫലീകരിക്കുകയും പാവനമായ ദത്തെടുപ്പിലൂടെ വാഗ്ദാനത്തിന്റെ മക്കളെ വർധിപ്പിക്കുകയും ചെയ്യുണമേ. അങ്ങനെ, മുൻകാല വിശുദ്ധർ ഭാവിയെപ്പറ്റി സംശയിക്കാതിരുന്നതിൽ ഭൂരിഭാഗവും ഇതിനകം പൂർത്തീകരിക്കപ്പെട്ടതായി സഭ ഗ്രഹിക്കുമാറാകട്ടെ. കർത്താവായ...

R. ആമേൻ.

വിട്ടുകളഞ്ഞ പാഠകങ്ങളുടെ കൂടെവരുന്ന മറ്റു പ്രാർഥനകളും ഉപയോഗിക്കാവുന്നതാണ്.

28. **അഞ്ചാം പാഠത്തിനുശേഷം: (എല്ലാവർക്കും സൗജന്യമായി നല്കപ്പെട്ട രക്ഷ ഏശ 55: 1 – 11) & ഗീതകം ഏശ (12).**

നമുക്കു പ്രാർഥിക്കാം

ലോകത്തിന്റെ ഏകപ്രത്യാശയും സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ പ്രവാചകരുടെ പ്രഘോഷണംവഴി ഇക്കാലയളവിലെ രഹസ്യങ്ങൾ അങ്ങ് വെളിപ്പെടുത്തിയല്ലോ. അങ്ങേ ജനത്തിന്റെ അഭിലാഷങ്ങൾ പ്രീതിപൂർവം തീക്ഷ്ണതരമാക്കണമേ. എന്തെന്നാൽ, അങ്ങേ പ്രചോദനത്താലല്ലാതെ ഒരു വിശ്വാസിയുടെയും ഒരുതരത്തിലുള്ള സുകൃതവളർച്ചയും കൈവരുന്നില്ല. കർത്താവായ...

R. ആമേൻ.

29. **ആറാം പാഠത്തിനുശേഷം: (ജ്ഞാനത്തിന്റെ ഉറവിടം ബാറുക്ക് 3: 9 – 15. 31 –4: 4) & സങ്കീ (18).**

നമുക്കു പ്രാർഥിക്കാം

ദൈവമേ, ജനതകളെ വിളിച്ചുകൊണ്ട് അങ്ങേ സഭയെ എപ്പോഴും വർധമാനമാക്കുന്നുവല്ലോ. അങ്ങനെ, ജ്ഞാനസ്നാനജലത്താൽ കഴുകിനിർമലരായവരെ നിരന്തരസംരക്ഷണത്താൽ ദയാപൂർവം പരിപാലിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

R. ആമേൻ.

30. **ഏഴാം പാഠത്തിനുശേഷം: (നവഹൃദയവും നവചൈതന്യവും എസക്കി 36: 16 – 28) & സങ്കീ (41–42).**

നമുക്കു പ്രാർഥിക്കാം

അചഞ്ചലശക്തിയും അക്ഷയജ്യോതിയുമായ ദൈവമേ, മുഴുവൻ സഭയുടെയും രഹസ്യം കാരുണ്യപൂർവം തൃക്കൺപാർക്കുകയും മാനവരക്ഷയുടെ പ്രവർത്തനം നിത്യമായ പദ്ധതിയുടെ ഫലംവഴി പ്രശാന്തമായി നിവർത്തിക്കുകയും ചെയ്യണമേ. പതിതരെ ഉദ്ധരിക്കുകയും പഴകിയത് പുതുക്കുകയും ക്രിസ്തുവിലൂടെതന്നെ സമസ്തവും സമഗ്രതയിൽ പുനഃസ്ഥാപിക്കുകയും ചെയ്യുന്നത് ലോകംമുഴുവനും ഗ്രഹിക്കാനും കാണാനും ഇടയാകട്ടെ. എന്തെന്നാൽ, അവിടന്നിൽ നിന്നാണല്ലോ സമസ്തവും ആരംഭിക്കുന്നത്. എന്നെന്നും...

R. ആമേൻ.

**അഥവാ**

ദൈവമേ, പെസഹാരഹസ്യം ആഘോഷിക്കാൻ പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും താളുകളിലൂടെ അങ്ങ് ഞങ്ങളെ പഠിപ്പിച്ചുവല്ലോ. അങ്ങേ കാരുണ്യം ഗ്രഹിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങനെ, ഇപ്പോഴത്തെ ദാനങ്ങൾ സ്വീകരിക്കുന്നതുവഴി വരാനിരിക്കുന്നവയെപ്പറ്റിയുള്ള പ്രത്യാശ സുദൃഢമാകട്ടെ. കർത്താവായ...

R. ആമേൻ.

31. പഴയനിയമത്തിൽനിന്നുള്ള അവസാനപാഠകവും പ്രതിവചനസങ്കീർത്തനവും പ്രാർഥനയും കഴിഞ്ഞശേഷം അൾത്താരയിലെ തിരികൾ കത്തിക്കുന്നു; തുടർന്നു പുരോഹിതൻ അത്യുന്നതങ്ങളിൽ എന്ന ഗാനമാരംഭിക്കുകയും എല്ലാവരും ഏറ്റുപാടുകയും ചെയ്യുന്നു. തത്സമയം സ്ഥലത്തെ രീതിയനുസരിച്ച് മണികൾ മുഴങ്ങുന്നു.

32. പ്രസ്തുത ഗാനം അവസാനിക്കുമ്പോൾ പുരോഹിതൻ പതിവുപോലെ സമിതിപ്രാർഥന ചൊല്ലുന്നു.

നമുക്കു പ്രാർഥിക്കാം

ദൈവമേ, ഉയിർപ്പുഞായറിന്റെ മഹത്ത്വം ഈ പരമപരിശുദ്ധരാത്രിയെ പ്രകാശിപ്പിക്കുന്നുവല്ലോ. ദത്തെടുപ്പിന്റെ ചൈതന്യം അങ്ങേ സഭയിൽ ഉദ്ദീപിപ്പിക്കണമേ. അങ്ങനെ, ശരീരവും മനസ്സും നവീകരിക്കപ്പെട്ട്, അവികലമായ ശുശ്രൂഷ അങ്ങേക്ക് ഞങ്ങൾ അർപ്പിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

33. പിന്നീട് പാഠകൻ അപ്പസ്തോലനിൽനിന്നുള്ള പാഠകം പ്രഘോഷിക്കുന്നു.

34. ലേഖനം വായിച്ചുകഴിയുമ്പോൾ എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു; തത്സമയം പുരോഹിതൻ സാഘോഷം മൂന്നുപ്രാവശ്യം പടിപടിയായി ശബ്ദമുയർത്തിക്കൊണ്ട് അല്ലേലൂയാ ആരംഭിക്കുന്നു; എല്ലാവരും അത് ഏറ്റുപാടുന്നു. ആവശ്യമെങ്കിൽ, സങ്കീർത്തകന് അല്ലേലൂയാ ആരംഭിക്കാവുന്നതാണ്.

തുടർന്ന്, സങ്കീർത്തകനോ ഗായകനോ 117-ാം സങ്കീർത്തനം പാടുന്നു; ജനങ്ങൾ അല്ലേലൂയാ എന്നു പ്രത്യുത്തരിക്കുന്നു.

35. പുരോഹിതൻ, സാധാരണരീതിയിൽ ധൂപക്കുറ്റിയിൽ കുന്തിരിക്കമിടുകയും ഡീക്കനെ ആശീർവദിക്കുകയും ചെയ്യുന്നു. സുവിശേഷവായനയ്ക്ക് തിരികൾ എടുക്കുന്നില്ല; ധൂപാർപ്പണം മാത്രം.

36. സുവിശേഷത്തിനുശേഷം എത്ര ഹ്രസ്വമാണെങ്കിലും പ്രസംഗം ഉപേക്ഷിക്കരുത്.

## മൂന്നാംഭാഗം

## ജ്ഞാനസ്നാനകർമം

37. പ്രസംഗത്തിനുശേഷം ജ്ഞാനസ്നാനകർമം ആരംഭിക്കുന്നു. വിശ്വാസികൾക്ക് കാണത്തക്കസ്ഥാനത്താണ് ജ്ഞാനസ്നാനത്തൊട്ടിയെങ്കിൽ, പുരോഹിതൻ ശുശ്രൂഷകരോടുകൂടെ അങ്ങോട്ടു പോകുന്നു. അല്ലെങ്കിൽ വെള്ളം നിറച്ച പാത്രം വിശുദ്ധവേദിയിൽ സജ്ജീകരിക്കുന്നു.

38. പ്രാരംഭകൂദാശാർഥികളുണ്ടെങ്കിൽ അവരുടെ പേരുവിളിക്കുമ്പോൾ ജ്ഞാനപിതാക്കന്മാർ അവരെ, സമ്മേളിച്ചിരിക്കുന്ന സമൂഹത്തിന്റെ മുമ്പിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. അവർ ശിശുക്കളാണെങ്കിൽ മാതാപിതാക്കന്മാരും ജ്ഞാനപിതാക്കന്മാരും അവരെ എടുത്തുകൊണ്ടുവരുന്നു.

39. തുടർന്ന് ജ്ഞാനസ്നാനവേദിയിലേക്കോ ജ്ഞാനസ്നാനത്തൊട്ടിയിലേക്കോ പ്രദക്ഷിണമുണ്ടെങ്കിൽ ഉടനേ അതിനായി ഒരുങ്ങുന്നു. ഏറ്റവും മുന്നിൽ പെസഹാത്തിരിവാഹകൻ, അയാൾക്കുപിന്നിൽ ജ്ഞാനപിതാക്കന്മാരോടൊപ്പം ജ്ഞാസ്നാനാർഥികൾ, അവർക്കു പിന്നിൽ ശുശ്രൂഷകർ അവർക്കും പിന്നിൽ ഡീക്കനും പുരോഹിതനും. പ്രദക്ഷിണസമയത്ത് സകലവിശുദ്ധരോടുമുള്ള പ്രാർഥനമാല പാടുന്നു (നമ്പർ 43). പ്രാർഥനമാല തീരുമ്പോൾ പുരോഹിതൻ ഉദ്ബോധനം നല്കുന്നു (നമ്പർ 40).

40. ജ്ഞാനസ്നാനകർമം വിശുദ്ധവേദിയിലാണ് നടത്തുന്നതെങ്കിൽ പുരോഹിതൻ ഉടൻതന്നെ താഴെപ്പറയുന്ന രീതിയിലോ തത്തുല്യമായ വാക്കുകളിലോ ആമുഖം നടത്തുന്നു.

ജ്ഞാനസ്നാനാർഥികളുണ്ടെങ്കിൽ:

വത്സലസഹോദരരേ, നമ്മുടെ പ്രാർഥനകൾവഴി നമ്മുടെ സഹോദരരുടെ ധന്യമായ പ്രത്യാശയെ നമുക്ക് ഏകമാനസരായി സഹായിക്കാം. അങ്ങനെ, സർവശക്തനായ പിതാവ് നവജന്മത്തിന്റെ നീർത്തൊട്ടിയിലേക്കു ചരിക്കുന്ന ഇവരെ അങ്ങേ കാരുണ്യത്തിന്റെ സകലസഹായത്താലും അനുഗ്രഹിക്കട്ടെ.

ജ്ഞാനസ്നാനാർഥികളില്ലെങ്കിലും ജ്ഞാനസ്നാനത്തൊട്ടി ആശീർവദിക്കാനുണ്ടെങ്കിൽ:

വത്സലസഹോദരരേ, സർവശക്തനും പിതാവുമായ ദൈവത്തിന്റെ കൃപ ഈ നീർത്തൊട്ടിയുടെമേൽ ചൊരിയണമെന്ന് താഴ്മയോടെ നമുക്ക് പ്രാർഥിക്കാം. അങ്ങനെ, ഇതിൽനിന്ന് നവജന്മം പ്രാപിക്കുന്നവർ ക്രിസ്തുവിൽ ദത്തുപുത്രരുടെ ഗണത്തിൽ എണ്ണപ്പെടട്ടെ.

41. സകല വിശുദ്ധരോടുമുള്ള പ്രാർഥനമാല രണ്ടു ഗായകർ പാടുന്നു. ജനങ്ങളെല്ലാം നിന്നുകൊണ്ട് (എന്തുകൊണ്ടെന്നാൽ ഇതു പെസഹാക്കാലമായതുകൊണ്ട്) പ്രത്യുത്തരം നല്കുന്നു.

ജ്ഞാനസ്നാനവേദിയിലേക്കുള്ള പ്രദക്ഷിണം ദീർഘമെങ്കിൽ പ്രാർഥനാമാല ഈ സമയത്ത് ആലപിക്കപ്പെടുന്നു, അങ്ങനെയെങ്കിൽ പ്രദക്ഷിണം തുടങ്ങുന്നതിനുമുമ്പ് ജ്ഞാനസ്നാനാർഥികളുടെ പേരുവിളിക്കുന്നു. പ്രദക്ഷിണക്രമം ഇങ്ങനെയാണ്: മുന്നിൽ പെസഹാത്തിരി വാഹകൻ, പിന്നാലേ ജ്ഞാനപിതാക്കന്മാരോടുകൂടെ പ്രാരംഭകൂദാശാർഥികൾ, അവർക്കുപിന്നിൽ ശുശ്രൂഷകർ, ഡീക്കൻ, പുരോഹിതൻ. ജലമാശീർവദിക്കുന്നതിനു മുമ്പാണ് ഉദ്ബോധനം നല്കേണ്ടത്.

42. ജ്ഞാനസ്നാനാർത്ഥികളോ നീർത്തൊട്ടി ആശീർവാദമോ ഇല്ലെങ്കിൽ സകലവിശുദ്ധരുടെ പ്രാർത്ഥനമാല വിട്ടുകളഞ്ഞ് ഉടനേ ജലാശീർവാദമാരംഭിക്കുന്നു (നമ്പർ 54).

43. സകല വിശുദ്ധരോടുമുള്ള പ്രാർഥനാമാലയിൽ മറ്റു ചില വിശുദ്ധരുടെ പേരുകൾ, വിശിഷ്യ, ഇടവക ദേവാലയത്തിന്റെയും സ്ഥലത്തിന്റെയും ജ്ഞാനസ്നാനാർഥികളുടെയും സ്വർഗീയ മധ്യസ്ഥരുടെ പേരുകൾ കൂട്ടിച്ചേർക്കാവുന്നതാണ്.

കർത്താവേ കനിയണമേ (2)
ക്രിസ്തുവേ, കനിയണമേ (2)
കർത്താവേ കനിയണമേ (2)

| | |
|---|---|
| ദൈവജനനീ മാമരിയേ | പ്രാർഥിക്കണമേ ഞങ്ങൾക്കായ് |
| വിശുദ്ധനാം മിഖായേലേ | ” |
| വിശുദ്ധ വാനവദൂതന്മാരേ | ” |
| വിശുദ്ധ സ്നാപകയോഹന്നാനേ | ” |

| | |
|---|---|
| വിശുദ്ധനാകും യൗസേപ്പേ | പ്രാർഥിക്കണമേ ഞങ്ങൾക്കായ് |
| വിശുദ്ധ പത്രോസ്, പൗലോസേ | ” |
| വിശുദ്ധനാകും അന്ത്രേയാ | ” |
| വിശുദ്ധനാകും യോഹന്നാനേ | ” |
| വിശുദ്ധനാകും തോമായേ | ” |
| വിശുദ്ധ മറിയം മഗ്ദലേനാ | ” |
| വിശുദ്ധനാകും സ്റ്റീഫനേ | ” |
| വിശുദ്ധനാം ഇഗ്നേഷ്യസേ | ” |
| വിശുദ്ധനാകും ലോറൻസേ | ” |
| പെർപെത്തുവാ, ഫെലിസീത്താ | ” |
| വിശുദ്ധയാകും ആഗ്നസേ | ” |
| വിശുദ്ധനാകും ഗ്രിഗോരിയേ | ” |
| വിശുദ്ധനാം അഗസ്തീനേ | ” |
| വിശുദ്ധനാം അത്നാസ്യോസേ | ” |
| വിശുദ്ധനാം ബസീലിയോസേ | ” |
| വിശുദ്ധനാകും മർത്തീനേ | ” |
| വിശുദ്ധനാകും ബെനദിക്തേ | ” |
| വിശുദ്ധ ഫ്രാൻസിസ്, ഡോമിനിക്കേ | ” |
| വിശുദ്ധ ഫ്രാൻസിസ് സേവ്യറേ | ” |
| വിശുദ്ധനാം ജോൺ മേരി വിയാനീ | ” |
| വിശുദ്ധയാകും കത്രീനാ | ” |
| വിശുദ്ധയാകും അമ്മത്രേസ്യാ | ” |
| വിശുദ്ധരാകും സകലരുമേ | ” |

*****

| | |
|---|---|
| കരുണാനിധിയാം കർത്താവേ | നാഥാ മോചനമേകണമേ |
| എല്ലാതിന്മകളിൽനിന്നും | ” |
| പാപങ്ങൾ സകലത്തീന്നും | ” |
| നിത്യമതാം മൃതിയിൽനിന്നും | ” |
| നിന്നവതാരം വഴിയായി | ” |
| മൃതിയുമുയിർപ്പും വഴിയായി | ” |
| ദിവ്യാത്മാവിന്നാഗമനത്താൽ | ” |
| പാപികൾ ഞങ്ങൾ പ്രാർഥിപ്പൂ | ഞങ്ങടെ യാചന കേൾക്കണമേ |

(ജ്ഞാനസ്നാർഥികളുള്ളപക്ഷം)

തെരഞ്ഞെടുക്കപ്പെട്ടോരാകും
ഇവർക്കു ജ്ഞാനസ്നാനത്തിൻ
കൃപാവരംവഴി പുതുജന്മം
നല്കണമെന്നായ് പ്രാർഥിപ്പൂ. ഞങ്ങടെ....

(ജ്ഞാനസ്നാർഥികളില്ലെങ്കിൽ)

നിനക്കു ദത്തുസുതന്മാരെ
ഉരുവാക്കീടും നീരുറവ
നിന്നുടെ കൃപയാൽ പാവനമാക്കാൻ
കനിയണമെന്നിവർ പ്രാർഥിപ്പൂ. ഞങ്ങടെ...
സജീവനാകും ദൈവത്തിൻ
സുതനാമീശോമിശിഹായേ
ഞങ്ങളണയ്ക്കും പ്രാർഥനകൾ
കനിവോടങ്ങു കേൾക്കണമേ ഞങ്ങടെ...
ക്രിസ്തുനാഥാ, കേൾക്കണമേ (2)
കനിവാർന്നിവരെ കേൾക്കണമേ. (2)

ജ്ഞാനസ്നാനാർഥികൾ ഉള്ളപക്ഷം, പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് താഴെ കൊടുത്തിരിക്കുന്ന പ്രാർഥന ചൊല്ലുന്നു:

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേ മഹാകാരുണ്യത്തിന്റെ രഹസ്യങ്ങളിലൂടെ അങ്ങ് സന്നിഹിതനായിരിക്കുകയും ജ്ഞാനസ്നാനത്തൊട്ടിവഴി അങ്ങേ കൃപയാൽ ജന്മംപ്രാപിച്ചവ പുതിയ ജനതയായി സൃഷ്ടിക്കപ്പെടാൻ ദത്തെടുപ്പിന്റെ ചൈതന്യം അയയ്ക്കുകയും ചെയ്യണമേ. അങ്ങനെ, കൂദാശവഴി ഞങ്ങൾ താഴ്മയോടെ ചെയ്യുന്നത് അങ്ങേ ശക്തിയുടെ ഫലമായി പൂർത്തീകരിക്കപ്പെടട്ടെ. കർത്താവായ...

R. ആമേൻ.

### ജ്ഞാനസ്നാനജലാശീർവാദം

44. തുടർന്ന് കൈകൾ വിരിച്ചുപിടിച്ച് പുരോഹിതൻ താഴെ കൊടുത്തിരിക്കുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ജ്ഞാനസ്നാനജലമാശീർവദിക്കുന്നു.

ദൈവമേ, അദൃശ്യശക്തിയാൽ കൂദാശകളുടെ അടയാളങ്ങളിലൂടെ വിസ്മയനീയമായ ഫലം ഉളവാക്കുകയും ജ്ഞാനസ്നാനത്തിന്റെ കൃപ വെളിപ്പെടുത്തി അങ്ങേ സൃഷ്ടിയായി ജലത്തെ ബഹുവിധത്തിൽ സജ്ജീകരിക്കുകയും ചെയ്തുവല്ലോ.

ദൈവമേ, ലോകാരംഭംമുതലേ അങ്ങേ ആത്മാവ് ജലത്തിനുമീതേ വ്യാപിച്ചിരുന്നു. അങ്ങനെ, വിശുദ്ധീകരണശക്തി ജലത്തിന്റെ സ്വഭാവത്തിൽത്തന്നെ നിക്ഷിപ്തമാക്കിയല്ലോ.

ദൈവമേ, ജലപ്രളയത്താൽ അങ്ങ് നവജന്മത്തിന്റെ ആദിരൂപം കാട്ടിത്തന്നു. അങ്ങനെ, ജലത്തിന്റെതന്നെ രഹസ്യംവഴി പാപത്തിനന്തവും പുണ്യത്തിന്റെ ആരംഭവും കുറിച്ചു.

ദൈവമേ, അബ്രാഹത്തിന്റെ സന്തതികളെ ചെങ്കടലിലൂടെ കാലുനനയാതെ മറുകര കടക്കാൻ അങ്ങ് ഇടയാക്കി. അങ്ങനെ, ഫറവോയുടെ അടിമത്തത്തിൽനിന്നു വിമുക്തരായ ജനത്തെ ജ്ഞാനസ്നാനം സ്വീകരിച്ച ജനത്തിന്റെ പ്രതിരൂപമാക്കി.

ദൈവമേ, അങ്ങേ പുത്രൻ യോർദാൻ നദിയിൽവച്ചു യോഹന്നാനിൽ നിന്നു സ്നാനമേറ്റ്, പരിശുദ്ധാത്മാവാൽ അഭിഷിക്തനായി; അവിടന്ന് കുരിശിൽ തൂങ്ങിക്കിടക്കവേ അവിടത്തേ പാർശ്വത്തിൽ നിന്നു രക്തത്തോടൊപ്പം ജലവും ഒഴുകാൻ അങ്ങു തിരുവുള്ളമായി; അവിടത്തെ ഉത്ഥാനത്തിനുശേഷം അവിടന്ന് ശിഷ്യന്മാരോടു കല്പിച്ചു: "നിങ്ങൾ പോയി സർവജനങ്ങളെയും പഠിപ്പിച്ച്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ". അങ്ങേ സഭയുടെ മുഖം കടാക്ഷിക്കുകയും അവർക്കു ജ്ഞാനസ്നാനനീരുറവ ദയാപൂർവം തുറന്നുകൊടുക്കുകയും ചെയ്യണമേ.

അങ്ങേ ഏകജാതന്റെ കൃപ പരിശുദ്ധാത്മാവുവഴി ഈ ജലം സ്വീകരിക്കട്ടെ. അങ്ങനെ, അങ്ങേ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെടുകയും ജ്ഞാനസ്നാനകൂദാശവഴി പഴയ സകലമാലിന്യങ്ങളിലുംനിന്ന് കഴുകപ്പെടുകയുംചെയ്ത മനുഷ്യൻ, ജലത്താലും പരിശുദ്ധാത്മാലും ഒരു നവശിശുവായി രൂപാന്തരംപ്രാപിക്കാൻ അർഹനാകട്ടെ.

പുരോഹിതൻ പെസഹാത്തിരി സന്ദർഭോചിതം ഒരിക്കൽ അഥവാ മൂന്നു തവണ വെള്ളത്തിൽ അല്പം താഴ്ത്തിക്കൊണ്ടു ചൊല്ലുന്നു:

കർത്താവേ, അങ്ങേ പുത്രൻവഴി പരിശുദ്ധാത്മാവിന്റെ ശക്തി ഈ നീർത്തൊട്ടിയുടെ നിറവിലേക്ക് ഇറങ്ങുമാറാകട്ടെ.

പെസഹാത്തിരി വെള്ളത്തിൽത്തന്നെ പിടിച്ചുകൊണ്ടു പുരോഹിതൻ തുടരുന്നു:

അങ്ങനെ, ക്രിസ്തുവുമൊന്നിച്ച് ജ്ഞാനസ്നാനത്തിലൂടെ മരിച്ച് അടക്കംചെയ്യപ്പെട്ടവരെല്ലാം അവിടത്തോടൊന്നിച്ച് ജീവനിലേക്ക് ഉത്ഥാനം ചെയ്യുമാറാകട്ടെ. എന്നെന്നും...

R. ആമേൻ.

45. അനന്തരം, വെള്ളത്തിൽനിന്ന് തിരിയെടുത്തു മാറ്റുന്നു. തത്സമയം ജനങ്ങൾ പ്രഘോഷിക്കുന്നു:

നീരുറവകളേ, കർത്താവിനെ വാഴ്ത്തുവിൻ! എന്നുമെന്നും അവിടത്തെ വാഴ്ത്തി സ്തുതിക്കുവിൻ.

48. ജ്ഞാനസ്നാനജലാശീർവാദത്തിനും ജനങ്ങളുടെ പ്രഘോഷണത്തിനും ശേഷം പുരോഹിതൻ നിന്നുകൊണ്ട് മുതിർന്നവരോടും കുട്ടികളുടെ മാതാപിതാക്കന്മാരോടോ ജ്ഞാനപിതാക്കന്മാരോടോ അവരുടെ ഉപേക്ഷ പ്രകടിപ്പിക്കുന്നതിന്, ജ്ഞാനസ്നാനാശീർവാദകർമം എന്ന റോമൻ തിരുകർമ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ അവരോട് ചോദിക്കുന്നു.

മുതിർന്നവർക്ക് പ്രാരംഭകൂദാശാർഥികളുടെ തൈലം നേരത്തേ പൂശിയിട്ടില്ലെങ്കിൽ പ്രാരംഭകർമമെന്ന നിലയിൽ ആ തൈലാഭിഷേകം ഇപ്പോൾ നടത്താവുന്നതാണ്.

49. തുടർന്ന് പുരോഹിതൻ മുതിർന്നവരെ ഓരോരുത്തരെയായി വിശ്വാസത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടികൾ ജ്ഞാനസ്നാനം സ്വീകരിക്കാനുണ്ടെങ്കിൽ അവരുടെ മാതാപിതാക്കന്മാരോട് തിരുകർമഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നതനുസരിച്ച് ജ്ഞാനപിതാക്കന്മാരോടൊപ്പം ത്രിവിധ വിശ്വാസപ്രഖ്യാപനം നടത്താൻ ആവശ്യപ്പെടുന്നു.

ഈ രാത്രിയിൽ അനേകംപേർ ജ്ഞാനസ്നാനം സ്വീകരിക്കാനുണ്ടെങ്കിൽ മാതാപിതാക്കന്മാരുടെയും ജ്ഞാനപിതാക്കന്മാരുടെയും ജ്ഞാനസ്നാനാർഥികളുടെയും പ്രത്യുത്തരം കഴിഞ്ഞ ഉടൻതന്നെ, അവിടെ സന്നിഹിതരായിരിക്കുന്നവരുടെയെല്ലാം ജ്ഞാനസ്നാനവ്രതനവീകരണം നടത്താനുള്ള സജ്ജീകരണങ്ങൾ ചെയ്യാവുന്നതാണ്.

50. പരിശോധന തീരുമ്പോൾ പുരോഹിതൻ, തിരഞ്ഞെടുക്കപ്പെട്ട മുതിർന്നവരെയും കുട്ടികളെയും ജ്ഞാനസ്നാനപ്പെടുത്തുന്നു.

51. ജ്ഞാനസ്നാനത്തിനുശേഷം ശിശുക്കളെ പുരോഹിതൻ പ്രതിഷ്ഠാപന തൈലംകൊണ്ട് അഭിഷേചിക്കുന്നു. കുട്ടികളെന്നോ മുതിർന്നവരെന്നോ നോക്കാതെ അവർക്ക് ഓരോരുത്തർക്കും പുരോഹിതൻ വെള്ളവസ്ത്രം നല്കുന്നു. തുടർന്ന് പുരോഹിതൻ, ഡീക്കന്റെയോ ശുശ്രൂഷകന്റെയോ കൈയിൽനിന്ന് പെസഹാത്തിരിവാങ്ങി. നവമായി സ്നാനപ്പെട്ടവരുടെ തിരികൾ തെളിക്കുന്നു. ശിശുക്കൾക്ക് എഫൈത്താ കർമം വിട്ടുകളയുന്നു

52. ജ്ഞാനസ്നാനവും അതിന്റെ മറ്റു വിശദീകരണകർമങ്ങളും ബലിവേദിയിലല്ല നടന്നതെങ്കിൽ, ഈ തിരുകർമത്തിനുശേഷം മുമ്പിലത്തെപ്പോലെ പ്രദക്ഷിണമായി വിശുദ്ധ വേദിയിലേക്കു മടങ്ങുന്നു. ഏറ്റവും മുന്നിൽ പുതിയതായി ജ്ഞാനസ്നാനം സ്വീകരിച്ചവർ, കത്തിച്ച തിരികളുമായി അവരുടെ മാതാപിതാക്കന്മാരുടെ കൂടെയോ അല്ലെങ്കിൽ ജ്ഞാനപിതാക്കന്മാരുടെകൂടെയോ വിശുദ്ധവേദിയിലേക്ക് പോകുന്നു. പ്രദക്ഷിണസമയത്ത്, കണ്ടു ഞാൻ മോദമാർന്നു എന്ന ജ്ഞാനസ്നാനഗാനമോ യോജിച്ച മറ്റൊരു ഗാനമോ ആലപിക്കുന്നു (നമ്പർ 56).

53. പ്രായപൂർത്തിയായവർ ജ്ഞാനസ്നാനം സ്വീകരിച്ചെങ്കിൽ മെത്രാൻ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ ജ്ഞാനസ്നാനം നല്കിയ പുരോഹിതൻതന്നെ, റോമൻ പൊന്തിഫിക്കൽ എന്ന ഗ്രന്ഥത്തിലോ റോമൻ തിരുകർമഗ്രന്ഥത്തിലോ പറഞ്ഞിരിക്കുന്നപോലെ അവർക്ക് വിശുദ്ധവേദിയിൽവച്ച് സ്ഥൈര്യലേപനവും ഉടൻതന്നെ നല്കേണ്ടതാണ്.

## ജലാശീർവാദം

54. ജ്ഞാനസ്നാനാർഥികളില്ലെങ്കിലും നീർത്തൊട്ടിയുടെ ആശീർവാദം ഇല്ലെങ്കിലും പുരോഹിതൻ വിശ്വാസികളെ ജലാശീർവാദകർമത്തിലേക്ക് ആനയിച്ചുകൊണ്ടു പറയുന്നു:

വത്സലസഹോദരരേ, നാമൊരിക്കൽ സ്വീകരിച്ച ജ്ഞാനസ്നാനത്തെ അനുസ്മരിപ്പിക്കാനായി, നമ്മുടെമേൽ തളിക്കാൻ പോകുന്ന അങ്ങേ സൃഷ്ടിയായ ജലത്തെ ആശീർവദിക്കുന്നതിന് നമ്മുടെ കർത്താവായ ദൈവത്തോട് നമുക്ക് താഴ്മയോടെ പ്രാർഥിക്കാം: അവിടന്ന് കാരുണ്യപൂർവം നമ്മെ നവീകരിക്കുമാറാകട്ടെ. അങ്ങനെ, നാം സ്വീകരിച്ച പരിശുദ്ധാത്മാവിനോടു വിശ്വസ്തരായി നാം നിലനില്ക്കട്ടെ.

അല്പനേരം മൗനമായി പ്രാർഥിച്ചശേഷം പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ടു ചൊല്ലുന്നു:

ഞങ്ങളുടെ കർത്താവായ ദൈവമേ, പരിപാവനമായ രാത്രിയിൽ ജാഗരമനുഷ്ഠിക്കുന്ന അങ്ങേ ജനത്തോടുകൂടെയായിരിക്കണമേ. വിസ്മയനീയമായ സൃഷ്ടികർമവും അതിലേറെ വിസ്മയനീയമായ ഞങ്ങളുടെ പരിത്രാണവും അനുസ്മരിക്കുന്ന ഞങ്ങൾക്കുവേണ്ടി ഈ ജലം ആശീർവദിക്കാൻ തിരുവുള്ളമാകണമേ. എന്തെന്നാൽ, ഭൂമിയെ ഫലഭൂയിഷ്ഠമാക്കാനും ഞങ്ങളുടെ ശരീരത്തിന് സൗഖ്യവും ശുദ്ധിയും നല്കാനും അങ്ങ് ജലം സൃഷ്ടിച്ചുവല്ലോ. അങ്ങേ കാരുണ്യത്തിന്റെ ഉപകരണമായി അങ്ങ് ജലം സ്ഥാപിച്ചു. എന്തെന്നാൽ, അങ്ങേ ജനത്തെ അടിമത്തത്തിൽനിന്ന് മോചിതരാക്കുകയും മരുഭൂമിയിൽ അവരുടെ ദാഹം ശമിപ്പിക്കുകയും ചെയ്തു. അതുവഴി, മാനവവംശവുമായി അങ്ങ് ചെയ്യാനിരുന്ന പുതിയ ഉടമ്പടി പ്രവാചകന്മാർ വിളംബരം ചെയ്തു. അവസാനം, യോർദാനിൽ ക്രിസ്തു പവിത്രീകരിച്ച ഉടമ്പടി ഞങ്ങളുടെ മലിനപ്രകൃതിയെ നവജന്മത്തിന്റെ സ്നാനത്തിൽ അങ്ങ് ശുദ്ധീകരിച്ചു. ആകയാൽ, ഈ ജലം ഞങ്ങൾ സ്വീകരിച്ച ജ്ഞാനസ്നാനത്തിന്റെ സ്മാരകമായി ഭവിക്കാനും പെസഹായിൽ ജ്ഞാനസ്നാനം സ്വീകരിച്ച ഞങ്ങളുടെ സഹോദരരോടൊത്ത് സന്തോഷം പങ്കുവയ്ക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. കർത്താവായ...

R. ആമേൻ.

## ജ്ഞാനസ്നാനവ്രതനവീകരണം

55. ജ്ഞാനസ്നാനകർമം (സ്ഥൈര്യലേപനമുണ്ടെങ്കിൽ അതും) തീർന്ന ശേഷം, ജ്ഞാനസ്നാനകർമമില്ലെങ്കിൽ ജലമാശീർവദിച്ചുകഴിഞ്ഞശേഷം, എല്ലാവരും കത്തിച്ച തിരി പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് ജ്ഞാനസ്നാന വ്രതം ജ്ഞാനസ്നാനാർഥികളോടൊത്ത്, നേരത്തേ ചെയ്തിട്ടില്ലെങ്കിൽ, നവീ കരിക്കുന്നു (cf. നമ്പർ 48)

പുരോഹിതൻ താഴെപ്പറയുന്ന വാക്കുകളിലോ തത്തുല്യമായ മറ്റു വാക്കുക ളിലോ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നു:

വത്സലസഹോദരരേ, ക്രിസ്തുവിനോടൊന്നിച്ച് പുതുജീവിതത്തിൽ ചരിക്കുന്നതിന് പെസഹാരഹസ്യംവഴി ജ്ഞാനസ്നാനത്തിൽ അവിടത്തോടൊന്നിച്ച് നാം അടക്കപ്പെട്ടു. തപസ്സാചരണം സമാപിച്ചതിനാൽ പവിത്രമായ ജ്ഞാനസ്നാനത്തിന്റെ വ്രതങ്ങൾ നമുക്ക് നവീകരിക്കാം. ജ്ഞാനസ്നാനംവഴിയാണല്ലോ ഒരിക്കൽ നാം പിശാചിനെയും അവന്റെ പ്രവർത്തനങ്ങളെയും പാടേ ഉപേക്ഷിച്ചതും കത്തോലിക്കാതിരുസഭയിൽ ദൈവത്തിന് ശുശ്രൂഷ ചെയ്യാൻ വാഗ്ദാനം ചെയ്തതും. ആകയാൽ,

പുരോ : നിങ്ങൾ പിശാചിനെ ഉപേക്ഷിക്കുന്നുവോ?

എല്ലാവരും : ഞാൻ ഉപേക്ഷിക്കുന്നു.

പുരോ : അവന്റെ സകല കർമങ്ങളും ഉപേക്ഷിക്കുന്നുവോ?

എല്ലാവരും : ഞാൻ ഉപേക്ഷിക്കുന്നു.

പുരോ : അവന്റെ എല്ലാ ആർഭാടങ്ങളും ഉപേക്ഷിക്കുന്നുവോ?

എല്ലാവരും : ഞാൻ ഉപേക്ഷിക്കുന്നു.

**അഥവാ**

പുരോ : ദൈവമക്കളുടെ സ്വാതന്ത്ര്യമനുസരിച്ചു ജീവിക്കാൻ പാപം ഉപേക്ഷിക്കുന്നുവോ?

എല്ലാവരും : ഞാൻ ഉപേക്ഷിക്കുന്നു.

പുരോ : പാപത്തിന് അടിമപ്പെടാതിരിക്കാൻ പാപഹേതുക്കൾ ഉപേക്ഷിക്കുന്നുവോ?

എല്ലാവരും : ഞാൻ ഉപേക്ഷിക്കുന്നു.

പുരോ : പാപത്തിന്റെ കാരണഭൂതനും കുലപതിയുമായ പിശാചിനെ ഉപേക്ഷിക്കുന്നുവോ?

എല്ലാവരും : ഞാൻ ഉപേക്ഷിക്കുന്നു.

സാഹചര്യത്തിനൊത്തവിധം പ്രാദേശികആവശ്യങ്ങളനുസരിച്ച് മെത്രാൻസമിതിക്ക് രണ്ടാമത്തെ രീതി അനുരൂപപ്പെടുത്താവുന്നതാണ്.

അനന്തരം പുരോഹിതൻ തുടരുന്നു:

പുരോ : ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും സർവശക്തിയുള്ള പിതാവുമായ ദൈവത്തിൽ നിങ്ങൾ വിശ്വസിക്കുന്നുവോ?

എല്ലാവരും : ഞാൻ വിശ്വസിക്കുന്നു.

പുരോ : അവിടത്തെ ഏകപുത്രനും പരിശുദ്ധമറിയത്തിൽ നിന്നു ജനിച്ച് പീഡകൾ അനുഭവിച്ച്, മരിച്ച് അടക്കപ്പെട്ട്, ഉയിർത്തെഴുന്നേറ്റവനും പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നവനുമായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിങ്ങൾ വിശ്വസിക്കുന്നുവോ?

എല്ലാവരും : ഞാൻ വിശ്വസിക്കുന്നു.

പുരോ : പരിശുദ്ധാത്മാവിലും വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപമോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും, നിത്യജീവിതത്തിലും നിങ്ങൾ വിശ്വസിക്കുന്നുവോ?

എല്ലാവരും : ഞാൻ വിശ്വസിക്കുന്നു.

പുരോഹിതൻ ഉപസംഹരിച്ചുകൊണ്ടു പറയുന്നു:

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവും, ജലത്താലും പരിശുദ്ധാത്മാവാലും നമുക്കു പുതുജന്മമരുളിയവനും നമുക്ക് പാപമോചനം നല്കിയവനും സർവശക്തനുമായ ദൈവം, തന്റെ കൃപാവരത്താൽ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നമ്മെ കാത്തുപാലിച്ച്, നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെ.

എല്ലാവരും : ആമേൻ

56. പുരോഹിതൻ ജനങ്ങളുടെമേൽ തീർഥം തളിക്കുന്നു; തത്സമയം എല്ലാവരും "ദേവാലയത്തിന്റെ വലതുഭാഗത്തുനിന്ന്" എന്ന ഗാനം ആലപിക്കുന്നു.

പ്രഭണിതം

ദേവാലയത്തിന്റെ വലത്തുഭാഗത്തുനിന്നു നിർഗ്ഗമിക്കുന്ന ജലപ്രവാഹം ഞാൻ കണ്ടു. അല്ലേലൂയാ! ഈ ജലധാര ആരെയെല്ലാം സ്പർശിച്ചുവോ അവരെല്ലാം രക്ഷ പ്രാപിച്ചു; എന്നിട്ട് അവർ ഉദ്ഘോഷിച്ചു: അല്ലേലൂയാ! അല്ലേലൂയാ!

**ഗാനരൂപം**

കണ്ടു ഞാൻ മോദമാർന്നു
കണ്ടു ഞാൻ നീർപ്രവാഹം
ദേവാലയത്തിന്റെ വാമഭാഗത്തുനി -
ന്നുദ്ഗമിക്കും ജലധാര.

ഈ ജലധാരയിൽ നിന്നായ്
നീരണിയുന്നവരെല്ലാം
നിർമലഗാത്രരായ്-
കല്മഷഹീനരായ് ഇമ്മഹിതന്നിൽ വിളങ്ങും

വാഴ്ത്തുവിൻ രക്ഷകനാമം
പാടുവിനല്ലേലൂയാ
കീർത്തനം പാടി രക്ഷകനീശനെ
വാഴ്ത്തുവിനല്ലേലൂയാ

തിരഞ്ഞെടുക്കപ്പെട്ടവരേ
രാജപുരോഹിതഗണമേ
വിശുദ്ധജനമേ പാടുവിനൊന്നായ്
ജഗദീശന്നപദാനം

ജ്ഞാനസ്നാനത്തിന്റെ ആശയം പ്രകാശിപ്പിക്കുന്ന മറ്റൊരു ഗാനം ആലപിക്കാവുന്നതാണ്.

57. തത്സമയം പുതിയതായി ജ്ഞാനസ്നാനം സ്വീകരിച്ചവരെ വിശ്വാസികളുടെ മധ്യത്തിലേക്ക് തിരിച്ചു കൊണ്ടുപോകുന്നു.

ജ്ഞാനസ്നാനജലാശീർവാദം ജ്ഞാനസ്നാനവേദിയിൽവച്ചല്ല നടക്കുന്നതെങ്കിൽ, ഡീക്കനും ശുശ്രൂഷകനും ആശീർവദിക്കപ്പെട്ടജലം ഭക്തിപൂർവം ജ്ഞാനസ്നാനത്തൊട്ടിയിലേക്കു കൊണ്ടുപോകുന്നു.

നീർത്തൊട്ടി ആശീർവദിക്കുന്നില്ലെങ്കിൽ ആശീർവദിച്ച തീർഥജലം സൗകര്യമുള്ള സ്ഥലത്തു സുരക്ഷിതമായി വയ്ക്കുന്നു.

58. തീർഥംതളിച്ചശേഷം, പുരോഹിതൻ ഇരിപ്പിടത്തിങ്കൽ തിരിച്ചുവരുന്നു; വിശ്വാസപ്രമാണം ചൊല്ലാതെ വിശ്വാസികളുടെ പ്രാർഥന ആരംഭിക്കുന്നു. പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ചവർ ആദ്യമായി ഈ പ്രാർഥനയിൽ പങ്കുചേരുന്നു.

## നാലാംഭാഗം

## സ്തോത്രയാഗകർമം

59. പുരോഹിതൻ അൾത്താരയെ സമീപിക്കുകയും പതിവുപോലെ സ്തോത്രയാഗകർമം ആരംഭിക്കുകയും ചെയ്യുന്നു.

60. കാഴ്ചവയ്പിന് അപ്പവും വീഞ്ഞും കൊണ്ടുവരുന്നത് പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ചവരോ കുട്ടികളാണെങ്കിൽ അവരുടെ മാതാപിതാക്കന്മാരോ ജ്ഞാനപിതാക്കന്മാരോ ആയാൽ നന്ന്.

### 61. **നൈവേദ്യപ്രാർഥന**

കർത്താവേ, ബലിവസ്തുക്കളോടൊപ്പം അങ്ങേ ജനത്തിന്റെ പ്രാർഥനകൾ സ്വീകരിക്കണമേ. അങ്ങനെ, പെസഹാരഹസ്യംവഴി അങ്ങ് സമാരംഭിച്ചത് അങ്ങേ ശക്തിയാൽ ഞങ്ങൾക്ക് നിത്യൗഷധമായിത്തീരുമാറാകണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

62. പെസഹാക്കാലത്തെ 1-ാം ആമുഖഗീതി (പ്രത്യേകിച്ച് ഈ രാത്രിയിൽ) പേജ്...

63. ദിവ്യപൂജാഗ്രന്ഥത്തിലും റോമൻ തിരുകർമഗ്രന്ഥത്തിലും ഓരോ സ്തോത്രയാഗപ്രാർഥനയ്ക്കും നല്കിയിരിക്കുന്ന പ്രാർഥനാരൂപങ്ങളനുസരിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചവരെക്കുറിച്ചും അവരുടെ ജ്ഞാനപിതാക്കന്മാരെക്കുറിച്ചുള്ള അനുസ്മരണം സ്തോത്രയാഗപ്രാർഥനയിൽ നടത്തുന്നു.

64. ഇതാ, ദൈവത്തിന്റെ കുഞ്ഞാട് എന്ന പ്രാർഥനയ്ക്കുമുമ്പ്, പുതിയതായി ജ്ഞാനസ്നാനം സ്വീകരിച്ചവരെ അവർ ആദ്യമായി സ്വീകരിക്കാൻ പോകുന്ന പ്രഥമ ദിവ്യകാരുണ്യത്തെപ്പറ്റിയും പ്രാരംഭകൂദാശകളുടെ പാരമ്യവും മുഴുവൻ ക്രൈസ്തവജീവിതത്തിന്റെയും കേന്ദ്രവുമായ ഈ വലിയ രഹസ്യത്തിന്റെ ഔന്നത്യത്തെപ്പറ്റിയും ഹ്രസ്വമായി പുരോഹിതൻ ഉദ്ബോധിപ്പിക്കുന്നു.

65. പുതിയതായി ജ്ഞാനസ്നാനം സ്വീകരിച്ചവർ അവരുടെ ജ്ഞാനപിതാക്കന്മാരോടൊപ്പം ദിവ്യകാരുണ്യം ഇരുസാദൃശ്യങ്ങളിൽ സ്വീകരിക്കുന്നതാണ് അഭിലഷണീയം. അവരോടൊപ്പം എല്ലാ കത്തോലിക്കാമാതാപിതാക്കന്മാരും ദമ്പതിമാരും അല്മായഉപദേശിമാരും അങ്ങനെ ചെയ്യുന്നതു നല്ലതാണ്. സാഹചര്യം അനുവദിക്കുന്നെങ്കിൽ രൂപതാധ്യക്ഷന്റെ അനുമതിയോടെ ദിവ്യകാരുണ്യം ഇരു സാദൃശ്യങ്ങളിലും സ്വീകരിക്കാൻ എല്ലാ വിശ്വാസികളെയും അനുവദിക്കുന്നത് കൂടുതൽ ഉചിതമായിരിക്കും.

66. **ദിവ്യഭോജനപ്രഭണിതം** **1 കോറി 5:7-8**

നമ്മുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു; അതിനാൽ, ആത്മാർഥതയുടെയും സത്യത്തിന്റെയും പുളിമാവുകൊണ്ട് നമുക്ക് തിരുനാൾ ആഘോഷിക്കാം; അല്ലേലൂയ!

117-ാം സങ്കീർത്തനം ഉചിതമായി പാടാവുന്നതാണ്.

67. **ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ സ്നേഹത്തിന്റെ ചൈതന്യം ഞങ്ങളിൽ ചൊരിയണമേ; അങ്ങനെ, പെസഹാരഹസ്യങ്ങളാൽ പരിപോഷിതരായവരെ അങ്ങേ കാരുണ്യത്താൽ ഏകമാനസരാക്കണമേ. കർത്താവായ...

68. **ആഘോഷപൂർവകമായ ആശീർവാദം**

സർവശക്തനായ ദൈവം ഈ പെസഹാമഹോത്സവദിനത്തിൽ അവിടത്തെ കാരുണ്യത്താൽ നിങ്ങളെ അനുഗ്രഹിക്കുകയും പാപത്തിന്റെ എല്ലാവിധ ഉപദ്രവങ്ങളിലുംനിന്ന് കാത്തുരക്ഷിക്കുകയും ചെയ്യുമാറാകട്ടെ.

R. ആമേൻ.

തന്റെ ഏകസുതന്റെ ഉത്ഥാനത്താൽ നിത്യജീവിതത്തിലേക്ക് നിങ്ങളെ പുനരുദ്ധരിക്കുന്ന ദൈവം അമർത്യതയുടെ സമ്മാനങ്ങളാൽ നിങ്ങളെ നിറയ്ക്കുമാറാകട്ടെ.

R. ആമേൻ.

കർത്താവിന്റെ പീഡാസഹനദിനങ്ങൾ കഴിഞ്ഞ് പെസഹാമഹോത്സവത്തിന്റെ സന്തോഷം ആഘോഷിക്കുന്ന നിങ്ങൾ അവിടത്തെ സഹായത്താൽ നിത്യാനന്ദത്തിൽ ആഘോഷിക്കപ്പെടുന്ന മഹോത്സവങ്ങളിലേക്ക് ആഹ്ലാദഭരിതരായി എത്തിച്ചേരുമാറാകട്ടെ.

R. ആമേൻ.

സർവശക്തനായ ദൈവം, പിതാവും പുത്രനും ✠ പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

സമാപന ആശീർവാദം കുട്ടികളുടെയോ മുതിർന്നവരുടെയോ ജ്ഞാനസ്നാനകർമപുസ്തകത്തിൽ നിന്നുള്ളത് സാഹചര്യങ്ങളനുസരിച്ച് ഉപയോഗിക്കാവുന്നതാണ്.

69. ജനത്തെ പിരിച്ചുവിടാൻ, ഡീക്കനോ അദ്ദേഹത്തിന്റെ അഭാവത്തിൽ പുരോഹിതൻ തന്നെയോ പാടുകയോ ചൊല്ലുകയോ ചെയ്യുന്നു:

പോകുവിൻ, ദിവ്യപൂജ സമാപിച്ചു: അല്ലേലൂയ! അല്ലേലൂയ!

എല്ലാവരും പ്രത്യുത്തരിക്കുന്നു :

ദൈവത്തിനു നന്ദി: അല്ലേലൂയ! അല്ലേലൂയ!

ഈ രീതി ഈസ്റ്ററിന്റെ അഷ്ടദിനങ്ങളിലും തുടരുന്നു.

70. പെസഹാത്തിരി ഈ കാലഘട്ടത്തിലെ എല്ലാ സാഘോഷകർമങ്ങളിലും കത്തിക്കുന്നു.

## ദിനപൂജ

71. **പ്രവേശകപ്രഭണിതം** **Cf. സങ്കീ 138:18,5-6**

ഞാൻ ഉയിർത്തെഴുന്നേറ്റു; ഞാൻ ഇപ്പോഴും നിന്റെ കൂടെയുണ്ട്! അല്ലേലൂയ. അങ്ങേ കരം എന്റെമേലുണ്ട് അങ്ങയുടെ ജ്ഞാനം എത്രയോ വിസ്മയാവഹം! അല്ലേലൂയ! അല്ലേലൂയ!

**അഥവാ** **ലൂക്കാ 24:34, വെളി 1:6**

കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു; അല്ലേലൂയ! അവിടത്തേക്ക് മഹിമയും ആധിപത്യവും എന്നുമെന്നേക്കും; അല്ലേലൂയ! അല്ലേലൂയ!

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

72. **സമിതിപ്രാർഥന**

ദൈവമേ, ഈ ദിനം അങ്ങയുടെ ഏകപുത്രൻവഴി മരണത്തെ കീഴ്പ്പെടുത്തി ഞങ്ങൾക്ക് നിത്യതയുടെ പാത തുറന്നുതന്നുവല്ലോ. ഉയിർപ്പുഞായറിന്റെ മഹോത്സവം കൊണ്ടാടുന്ന ഞങ്ങൾ അങ്ങേ ആത്മാവിന്റെ നവീകരണംവഴി ജീവിതത്തിന്റെ പ്രകാശത്തിലേക്ക് ഞങ്ങൾ ഉയിർത്തെഴുന്നേല്ക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

73. **നൈവേദ്യപ്രാർഥന**

കർത്താവേ, പെസഹായുടെ ആഹ്ലാദത്തിലാറാടിക്കൊണ്ട് ഞങ്ങൾ ബലിയർപ്പിക്കുന്നു; ഈ ബലിവഴിയാണല്ലോ അങ്ങേ സഭ അദ്ഭുതവഹമായി പുനർജന്മം പ്രാപിക്കുന്നതും പരിപോഷിപ്പിക്കപ്പെടുന്നതും. കർത്താവായ...

74. ആമുഖഗീതി: പെസഹാരഹസ്യം.

പെസഹാക്കാലത്ത് താഴെകൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

പെസഹാജാഗരത്തിന്റെ ദിവ്യപൂജയിൽ വിശിഷ്യ, ഈ രാത്രിയിൽ എന്നും പെസഹാ അഷ്ടദിനത്തിൽ വിശിഷ്യ, ഈ ദിനത്തിൽ എന്നും അഷ്ടദിനങ്ങൾക്കുശേഷം വിശിഷ്യ, ഈ കാലയളവിൽ എന്നും ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, എല്ലാകാലത്തും വിശിഷ്യ, ഞങ്ങളുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ട ഈ രാത്രിയിൽ (ഈ ദിനത്തിൽ, ഈ കാലയളവിൽ) അങ്ങയെ മഹാമഹിമയോടെ ഏറ്റു പറയുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, അവിടന്നാണ് ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന യഥാർഥകുഞ്ഞാട്. അവിടന്നു മരിച്ചുകൊണ്ട് ഞങ്ങളുടെ മരണം സംഹരിക്കുകയും ഉത്ഥാനംചെയ്തുകൊണ്ട് ജീവൻ പുനരുദ്ധരിക്കുകയും ചെയ്തു.

**ആ**കയാൽ, പെസഹാസന്തോഷത്താൽ നിറഞ്ഞ് ഭൂതലത്തിലെ സകലജനങ്ങളും ആഹ്ലാദിക്കുന്നു. മാത്രമല്ല, ഉന്നതശാക്തികന്മാരും മാലാഖവൃന്ദങ്ങളും അവിരാമം സ്തുതിച്ചുകൊണ്ട് അങ്ങയുടെ മഹത്ത്വത്തിന്റെ ഗീതം ഒന്നുചേർന്ന് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

റോമൻകാനൻ ഉപയോഗിക്കുമ്പോൾ പ്രത്യേക സമ്പർക്കപ്രാർഥനയും ഉപാർപ്പണപ്രാർഥനയും ചൊല്ലുന്നു. pp.

### 75. ദിവ്യഭോജനപ്രഭണിതം 1 കോറി 5:7-8

നമ്മുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു; അതിനാൽ, ആത്മാർഥതയുടെയും സത്യത്തിന്റെയും പുളിമാവുകൊണ്ട് നമുക്ക് തിരുനാൾ ആഘോഷിക്കാം; അല്ലേലൂയ!

### 76. ദിവ്യഭോജനപ്രാർഥന

ദൈവമേ, അങ്ങയുടെ സഭയെ നിരന്തരമായ സ്നേഹത്താലും വാത്സല്യത്താലും കാത്തുപാലിക്കണമേ. അങ്ങനെ, പെസഹാരഹസ്യങ്ങൾവഴി നവീകൃതരായി ഉയിർപ്പിന്റെ മഹിമ പ്രാപിക്കട്ടെ. കർത്താവായ...

77. ദിവ്യബലിയുടെ അവസാനത്തിൽ ആശീർവാദം കൊടുക്കുന്നതിന് സന്ദർഭോചിതമായി പെസഹാജാഗരാനുഷ്ഠാനത്തിന്റെ അവസാനം കൊടുത്തിരിക്കുന്ന ആഘോഷപൂർവകമായ ആശീർവാദം ഉപയോഗിക്കാവുന്നതാണ്. പേജ്.......

78. ജനങ്ങളെ പിരിച്ചുവിടാൻ താഴെ കൊടുത്തിരിക്കുന്നത് (നമ്പർ 69 - ലേതുപോലെ) പാടുകയോ ചൊല്ലുകയോ ചെയ്യുന്നു.

ദിവ്യപൂജ സമാപിച്ചു: അല്ലേലൂയ! അല്ലേലൂയ!

R : ദൈവത്തിനു നന്ദി: അല്ലേലൂയ! അല്ലേലൂയ!